| | | താണ് സമിതി. ഐ.സി.ഡി.എസ്. സൂപ്പർവൈസ<br>റാണ് സമിതിയുടെ മെമ്പർ സെക്രട്ടറി.<br><br>താഴെത്തട്ടിലുള്ള ജനങ്ങളിൽ ബാലസംരക്ഷണ<br>അവബോധം സൃഷ്ടിക്കുക, ബാലാവകാശ ലംഘനം<br>നടക്കുന്ന വേളകളിൽ മുൻകൈയ്യെടുത്തു<br>പ്രവർത്തിക്കുക, ശ്രദ്ധയും സംരക്ഷണവും ആവ<br>ശ്യമുള്ള കുടുംബങ്ങളെയോ കുട്ടികളെയോ<br>സംയോജിത ശിശു വികസന പദ്ധതിയിൽ നിന്നോ<br>മറ്റു സംസ്ഥാന സർക്കാർ തലത്തിലുള്ള പദ്ധതി<br>കൾക്കോ സഹായം ലഭിക്കുന്നതിനായി ശുപാർശ<br>ചെയ്യുക, സംയോജിത ശിശു വികസന പദ്ധതി<br>താഴെത്തട്ടിലുള്ള എല്ലാവിധ സ്ഥാപനങ്ങളുമായും<br>ബാലസംരക്ഷണ സംവിധാനങ്ങളുമായും സഹക<br>രിച്ചു പ്രവർത്തിക്കുക.<br><br>**VCPC യുടെയും BCPC യുടെയും<br>പ്രവർത്തനം**<br><br>ബ്ലോക്കുതല, ഗ്രാമതല ബാലസംരക്ഷണ സമിതി<br>യുടെ യോഗ നടപടികൾ യഥാക്രമം ബ്ലോക്ക്<br>പഞ്ചായത്ത് ഓഫീസ്, ഗ്രാമപഞ്ചായത്ത് ഓഫീസ്<br>എന്നിവയിൽ നടത്തേണ്ടതാണ്.  ഈ സമിതികൾ<br>മൂന്നു മാസത്തിലൊരിക്കൽ<br>കൂടേണ്ടതും ക്വാറം തികയാൻ 50 ശതമാനം അംഗ<br>ങ്ങളെങ്കിലും ഹാജരാകേണ്ടതുമാണ്. പ്രത്യേക<br>ക്ഷണിതാക്കളെ ആവശ്യാനുസരണം യോഗത്തിൽ<br>പങ്കെടുപ്പിക്കാവുന്നതാണ്, ഗ്രാമതല ബാലസംര<br>ക്ഷണ സമിതി യോഗനടപടിക്രമങ്ങൾ രണ്ടാഴ്ച<br>യ്ക്കകം ബ്ലോക്ക് തല ബാലസംരക്ഷണ സമി<br>തിക്കും പകർപ്പ് ഡി.സി.പി.ഒ.യ്ക്കും നൽകേണ്ട<br>താണ്.  ജില്ലാ ബാലസംരക്ഷണ ഓഫീസർ, ഗ്രാമ<br>തല ബ്ലോക്കുതല സമിതികളിൽ നിന്നും ലഭി<br>ക്കുന്ന റിപ്പോർട്ടിന്റെ ഉള്ളടക്കം ജില്ലാ ബാലസംര<br>ക്ഷണ സമിതിയിൽ അവതരിപ്പിക്കുകയും ഉചിത<br>മായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. | | | |

| | | | | | |
|---|---|---|---|---|---|
| 5 | **സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)** | കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാനായി എല്ലാ ജില്ലയിലും ഒരു പ്രത്യേക പോലീസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് ബാലനീതി നിയമം വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം രൂപീകരിച്ച പോലീസ് യൂണിറ്റാണ് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്. കുട്ടികളുമായി ഇടപഴകുവാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് ഈ യൂണിറ്റിൽ നിയമിക്കേണ്ടത്. | | | |
| 6 | **ആശ്വാസനിധി** | ലൈംഗിക കുറ്റകൃത്യങ്ങൾക്കും, ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കും ഇരയായ എല്ലാവർക്കും സാമ്പത്തിക സഹായം നല്കുന്ന വനിതാ ശിശുവികസന വകുപ്പിന്റെ പദ്ധതിയാണ് ആശ്വാസനിധി.<br><br>ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനങ്ങൾ, ആസിഡ് ആക്രമങ്ങൾ, ലിംഗാധിഷ്ഠിത അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായവരെ പുനരധിവസിപ്പിക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.<br><br>**ഗുണഭോക്താക്കൾ :**<br>1. ലൈംഗികാതിക്രമത്തിന് ഇരയായവർ<br>2. ആസിഡ് ആക്രമത്തിന് ഇരയായ സ്ത്രീകളും കുട്ടികളും<br>3. ഗാർഹിക പീഢനത്തിന് വിധേയരായവർ<br>4. ഹീനമായ ലിംഗ വിവേചനത്തിന് ഇരയായവർ<br><br>**വിവിധ പരാതികളിൽ ആശ്വാസധനമായി അനുവധിക്കാവുന്ന തുകയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:** | | **ആവശ്യമുള്ള രേഖകൾ:**<br><br>1. ബന്ധപ്പെട്ട ജില്ലയിലെ വനിതാ സംരക്ഷണ ഓഫീസർ/ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവരുടെ ഒരു ഹ്രസ്വ റിപ്പോർട്ട്<br>2. FIR/DIR<br>3. ബാങ്ക് പാസ് ബുക്ക് കോപ്പി<br>4. ആധാർ കോപ്പി<br>5. ചികിത്സാ വിവരങ്ങൾ<br>6. നിയമ റിപ്പോർട്ട്<br>7. പോലീസ് റിപ്പോർട്ട് | **പരാതി പരിഹാരത്തിനായി ബന്ധപ്പെടാം:**<br><br>സ്റ്റേറ്റ് കോർഡിനേറ്റർ<br>നിർഭയ സെൽ<br>ഹ. നമ്പർ 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം, ഫോൺ: 04712331059<br><br>ഡയറക്ടർ<br>വനിതാ ശിശു വികസന വകുപ്പ്<br>പൂജപ്പുര, തിരുവനന്തപുരം, ഫോൺ : 0471-2346538 |

| | നഷ്ടം അല്ലെങ്കിൽ പരിക്കിന്റെ വിശദാംശങ്ങൾ | കുറഞ്ഞ പരിധി | ഉയർന്ന പരിധി |
|---|---|---|---|
| 1 | പോക്സോ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത പ്രായ പൂർത്തിയാകാത്തവരെ ലൈംഗികമായി പീഡിപ്പിക്കുക | 50,000/- രൂപ | 1,00,000/- രൂപ |
| 2 | ബലാത്സംഗം/കൂട്ട ബലാത്സംഗം/ പ്രകൃതിവിരുദ്ധ ലൈംഗിക കുറ്റകൃത്യങ്ങൾ | 50,000/- രൂപ | 1,00,000/- രൂപ |
| 3 | ജീവിത നഷ്ടം | 50,000/- രൂപ | 1,00,000/- രൂപ |
| 4 | ഗാർഹിക പീഢനം മൂലം ഗുരുതരമായ ശാരീരിക, മാനസിക പരിക്ക്. | 25,000/- രൂപ | 50,000/- രൂപ |
| 5 | സ്ത്രീകൾ/ കുട്ടികൾ മനുഷ്യകടത്തലിൽ നിന്ന് രക്ഷപ്പെടുത്തിയത് | 25,000/- രൂപ | 50,000/- രൂപ |
| 6 | ആസിഡ് ആക്രമണത്തിന്റെ ഇരകൾ | 1,00,000/- രൂപ | 2,00,000/- രൂപ |
| 7 | ബലാത്സംഗം കാരണം ഗർഭംധരിച്ചാൽ | 50,000/- രൂപ | 1,00,000/- രൂപ |
| 8 | ശരീരത്തിന്റെ ഏതെങ്കിലും അവയവം നഷ്ടപ്പെടുന്നത്/അംഗഭംഗം | 50,000/- രൂപ | 1,00,000/- രൂപ |

<table>
<tr><td></td><td></td><td><table>
<tr><td>9</td><td>ആക്രമണത്തിന് ഇരയായി ഗർഭം അലസൽ/ഗർഭസ്ഥ ശിശുവിന്റെ നഷ്ടം</td><td>50,000/- രൂപ</td><td>1,00,000/- രൂപ</td></tr>
<tr><td>10</td><td>തീപൊള്ളൽ ഏൽക്കൽ</td><td>50,000/- രൂപ</td><td>1,00,000/- രൂപ</td></tr>
</table><br>സേവന വിതരണം: വിശദമായ പ്രാഥമിക വിലയിരുത്തൽ റിപ്പോർട്ടും എഫ്.ഐ.ആർ/ഡി.ഐ.ആറിന്റെ പകർപ്പും ദുരിതാശ്വാസത്തിന്റെ ശുപാർശയും കുറ്റകൃത്യം നടന്ന് 48 മണിക്കൂറിനുള്ളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ/ വനിതാ ശിശു വികസന ഓഫീസർ സമർപ്പിക്കുകയും, പ്രായപൂർത്തിയായ ഇരയുടെ കാര്യത്തിൽ ഗുണഭോക്തൃ അക്കൗണ്ടിലേക്കും കുട്ടിയെ അതിജീവിച്ച കേസിൽ പ്രായപൂർത്തിയാകാത്തവരുടെയും രക്ഷിതാവിന്റെയും ചേരുന്ന ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് 5 ദിവസത്തിനുള്ളിൽ ലഭിക്കുന്നതിന് ശുപാർശ ചെയ്യുന്നു.</td><td></td><td></td><td></td></tr>
<tr><td>7</td><td>കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017</td><td>പോക്സോ ആക്ടിലെ 33(8) വകുപ്പ് പ്രകാരം കുട്ടിയുടെയോ അല്ലെങ്കിൽ കുട്ടിക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷ പ്രകാരമോ ഇടക്കാല ആശ്വാസമായോ പുനരധിവാസത്തിനായോ നഷ്ടപരിഹാരം പ്രത്യേക കോടതിയിൽ നിന്ന് ലഭിക്കുന്നതാണ്. നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന നിയമ വിതരണ സേവന അതോറിറ്റിക്കാണ് (Kerala State Legal Service Authority)<br><br>പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള യോഗ്യതകൾ:<br><br>• നഷ്ടപരിഹാരത്തിന് കോടതി ശുപാർശ ചെയ്താൽ<br>• ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിക്കു നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ</td><td></td><td></td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | • കിട്ടിയ നഷ്ടപരിഹാരം കുട്ടിയുടെ പുനരധിവാസത്തിന് പോരായെന്ന് കോടതിക്ക് അഭിപ്രായമുണ്ടായാൽ<br>• കേസിൽ പ്രതിയെ ഡിസ്ചാർജ് ചെയ്യുകയോ വെറുതെ വിടുകയോ ചെയ്താൽ<br>• കുറ്റം ചെയ്ത ആളെ തിരിച്ചറിയാനോ കണ്ടെത്താനോ കഴിയാതിരിക്കുകയും വിചാരണ നടക്കാതിരിക്കുകയും ചെയ്താൽ<br>നിശ്ചയിക്കപ്പെടുന്ന നഷ്ടപരിഹാരത്തുക ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി (DLSA) രണ്ട് മാസത്തിനുള്ളിൽ നൽകേണ്ടതാണ്. ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലൂടെയാണ് തുക വിതരണം ചെയ്യുന്നത്. | | | |
| 8 | **ചൈൽഡ് ലൈൻ** | **പരിരക്ഷയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കായി ദേശീയതലത്തിൽ 1098 എന്ന ടോൾഫ്രീ നമ്പറിൽ പ്രവർത്തിക്കുന്ന അടിയന്തിര സേവന പരിപാടിയാണ് ചൈൽഡ് ലൈൻ, ചൈൽഡ് ലൈൻ സംവിധാനത്തിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനും രൂപീകരണത്തിനുമായുള്ള മാതൃസന്നദ്ധസംഘടനയായി ചൈൽഡ് ലൈൻ ഇന്ത്യാ ഫൗണ്ടേഷൻ.** | | | **1. തിരുവനന്തപുരം**<br><br>**<u>നോഡൽ ഓഫീസ്</u>**<br><br>**ലോയോളാ കോളേജ്,**<br>ശ്രീകാര്യം, തിരുവനന്തപുരം - 17, Ph : 0471-2595097<br><br>**<u>സപ്പോർട്ട് ഓഫീസ്</u>**<br>തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി (TSS)<br>ബിഷപ് ഹൗസ് കോമ്പൗണ്ട്,<br>പി.ബി. നം. 828, വെള്ളയമ്പലം,<br>തിരുവനന്തപുരം<br>ഫോൺ : Ph : 0471-2727123<br><br>**2. കൊച്ചി**<br><br>രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്<br>രാജഗിരി.പി.ഒ, കലമശ്ശേരി,<br>കൊച്ചി - 683 104<br>Ph : 0484-2532099 / 2555564 |

| | | | | | |
|---|---|---|---|---|---|
| | | | | | **3. കോഴിക്കോട്**<br><br>ഫറൂഖ് കോളേജ്,<br>ഫറൂഖ് കോളേജ്.പി.ഒ.,<br>പി.ബി. നം. 59,<br>കോഴിക്കോട് - 673 632<br>ഫോൺ : 0495-2440766<br><br>**4. വയനാട്**<br><br>ഹിൽഡാ ട്രസ്റ്റ്<br>പി.ബി.നം. 9, സുൽത്താൻ ബത്തേരി,<br>വയനാട് - 673 592<br>ഫോൺ : 04936 -2221652, 2220052 |
| 9 | **ചൈൽഡ് ട്രാഫിക്കിംഗ് സിസ്റ്റം.** | കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനും മറ്റും സഹായകമാകുന്ന ഒരു നെറ്റ്‌വർക്ക് സംവിധാനമാണിത്.<br>www.trackthemissingchild.gov.in എന്ന പോർട്ടറിൽ ഇത് സംബന്ധിച്ചുള്ള വിവരം ലഭ്യമാണ്. കേന്ദ്ര ശിശുക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള സംവിധാനമാണിത്. | | | www.trackthemissingchild.gov.in |
| 10 | **നിർഭയ സെൽ** | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക ആക്രമണം തടയുന്നതിനും ഇരകൾക്ക് സംരക്ഷണം ഉറപ്പാകുന്നതിനുമായി സാമൂഹ്യക്ഷേമ വകുപ്പ് 2012-ൽ ആവിഷ്കരിച്ച പദ്ധതിയാണ് നിർഭയ.<br>ലൈംഗിക ആക്രമണം, ലൈംഗിക വാണിഭം, മനുഷ്യക്കടത്ത്, ചൂഷണം തുടങ്ങിയ വിപത്തുകളെ നേരിടുന്നതിനും ആവശ്യമായ ഇടപെടലുകൾക്കൊണ്ടും ബോധവത്ക്കരണം കൊണ്ടും ഇത്തരം ഹീനകൃത്യങ്ങളെ തടയുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.<br>ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല പ്രധാനമായും ജാഗ്രതാ സമിതികൾക്കാണ്. കേരള വനിതാ കമ്മീഷന്റെ കീഴിൽ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. | | | ഹൗസ് നമ്പർ 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം ആണ് നിർഭയ സെല്ലിന്റെ ആസ്ഥാനം. |

| | | | | | |
|---|---|---|---|---|---|
| | | വാർഡുതലത്തിൽ വാർഡുമെമ്പർ, ചെയർമാൻ, പ്രദേശത്തെ അംഗൻവാടി വർക്കർ, കൺവീനർ, മറ്റ് അംഗങ്ങൾ ഉൾപ്പെട്ട വാർഡുതല ജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ചെയർമാൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കൺവീനർ, പ്രാഥമികാരോഗ്യ കേന്ദ്രം ഡോക്ടർ, വനിതാ അഭിഭാഷക, സ്ഥലത്തെ അധികാര പദ്ധതിയിൽപ്പെട്ട സബ് ഇൻസ്പെക്ടർ/ സർക്കിൾ ഇൻസ്പെക്ടർ മറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയുമാണ് ലൈംഗിക പീഡനം സംബന്ധിച്ച പരാതികൾ കേൾക്കുക. ഇരകൾക്ക് ആവശ്യമായ അടിയന്തിര സഹായം ലഭ്യമാക്കുക, പീഡന സാദ്ധ്യതയുള്ള മേഖലകളുടെ ക്രൈം മാപ്പിംഗ് തയ്യാറാക്കുക തുടങ്ങിയ വിവിധ ചുമതലകൾ ഈ സമിതികൾക്കാണ്. | | | |
| 11 | **ജില്ലാതല നിർഭയ കമ്മിറ്റികൾ** | ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്-ചെയർമാൻ, കളക്ടർ-വൈസ്ചെയർമാൻ, ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ-കൺവീനർ, ജില്ലാ പ്രൊബേഷൻ ഓഫീസർ - ജോ. കൺവീനർ മറ്റ് അംഗങ്ങൾ അടങ്ങുന്ന ജില്ലാതല കമ്മിറ്റിയും പ്രവർത്തിക്കുന്നു.<br><br>**സംസ്ഥാന ഏകോപന സമിതി**<br><br>സംസ്ഥാനതലത്തിൽ നിർഭയ ഏകോപന സമിതി പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി, ചെയർമാൻ, യുവജനകാര്യമന്ത്രി, വൈസ്. ചെയർപേഴ്സൺ, സാമൂഹ്യ ക്ഷേമവകുപ്പ് സെക്രട്ടറി, കൺവീനർ, മറ്റ് അംഗങ്ങൾ ഉൾപ്പെട്ട ഏകോപന സമിതിക്ക് സാമൂഹ്യക്ഷേമ മന്ത്രി അദ്ധ്യക്ഷനായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്.<br><br>**അഭയമന്ദിരങ്ങൾ (ഷെൽട്ടർ ഹോമുകൾ)**<br><br>നിലവിൽ 9 ജില്ലകളിലായി 10 നിർഭയ അഭയ മന്ദിരങ്ങൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് രണ്ടും കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കണ്ണൂർ ഒഴികെ മറ്റെല്ലാ ജില്ലകളിലും ഓരോ മന്ദിരവും പ്രവർത്തിക്കുന്നു. പീഢനത്തിന് ഇരയാകുന്ന | | | |

| | | | | | |
|---|---|---|---|---|---|
| | | വർക്ക് സൗജന്യ താമസത്തിനും വിദ്യാഭ്യാസ ത്തിനും സൗകര്യമൊരുക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ ശിശുക്ഷേമസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അഭയമന്ദിരത്തിൽ പ്രവേ ശനം ലഭിക്കുന്നത്.<br><br>**സ്കൂൾതല പദ്ധതികൾ**<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈംഗിക പീഢനം തടയുന്നതിനുവേണ്ട നയപരിപാടികൾ ആസൂത്രണം ചെയ്യാൻ പ്രത്യേക ശ്രദ്ധ നൽകിയി ട്ടുണ്ട്. ഇതനുസരിച്ച് പ്ലസ് ടു തലം വരെയുള്ള എല്ലാ സ്കൂളുകളിലും ലൈംഗിക ആക്രമണം മോണിറ്റർ ചെയ്യാൻ ഒരു നോഡൽ അദ്ധ്യാപികയെ നിയോഗിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും 10 അദ്ധ്യാപ കരെ മാസ്റ്റർ പരിശീലകരായി തെരഞ്ഞെടുത്തു കൊണ്ട് സ്കൂൾതല നോഡൽ അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. | | | |
| 12 | **നിയമ സാക്ഷരത** | സൗജന്യ നിയമസേവനങ്ങൾക്കും സഹായങ്ങൾക്കും പുറമെ നിയമ സേവന അതോറിറ്റികൾ നിയമസാ ക്ഷരതാ ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. കേരള സംസ്ഥാന നിയമ സേവനാ അതോറിറ്റി അഥവാ KELSA (Kerala State Legal Service Authority) സംസ്ഥാനത്തിനകത്ത് നിയമസാക്ഷ രതാ പദ്ധതി എല്ലാ സ്കൂളുകൾക്കും നടപ്പിലാക്കി യിട്ടുണ്ട്. സർവ്വകലാശാലകളിൽ ആർട്ട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. | | | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ആഫീസ്,<br>നിയമ സഹായ ഭവൻ,<br>ഹൈകോർട്ട് കോമ്പൗണ്ട്,<br>എറണാകുളം<br>പിൻ : 682 031<br>ഫോൺ: 0484 – 2396717<br>**ഇ-മെയിൽ :**<br>kelsakerala@gmail.com |
| 13 | **ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)** | കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ പരി പോഷിപ്പിക്കുന്നതും പ്രത്യേക പരിചരണം ആവ ശ്യമായ കുട്ടികൾക്ക് ആയതിനുള്ള സൗകര്യം ഒരു ക്കുന്നതിനും വേണ്ട ലക്ഷ്യത്തോടെ പോലീസ്, വിദ്യാഭ്യാസം, സാമൂഹ്യനീതി, ആരോഗ്യം, തദ്ദേശഭ രണ സ്ഥാപനങ്ങൾ എന്നിവയുടേയും സ്കൂൾ തല ത്തിൽ പി.ടി.എ. അംഗങ്ങൾ, രക്ഷകർത്താക്കൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, പൊതുസമൂഹം | | | ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ<br>ഇന്റർഗ്രേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം,<br>പ്രിസൺ ഹെഡ് ക്വാർട്ടേഴ്സിന് എതിർവശം, പൂജപ്പുര,<br>തിരുവനന്തപുരം,<br>0471 – 2342235 |

| | | | | | |
|---|---|---|---|---|---|
| | | എന്നിവരുടേയും സഹകരണത്തോടെ ജില്ലാ ഭരണ കൂടത്തിന്റെയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന പദ്ധതി യാണ് (ORC) | | | **ഇ-മെയിൽ :** orc.icps@gmail.com<br>**വെബ്സൈറ്റ് :** orc.india.org |
| 14 | **സനാഥ ബാല്യം** | അനാഥരോ ഉപേക്ഷിക്കപ്പെട്ടവരോ ആയ കുട്ടികൾക്ക് പരിപാലന ശ്രദ്ധ ഉറപ്പുവരുത്തുന്നു എന്ന ലക്ഷ്യത്തോടെ 2007-ൽ രൂപീകരിച്ച പദ്ധതി. അനാഥരോ, നിർദ്ധരരോ, ഉപേക്ഷിക്കപ്പെട്ടവരോ ആയ ഓരോ കുട്ടിക്കും ആരോഗ്യകരവും സന്തോഷകരവുമായ ഒരു കുടുംബജീവിതം ഉറപ്പാക്കുക എന്നതാണ് പരിപാടിയുടെ ഉദ്ദേശ്യം. സ്ഥാപനങ്ങളിൽ നിന്നും കുട്ടികളെ പുറത്തുകൊണ്ടുവരികയും അനാഥത്വത്തിലേക്ക് നയിക്കുന്ന സാമൂഹിക ഘടകങ്ങളെ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. | | | |
| 15 | **ശരണബാല്യം** | ബാലവേല, ബാലഭിക്ഷാടനം, തെരുവിൽ അകപ്പെടുന്ന കുട്ടികൾ, കുട്ടിക്കടത്ത് എന്നിവയ്ക്ക് പുറമേ മദ്യ, ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ചൂഷണങ്ങൾക്ക് വിധേയരാകുന്ന കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി. | | | |
| 16 | **ബേട്ടി ബച്ചാവോ ബേട്ടി പഠാവോ** | പെൺകുട്ടികളുടെ ലിംഗ അനുപാതത്തിലുള്ള താഴ്ന്ന കുറവ് ഒഴിവാക്കുന്നതിനും അതിജീവനവും പെൺകുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസവും പരിപോഷിപ്പിക്കുന്നതിനും വേണ്ടി 2014-ഒക്ടോബറിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയവും, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും, മാനവവിഭവ ശേഷി മന്ത്രാലയവും ഒന്നിച്ച് നടപ്പാക്കുന്ന പദ്ധതി. | | | |
| 17 | **181 മിത്ര ഹെൽപ്പ്ലൈൻ** | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ട്രോൾഫ്രീ ഹെൽപ്പ്ലൈൻ നമ്പരാണ് മിത്ര 181. ഈ പദ്ധതി പ്രകാരം 181 നമ്പറിലേയ്ക്ക് വിളിക്കുന്നവർക്ക് പോലീസ് സ്റ്റേഷൻ, ആശുപത്രി, ആമ്പുലൻസ് സേവനം, കൗൺസിലിംഗ് തുടങ്ങിയ അടിയന്തിര സേവനം ലഭ്യമാകുന്നു. | | | **കേരള വനിതാ വികസന കോർപ്പറേഷൻ, ബസന്ത്,**<br>T.C. 20/2170<br>**കവടിയാർ, തിരുവനന്തപുരം**<br>**ഫോൺ:** 0471-2727668<br>**ഇ-മെയിൽ:** md@kswdc.org<br>**വെബ്സൈറ്റ്:** www.kswdc.org |

## II ന്യൂനപക്ഷക്ഷേമവകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി യുടെ കാലാ വധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്** | സംസ്ഥാനത്തെ ഉന്നതവി ദ്യാഭ്യാസമേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷവിഭാഗങ്ങളിലെ, പ്രത്യേകിച്ച് മുസ്ലീം സമുദാ യത്തിലെ പെൺകുട്ടി കൾക്ക് വിദ്യാഭ്യാസപുരോ ഗതിക്കുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയാ ണിത്. 20% സ്കോളർഷിപ്പ് ലത്തീൻ/പരിവർത്തിത ക്രൈസ്തവവിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥിനി കൾക്കു മാറ്റിവെച്ചിരിക്കു ന്നു.<br>**സഹായം** : ബിരുദത്തിനു പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5,000 രൂപവീതവും, ബിരുദാനന്ത രബിരുദത്തിനു പഠിക്കുന്ന 1,000 വിദ്യാർത്ഥികൾക്ക് 6,000 രൂപവീതവും പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന 1,000 വിദ്യാർത്ഥികൾക്ക് 7,000 രൂപവീതവും ഹോസ്റ്റൽ സൈറ്റഫന്റ് 2000 പേർക്ക് 13,000 രൂപവീ തവും പ്രതിവർഷം നൽകു ന്നു. | അതാത് സാമ്പ ത്തിക വർഷം | വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേന അപേക്ഷ നല്കണം. | **വകുപ്പ് ആസ്ഥാനം:**<br><br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്,<br>നാലാം നില, വികാസ് ഭവൻ,<br>തിരുവനന്തപുരം - 695033<br><br>ഫോൺ: 0471-2302090,<br>0471-2300523,<br>0471-2300524<br><br>**ഇ-മെയിൽ:**<br>**director.mwd@gmail.com**<br><br>**scholarships.mwd@gmail.com**<br><br>**വെബ്സൈറ്റ് :**<br>www.minoritywelfare.kerala.gov.in |

| | | | | | |
|---|---|---|---|---|---|
| 2 | **പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)** | എസ്.എസ്.എൽ.സി., വി.എച്ച്.എസ്.ഇ. തുടങ്ങിയ പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടിയവർക്കും ബിരുദത്തിന് 80% മാർക്കു നേടിയവർക്കും ബിരുദാനന്തരബിരുദത്തിന് 75% മാർക്കു നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡാണിത്.<br><br>**സഹായം** : എസ്.എസ്.എൽ.സി., പ്ലസ്ടു, വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾക്ക് 10,000 രൂപയും ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് തുകയായി അനുവദിച്ചിരിക്കുന്നത്.<br><br>**അർഹത** : ബി.പി.എൽ. വിദ്യാർത്ഥികൾക്കു മുൻഗണന. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ. വിദ്യാർത്ഥികളുടെ അഭാവത്തിൽ ആറുലക്ഷം രൂപ വരുമാനപരിധിയിലുള്ള, ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന, മറ്റു വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും. | | | |

| | | | | | |
|---|---|---|---|---|---|
| 3 | **ഉറുദു ഒന്നാം ഭാഷയായി പഠിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ്** | ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയ ങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ. സി, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് 1,000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് നല്കുന്നു. | | | |
| 4 | **ഡോ. എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്** | സർക്കാർ, എയ്ഡഡ് പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥി കൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാ ണിത്.<br><br>സ്കോളർഷിപ്പ് തുകയായി 1,000 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6,000 രൂപ ഈ പദ്ധതി പ്രകാരം ലഭി ക്കുന്നു | | | |
| 5 | **മദർ തെരേസ സ്കോളർഷിപ്പ്** | പൊതുപ്രവേശനപരീക്ഷ യെഴുതി കേരളത്തിലെ നഴ്സിംഗ് കോളേജ്/മെഡി ക്കൽ കോളേജുകളിൽ നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾ എന്നിവ പഠിക്കുന്ന ന്യൂനക്ഷ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.<br><br>യോഗ്യതാപരീക്ഷയിൽ 50 ശതമാനത്തിൽ കുറ യാത്ത മാർക്ക് നേടുകയും. കുടുംബ വാർഷികവരു മാനം എട്ടുലക്ഷം രൂപയിൽ താഴെയായിരിക്കണം. | | | |

| | | | | | |
|---|---|---|---|---|---|
| | | 500 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000 രൂപ സ്കോളർഷിപ്പ് നൽകുന്നു. | | | |
| 6 | **സൗജന്യ വ്യക്തിത്വവികസന - കരിയർ ഗൈഡൻസ് പരിശീലനം** | വിദ്യാർത്ഥിയുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കാനും ഭാവിയിൽ ഉചിതമായ ഉപരിപഠനമേഖലകൾ കണ്ടെത്താനും ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന പദ്ധതിയാണിത്.<br><br>എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി തുടങ്ങിയ കോഴ്സുകൾക്കു പഠിക്കുന്ന, ന്യൂനപക്ഷവിഭാഗവിദ്യാർത്ഥികളാണ് മുഖ്യഗുണഭോക്താക്കൾ. ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു മുൻഗണന ഉണ്ട്.<br><br>ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് യോഗ്യതാമാനദണ്ഡമായി പരിഗണിക്കും. | | | |

## III ഭാഗ്യക്കുറിവകുപ്പ്

<table>
<tr><th>നം.</th><th>പദ്ധതിയുടെ പേര്</th><th>പദ്ധതിയുടെ വിവരണം</th><th>പദ്ധതി യുടെ കാലാവധി</th><th>സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ</th><th>ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ</th></tr>
<tr><td></td><td>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റു മാരുടെയും വില്പ നക്കാരുടെയും ക്ഷേമനിധിബോർഡ്</td><td></td><td></td><td></td><td></td></tr>
<tr><td>1</td><td>ഉപരിപഠനത്തി നുള്ള സ്കോളർഷിപ്പ്</td><td>ലഭിക്കുന്ന ആനുകൂല്യം:
<table>
<tr><th>കോഴ്സ്</th><th>തുക</th></tr>
<tr><td>മെഡിക്കൽ ബിരുദം</td><td>25,000</td></tr>
<tr><td>എൻജിനീയറിങ് ബിരുദം</td><td>15,000</td></tr>
<tr><td>നഴ്സിങ് ബിരുദം</td><td>15,000</td></tr>
<tr><td>പാരാമെഡിക്കൽ ബിരുദം</td><td>15,000</td></tr>
<tr><td>എം.ബി.എ/എം. സി.എ</td><td>15,000</td></tr>
<tr><td>ബിരുദാനന്തരബിരുദം</td><td>7,000</td></tr>
<tr><td>ബിരുദം</td><td>5,000</td></tr>
<tr><td>മൂന്നുവർഷം എൻജി നീയറിങ് ഡിപ്ലോമ</td><td>3,000</td></tr>
</table>
അർഹതാമാനദണ്ഡം : ഒരുവർഷമെ ങ്കിലും തുടർച്ചയായി അംശദായം അട ച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്കായി രിക്കും ഈ സ്കോളർഷിപ്പിന് അർഹതയുണ്ടാകുക.</td><td>അതാത് സാമ്പത്തിക വർഷം</td><td>ബന്ധപ്പെട്ട ജില്ലാക്ഷേമനിധി ഓഫീ സിൽ നിന്നും നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്ക റ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ ക്ഷേമ നിധി ഓഫീസർക്കു നൽകണം.</td><td><u>സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ നിധി ബോർഡിന്റെ ആസ്ഥാനത്തിന്റെ മേൽവി ലാസം:</u><br><br>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പന ക്കാരുടെയും ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസ്, മൂന്നാം നില, കെ.എസ്.ആർ. ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, 695033<br>ഫോൺ : 0471- 2325582,<br><br>ഇ-മെയിൽ: kslawfbho@gmail.com<br>വെബ്സൈറ്റ്: www.keralalotteries.com</td></tr>
<tr><td>2</td><td>വിദ്യാഭ്യാസ അവാർഡ്</td><td>ക്ഷേമനിധിയംഗങ്ങളുടെ മക്കളിൽ ഓരോ വർഷവും എസ്.എസ്.എൽ. സി, ഹയർസെക്കൻഡറി തലങ്ങളിൽ കൂടുതൽ മാർക്കു വാങ്ങിയവർക്കു ജില്ലാടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലായി യഥാക്രമം 2,000, 1,500, 1,000 രൂപവീതം വിദ്യാ ഭ്യാസ അവാർഡായി നൽകിവരുന്നു</td><td></td><td>ബന്ധപ്പെട്ട ജില്ലാക്ഷേമനിധി ഓഫീ സിൽ നിന്നും നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപ നത്തിന്റെ മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാക്ഷേമ നി ധി ഓഫീസർക്കു നൽകണം.</td><td></td></tr>
</table>

# IV മത്സ്യബന്ധന വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി യുടെ കാലാ വധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്** | മത്സ്യത്തൊഴിലാളികളുടെ മക്കളിൽ 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന വർക്ക് ഉന്നതവിദ്യാഭ്യാസ സാദ്ധ്യതകളെയും തൊഴിലധിഷ്ടിത വിദ്യാഭ്യാസ സാദ്ധ്യതകളെയും കുറിച്ചു ബോധവത്ക്കരണം നല്കുന്ന പദ്ധതി.<br><br>**പദ്ധതിനിർവ്വഹണം:**<br><br>മത്സ്യവകുപ്പ് ജില്ലാ ഓഫീസുകൾ വഴി നേരിട്ടു പദ്ധതി നടപ്പാക്കുന്നു. കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, വ്യക്തിത്വവികസനം, കമ്മ്യൂണിക്കേഷൻ എന്നിങ്ങനെ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ക്ലാസ്സുകളിൽ ഒരു പരിപാടിയിൽ 100 വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. | അതാത് സാമ്പത്തിക വർഷം | **അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**<br><br>1. അമ്മയോ അച്ഛനോ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയാണെന്ന് തെളിയ്ക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രം, അല്ലെങ്കിൽ മത്സ്യബോർഡ് നല്കിയ പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>2. ബിരുദപരീക്ഷ 50% മാർക്കോടെ വിജയിച്ചു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. ബിരുദപരീക്ഷയുടെ മാർക്ക് ഷീറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>4. അമ്മയും അച്ഛനും മരിച്ചിട്ടുണ്ടെങ്കിൽ അതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അതാത് ജില്ലാ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. | ഡയറക്ട്രേറ്റ് ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം.<br>ഫോൺ : 0471-2303160<br><br>**ഇ-മെയിൽ:**<br>fisheriesdirector@gmail.com<br><br>**വെബ്സൈറ്റ്:**<br>www.fisheries.kerala.gov.in |
| 2 | **വിദ്യാതീരം** | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ്, ബാങ്കിങ്, സിവിൽ സർവ്വീസ്, പി.എസ്.സി. പരീക്ഷകൾ എന്നിവയ്ക്കു സൗജന്യപരിശീലനം നല്കുന്ന പദ്ധതി. | അതാത് സാമ്പത്തിക വർഷം | **അർഹതാമാനദണ്ഡം:**<br><br>1. രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ<br>2. പ്രായം 17 നു 20 നും ഇടയിൽ<br>3. പ്ലസ് ടു, വി.എച്ച്.എസ്.ഇ തുടങ്ങിയവയിലോ തത്തുല്യപരീക്ഷ | |

കളിലോ 90% ത്തിലോ അതിനുമുകളിലോ മാർക്ക്, അല്ലെങ്കിൽ മുൻവർഷത്തെ എൻട്രൻസ് പരീക്ഷയിൽ 40% മാർക്ക് നേടിയിരിക്കണം

4. റെസിഡെൻഷ്യൽ രീതിയിൽ പരിശീലനകേന്ദ്രത്തിൽ നിന്നു പഠിക്കാൻ സമ്മതമായിരിക്കണം.
5. മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവർ ആകരുത്.

**മുൻഗണനാമാനദണ്ഡം:**

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | പ്ലസ് ടൂ പരീക്ഷയ്ക്കു ലഭിച്ച മാർക്കിന്റെ ശതമാനം | |
| | i) 100% | 40 |
| | ii) 95% നും 100% നും ഇടയിൽ | 30 |
| | iii) 90% നും 95% ഇടയിൽ | 20 |
| | iv) 85% നും 90% ഇടയിൽ | 10 |
| | അല്ലെങ്കിൽ | |
| | v) മുൻവർഷത്തെ എൻട്രൻസിൽ 50% നുമുകളിൽ മാർക്ക് | 40 |
| | vi) 45% മുതൽ 50% വരെ മാർക്ക് | 30 |

<table>
<tr>
<td></td>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td>vii) 40% മുതൽ 45% വരെ മാർക്ക്</td><td>20</td></tr>
<tr><td>2</td><td>i) അമ്മയും അച്ഛനും മരിച്ച കുടുംബ ത്തിലെ അംഗം</td><td>10</td></tr>
<tr><td></td><td>ii) മാതാപിതാക്ക ളിൽ ഒരാൾ മരിച്ചത്</td><td>5</td></tr>
<tr><td>3</td><td>പ്ലസ് ടൂ, വി.എച്ച്. എസ്.ഇ., തത്തുല്യ പഠനത്തിന്റെ മീഡിയം<br>i) മലയാളം</td><td>10</td></tr>
<tr><td></td><td>ii) ഇംഗ്ലീഷ്</td><td>5</td></tr>
<tr><td></td><td>ആകെ</td><td>100</td></tr>
</table>
തെരഞ്ഞെടുപ്പ്:<br><br>
മുൻഗണനാ മാനദണ്ഡങ്ങളുടെ അടി സ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ ജില്ലാതല ഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റ് അടിസ്ഥാനമാക്കി സംസ്ഥാന തലത്തിലും അന്തിമഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നു.
</td>
<td></td>
</tr>
<tr>
<td>3</td>
<td>മരിച്ച മത്സ്യ ത്തൊഴിലാളിക ളുടെ മക്കളെ ദത്തെടുത്ത് ഉന്നതവിദ്യാ ഭ്യാസം നല്കുന്ന പദ്ധതി</td>
<td><u>അർഹതാമാനദണ്ഡം:</u><br><br>1. മത്സ്യത്തൊഴിലാളിയായ അമ്മയും അച്ഛനും മരിച്ച കുടുംബത്തിലെ കുട്ടികൾ<br>2. മത്സ്യത്തൊഴിലാളിയായ അമ്മയോ അച്ഛനോ മരിച്ച കുടും ബത്തിലെ വിദ്യാർത്ഥികളായ കുട്ടികൾ</td>
<td>അതാത് സാമ്പ ത്തിക വർഷം</td>
<td><u>അപേക്ഷയോടൊപ്പം ആവശ്യമായ മറ്റു രേഖകൾ:</u><br><br>1. മരിച്ച മത്സ്യത്തൊഴിലാളി രജി സ്റ്റേഡ് മത്സ്യത്തൊഴിലാളിയാ ണെന്നു തെളിയിക്കുന്ന ക്ഷേമ നിധി ബോർഡ് പാസ് ബുക്കിന്റെ പകർപ്പോ ഫിഷറീസ് ഓഫീസ റുടെ സാക്ഷ്യപത്രമോ</td>
<td></td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td>
<u>മുൻഗണനാക്രമത്തിന്റെ മാനദണ്ഡങ്ങൾ:</u>
<table>
<tr><th>നമ്പർ</th><th>മുൻഗണന</th><th>മാർക്ക്</th></tr>
<tr><td>1</td><td>അമ്മയും അച്ഛനും മരിച്ച കുട്ടി</td><td>100</td></tr>
<tr><td>2</td><td>മത്സ്യത്തൊഴിലാളിയായ അമ്മയോ അച്ഛനോ മരിച്ച കുട്ടി</td><td></td></tr>
<tr><td></td><td>(എ). മത്സ്യബന്ധനത്തിനിടയിൽ മരിച്ചത്</td><td>50</td></tr>
<tr><td></td><td>(ബി). അപകട മരണം</td><td>35</td></tr>
<tr><td></td><td>(സി). മത്സ്യത്തൊഴിലാളിയായ അമ്മയോ അച്ഛനോ മരിച്ചതും ജോലി ചെയ്തു കുടുംബം പുലർത്താൻ കഴിയാത്ത രോഗിയായ അമ്മയോ അച്ഛനോ ഉൾപ്പെട്ടതുമായ കുടുംബം</td><td>30</td></tr>
<tr><td></td><td>(ഡി). സ്വാഭാവിക മരണം</td><td>25</td></tr>
<tr><td>3</td><td>മുത്തച്ഛൻമാരുടെ പരിരക്ഷയിൽ കഴിയുന്നവർ</td><td>10</td></tr>
<tr><td>4</td><td>പെൺകുട്ടികൾ മാത്രം ഉൾപ്പെട്ട കുടുംബം</td><td>15</td></tr>
</table>
</td>
<td></td>
<td>
2. മരിച്ച രക്ഷിതാവിന്റെ മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>
3. വിദ്യാർത്ഥി പഠിച്ചുകൊണ്ടിരുന്ന കോഴ്സിന്റെ വിശദാംശങ്ങൾ മേലധികാരി സാക്ഷ്യപ്പെടുത്തിയത് അല്ലെങ്കിൽ തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ്/ക്ലാസ്സ്<br>
4. ഹോസ്റ്റലിലാണെങ്കിൽ ഹോസ്റ്റൽ ഫീസ് വിവരവും മറ്റു ചെലവുകളും സംബന്ധിച്ച വിവരം അധികാരി സാക്ഷ്യപ്പെടുത്തിയത്<br>
5. പ്രോഗ്രസ്സ് റിപ്പോർട്ടിന്റെയോ മാർക്ക് ലിസ്റ്റിന്റെയോ പകർപ്പ്
</td>
<td></td>
</tr>
</table>

| | | |
|---|---|---|
| 5 | (എ). പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു പഠിക്കുന്ന കുട്ടി | 15 |
| | (ബി). ഡിഗ്രി തലം | 10 |
| നമ്പർ | മുൻഗണന | മാർക്ക് |
| | (സി). പ്രീ. മെട്രിക് & പ്ലസ് ടൂ/ വി.എച്ച്.എസ്സ്.സി | 5 |
| | ആകെ | 150 |

## V സൈനികക്ഷേമ വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **മെറിറ്റ് സ്കോളർഷിപ്പ്** | വിമുക്തഭടരുടെ പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് 10-ാം തരം മുതൽ ബിരുദാനന്തരബിരുദം വരെയുള്ള കോഴ്സുകൾക്ക് 2,500 രൂപ മുതൽ 4,000 രൂപവരെ സംസ്ഥാനസർക്കാർ സ്കോളർഷിപ്പ് നൽകുന്നു. (ക്ലാസ് X : 2,500 രൂപ, ക്ലാസ് XI, XII, വി.എച്ച്.എസ്.ഇ., റ്റി.റ്റി.സി. മുതലായവ: 3,000 രൂപ, ബിരുദകോഴ്സുകൾ : 3,500 രൂപ, ബിരുദാനന്തരബിരുദകോഴ്സുകൾ : 4000 രൂപ). വാർഷികവരുമാനപരിധി മൂന്നുലക്ഷം രൂപയിൽ താഴെ ആയിരിക്കണം. മുൻവർഷത്തെ വാർഷിക പരീക്ഷയിൽ മൊത്തം 50 ശതമാനത്തിൽ കുറയാതെ മാർക്കുണ്ടായിരിക്കണം | അതാത് സാമ്പത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് നൽകണം.<br>2) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>3) മാർക്ക് ലിസ്റ്റിന്റെ കോപ്പി<br>4) ഡിസ്ചാർജ് ബുക്കിന്റെ കോപ്പി<br><br>എന്നിവ പൂരിപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കണം | ഡയറക്ടർ,<br>സൈനികക്ഷേമ വകുപ്പ്,<br>വികാസ് ഭവൻ,<br>തിരുവനന്തപുരം - 695033<br>ഫോൺ: 0471 2304980<br><br>**ഇ-മെയിൽ (ഓഫീസ്)** :<br>dswkerala@gmail.com<br><br>**വെബ്സൈറ്റ്** :<br>www.sainikwelfarekerala.org |
| 2 | **അന്ധതയ്ക്കുള്ള പ്രതിമാസ ധനസഹായം** | ഈ പദ്ധതി പ്രകാരം വിമുക്തഭടന്മാരുടെ അന്ധരായ മക്കൾക്ക് 1,000 രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നു. പെൻഷൻ അല്ലാത്തവർക്കു 3,000 രൂപ പ്രതിമാസ ധനസഹായം നൽകുന്നു. | അതാത് സാമ്പത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം.<br>2) ഫോറം നം. DD-40<br>3) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>4) അന്ധത തെളിയിക്കുന്ന ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നുള്ള ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് | |
| 3 | **വിമുക്തഭടരുടെ മാനസികവൈകല്യമുള്ള കുട്ടികൾക്കു ധനസഹായം** | വിമുക്തഭടരുടെ മാനസികവൈകല്യമുള്ള കുട്ടികൾക്ക് നിബന്ധനകൾക്കു വിധേയമായി 3000 രൂപ പ്രതിമാസസഹായം നൽകുന്നു. | അതാത് സാമ്പത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം.<br>2) ഫോറം നം. DD-40 | |

| | | | | | |
|---|---|---|---|---|---|
| | | വാർഷികവരുമാനം 5,00,000 രൂപ യിൽ താഴെ ആയിരിക്കുകയും, കുട്ടിയുടെ മാതാപിതാക്കൾ തൊഴിൽരഹിതരുമായിരിക്കണം | | 3) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>4) ഡിസ്ചാർജ് ബുക്കിന്റെ കോപ്പി<br>5) 40 ശതമാനം താഴെ ബുദ്ധി മാന്ദ്യം (IQ) തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്<br>6) ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്<br>7) മാതാപിതാക്കൾ തൊഴിൽ രഹിതരാണെന്ന് സാക്ഷ്യപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>8) വരുമാന സർട്ടിഫിക്കറ്റ് | |
| 4 | **വിമുക്തഭടരുടെ ശാരീരികവൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം** | വിമുക്തഭടരുടെ 40 ശതമാനത്തിൽ കുറയാതെ ശാരീരികവൈകല്യമുള്ള കുട്ടികൾക്കു നിബന്ധനകൾക്കു വിധേയമായി പ്രതിമാസം 3,000 രൂപ ധനസഹായം നൽകുന്നു. വാർഷിക വരുമാനം 5,00,000 രൂപയിൽ താഴെ ആയിരിക്കണം. | അതാത് സാമ്പത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം.<br>2) ഫോറം നം. DD-40<br>3) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>4) ഡിസ്ചാർജ് ബുക്കിന്റെ കോപ്പി<br>5) ശാരീരിക വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>6) വരുമാന സർട്ടിഫിക്കറ്റ്<br>7) മാതാപിതാക്കൾ തൊഴിൽ രഹിതരാണെന്ന് സാക്ഷ്യപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് | |
| 5 | **വിമുക്തഭടരുടെ കുട്ടികൾക്ക് ക്യാഷ് അവാർഡ്** | വിമുക്തഭടരുടെ കുട്ടികളിൽ സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിഭാഗങ്ങളിൽ പത്താംതരത്തിൽ എല്ലാ വിഷയത്തിനും A+, A1 ഗ്രേഡു കരസ്ഥമാക്കുന്നവർക്കു 3,000 രൂപ വീതം ക്യാഷ് അവാർഡ്.<br>വിമുക്തഭടരുടെ കുട്ടികളിൽ സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിഭാഗങ്ങളിൽ +2/12 ക്ലാസിൽ എല്ലാ വിഷയത്തിനും | അതാത് സാമ്പത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് നൽകണം.<br>2) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>3) മാർക്ക് ലിസ്റ്റിന്റെ കോപ്പി<br>4) ഡിസ്ചാർജ് ബുക്കിന്റെ കോപ്പി<br><br>എന്നിവ പൂരിപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കണം | |

| | | | | | |
|---|---|---|---|---|---|
| | | A+, A1 ഗ്രേഡു കരസ്ഥമാക്കുന്ന വർക്കു 5,000 രൂപവീതം ക്യാഷ് അവാർഡ് | | | |
| 6 | **എയിഡ്സ് രോഗി കൾക്കു സാമ്പത്തി കസഹായം** | എയിഡ്സ് രോഗികളായ വിമുക്ത ഭടർ, ഭാര്യ, വിധവ ആശ്രിതരായ മക്കൾ എന്നിവർക്ക് 1,500 രൂപ പ്രതിമാസം ധനസഹായമായി നൽകുന്നു. | അതാത് സാമ്പ ത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം.<br>2) ഫോറം നം. DD-40<br>3) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>4) ഡിസ്ചാർജ് ബുക്കിന്റെ കോപ്പി<br>5) എയിഡ്സ് രോഗം തെളിയി ക്കുന്ന മെഡിക്കൽ ഓഫീസ റുടെ സർട്ടിഫിക്കറ്റ്<br>6) വരുമാന സർട്ടിഫിക്കറ്റ്<br>7) മാതാപിതാക്കൾ തൊഴിൽ രഹിതരാണെന്ന് സാക്ഷ്യപ്പെടു ത്തിയ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് | |
| | **അമാൽഗമേറ്റഡ് ഫണ്ട്** | | | | |
| 7 | **സ്കോളർഷിപ്പ്** | വിമുക്തഭടരുടെ മക്കളിൽ സാങ്കേ തികവും തൊഴിലധിഷ്ടിതവുമായ കോഴ്സുകളിൽ പഠിക്കുന്നവർക്കു നിബന്ധനകൾക്കു വിധേയമായി 3,000 രൂപ മുതൽ 10,000 രൂപ വരെ സ്കോളർഷിപ്പ്. വാർഷികവ രുമാനം 3,00,000 രൂപയിൽ താഴെ യായിരിക്കണം. | അതാത് സാമ്പ ത്തിക വർഷം | 1) ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് നൽകണം.<br>2) വിമുക്ത ഭടൻമാരുടെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി<br>3) മാർക്ക് ലിസ്റ്റിന്റെ കോപ്പി<br>4) ഡിസ്ചാർജ് ബുക്കിന്റെ കോപ്പി<br>5) വരുമാന സർട്ടിഫിക്കറ്റ്<br><br>എന്നിവ പൂരിപ്പിച്ച അപേക്ഷയോ ടൊപ്പം സമർപ്പിക്കണം | |
| 8 | **അനാഥരായ കുട്ടി കൾക്ക് സാമ്പത്തി ക സഹായം** | വിമുക്തഭടരുടെ അനാഥരായ കുട്ടി കൾക്ക് 25 വയസ്സുവരെ പ്രതി മാസം 3,000 രൂപ ക്രമത്തിൽ നിബന്ധനകൾക്കു വിധേയമായി സാമ്പത്തികസഹായം നൽകുന്നു. വാർഷിക വരുമാനം 3,00,000 രൂപ യിൽ താഴെ ആയിരിക്കണം. | അതാത് സാമ്പ ത്തിക വർഷം | 1) വിമുക്ത ഭടന്റെ/ഭാര്യയുടെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി<br>2) വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടു ത്തിയ വരുമാന സർട്ടിഫിക്കറ്റ്<br>3) അനാഥൻ എന്ന് തെളിയിക്കുന്ന ജില്ലാ സൈനിക ക്ഷേമ ഓഫീസ റുടെ സർട്ടിഫിക്കറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | 4) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>എന്നിവ പൂരിപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കണം | |
| 9 | **സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു സ്കോളർഷിപ്പ്** | സൈനിക സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു നിബന്ധനകൾ ഒന്നുമില്ലാതെ 10,000 രൂപ ലംപ്സം ഗ്രാന്റ് നൽകുന്നു. | അതാത് സാമ്പത്തിക വർഷം | | |
| 10 | **എൻട്രൻസ് കോച്ചിങ്ങിനു സാമ്പത്തിക – സഹായം** | എഞ്ചിനീയറിംഗ്, എം.ബി.ബി.എസ് മുതലായവയുടെ പ്രവേശനപരീക്ഷയെഴുതാൻ വിമുക്തഭടരുടെ കുട്ടികൾക്ക് നിബന്ധനകൾക്കു വിധേയമായി 6,000 രൂപ ക്രമത്തിൽ സാമ്പത്തിക സഹായം നൽകുന്നു. വാർഷിക വരുമാനം നാലുലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വർഷം 300 കുട്ടികൾക്ക് ഈ സാമ്പത്തിക സഹായം അനുവദിക്കുന്നു. | അതാത് സാമ്പത്തിക വർഷം | | |
| 11 | **വിദ്യാഭ്യാസത്തിനുള്ള ധനസഹായം** | ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്ത ഭടരുടെ കുട്ടികൾക്ക് (പരമാവധി 2 കുട്ടികൾക്ക്) പ്രതിമാസം 1,000 രൂപ ധനസഹായം നല്കുന്ന പദ്ധതി. | അതാത് സാമ്പത്തിക വർഷം | | |
| 12 | **100% അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള ധനസഹായം** | ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടരുടെയോ വിധവകളുടെയോ 100% വികലാംഗരായ കുട്ടികൾക്കു പ്രതിമാസം 1,000 രൂപ ധനസഹായം നല്കുന്നു | അതാത് സാമ്പത്തിക വർഷം | | |
| 13 | **പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചാൽ ധനസഹായം** | 100% വികലാംഗരായുള്ള വിമുക്ത ഭടർക്കും വിധവകൾക്കും (ഹവിൽദാർ റാങ്ക് വരെയുള്ളവർ) അനാഥ-പെൺകുട്ടികൾക്കും (എല്ലാ റാങ്കിലുള്ളവർക്കും) ഒറ്റത്തവണയായി 20,000 രൂപ സാമ്പത്തിക സഹായം നല്കുന്ന പദ്ധതി. | അതാത് സാമ്പത്തിക വർഷം | 1) അപേക്ഷാ ഫോറം<br>2) വിമുക്ത ഭടന്റെ ഐഡന്റിറ്റി കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3) ഡിസ് ചാർജ് ബുക്കിന്റെ കോപ്പി<br>4) വരുമാന സർട്ടിഫിക്കറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | 5) സൈനിക വെൽഫെയർ ഓഫീസറുടെ പരിശോധന റിപ്പോർട്ട്<br>6) പ്രതീക്ഷിത ചിലവ് രേഖപ്പെടുത്തിയ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് | |

## VI മുന്നോക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി)

<table>
<tr><th>നം.</th><th>പദ്ധതിയുടെ പേര്</th><th>പദ്ധതിയുടെ വിവരണം</th><th>പദ്ധതി-യുടെ കാലാവധി</th><th>സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ</th><th>ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ</th></tr>
<tr><td></td><td>വിദ്യാസമുന്നതി</td><td></td><td></td><td></td><td></td></tr>
<tr><td>1</td><td>വിദ്യാസമുന്നതി-സ്കോളർഷിപ്പുകൾ</td><td>ഈ പദ്ധതിയുടെ കീഴിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര-സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി തലം മുതൽ ബിരുദാനന്തര ബിരുദതലം വരെയുള്ള പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു.<br><br><u>പ്രതിവർഷ സ്കോളർഷിപ്പ്</u><br><br>
<table>
<tr><th>വിദ്യാസമുന്നതി</th><th>സ്കോളർഷിപ്പ് തുക (രൂപ)</th><th>സ്കോളർഷിപ്പുകളുടെ എണ്ണം</th></tr>
<tr><td>ഹയർ സെക്കൻഡറി</td><td>4,000</td><td>10,000</td></tr>
<tr><td>ബിരുദം പ്രൊഫഷണൽ</td><td>8,000</td><td>4,000</td></tr>
<tr><td>നോൺ പ്രൊഫഷണൽ</td><td>6,000</td><td>6,600</td></tr>
<tr><td>ബിരുദാനന്തര ബിരുദം പ്രൊഫഷണൽ</td><td>16,000</td><td>250</td></tr>
<tr><td>ബിരുദാനന്തര ബിരുദം നോൺ പ്രൊഫഷണൽ</td><td>10,000</td><td>2,000</td></tr>
</table>
</td><td></td><td>വിദ്യാസമുന്നതി സ്കോളർഷിപ്പിനുള്ള പ്രത്യേക അപേക്ഷ ഫോറം ജാതി വരുമാനം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റിന്റെ കോപ്പി എന്നിവ സഹിതം അപേക്ഷ നല്കുക.</td><td>കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ എൽ2, കുലീന, ടി.സി. 9/476, ജവഹർനഗർ, കവടിയാർ.പി.ഒ., തിരുവനന്തപുരം<br><br>ഫോൺ:<br>0471-2726599<br>0471-2311215<br><br>ഇ-മെയിൽ:<br>kswcfc@gmail.com<br><br>വെബ്സൈറ്റ്:<br>www.kswcfc.org</td></tr>
<tr><td>2</td><td>വിദ്യാസമുന്നതി-മെഡിക്കൽ/</td><td>ഹയർസെക്കൻഡറി വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ഹയർ സെക്കൻഡറി പരീക്ഷ പാസ്സായി രണ്ടു വർഷം കഴിഞ്ഞിട്ടി</td><td></td><td></td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | **എൻജിനീയറങ് പരിശീലന ധനസഹായ പദ്ധതി** | ല്ലാത്ത അപേക്ഷകർക്കും മികച്ച ഇൻസ്റ്റിറ്റ്യൂട്ടുകളിൽ മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷാ പരിശീലനത്തിന് ധനസഹായമായി 1000 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം നല്കിവരുന്ന പദ്ധതി. | | | |

## VII വ്യവസായം, കരകൗശലം

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **സംരംഭകത്വവികസന ക്ലബ്ബുകൾ** | വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സംരംഭകത്വവികസനക്ലബ്ബുകൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് 10,000 രൂപ നിരക്കിൽ രണ്ടുതവണയായി ആകെ 20,000 രൂപ നല്കുന്ന പദ്ധതി.<br><br>**അർഹതാമാനദണ്ഡം:** രജിസ്റ്റർ ചെയ്ത സംരംഭകത്വവികസനക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തി<br><br>ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴിയാണ് പദ്ധതി നടത്തുന്നത്. | അതാത് സാമ്പത്തിക വർഷത്തിൽ ആദ്യ തവണ ധന സഹായത്തിനുള്ള അപേക്ഷ സെപ്റ്റംബർ 30-നു മുൻപും രണ്ടാംതവണ ഡിസംബർ 31 -നു മുൻപും | **അപേക്ഷിക്കേണ്ട വിധം :**<br>നിശ്ചിതഫോറത്തിൽ ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് അപേക്ഷ നൽകണം.<br><br>**അപേക്ഷാഫോമും വിശദവിവരങ്ങളും :**<br>www.industry.kerala.gov.in എന്ന വെബ്സൈറ്റിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും ലഭ്യമാണ്. | **വകുപ്പ് ആസ്ഥാനം:**<br>ഡയറക്ടർ,<br>വ്യവസായ -വാണിജ്യ ഡയറക്ടറേറ്റ്,<br>വികാസ് ഭവൻ,<br>തിരുവനന്തപുരം - 695033<br>ഫോൺ: +91-471-2302774<br><br>**ഇ-മെയിൽ :**<br>industriesdirectorate@gmail.com<br><br>**വെബ്സൈറ്റ്:**<br>www.industry.kerala.gov.in |

## VIII തൊഴിലും നൈപുണ്യവും വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **കേരള കർഷക തൊഴിലാളി ക്ഷേമനിധിബോർഡ് (Kerala Agriculture Workers Welfare Fund Board)** | കൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഈ ക്ഷേമനിധി ബോർഡിൽ അംഗമാകാം.<br><br>**വിദ്യാഭ്യാസ ധനസഹായ പദ്ധതി:**<br><br>വിദ്യാഭ്യാസ അവാർഡ് : കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി. മുതൽ പി.ജി.വരെയുള്ള ക്ലാസുകളിൽ ഉയർന്ന മാർക്കു നേടുന്ന കുട്ടികൾക്ക് ജില്ലാതലത്തിൽ സ്കോളർഷിപ്പ് നൽകുന്നു. | എല്ലാ സാമ്പത്തിക വർഷവും | **അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ:**<br><br>1. മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2. അംഗത്തിന്റെ ക്ഷേമനിധി പാസ് ബുക്കിന്റെ പകർപ്പ്<br>3. അംഗത്തിന്റെ ആധാർ കാർഡിന്റെ പകർപ്പ്<br>4. അംഗത്തിന്റെ ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്<br>5. റേഷൻ കാർഡിന്റെ പകർപ്പ് (ബന്ധം തെളിയിക്കുന്നതിന്)<br>6. അപേക്ഷകൻ/അപേക്ഷക കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, എസ്.എൻ. പാർക്ക്, അയ്യന്തോൾ, തൃശ്ശൂർ - 4<br>ഫോൺ:0487-2386871<br><br>**ഇ-മെയിൽ:**<br>agri.worker@gmail.com<br><br>**വെബ്സൈറ്റ്:**<br>www.agriworkersfund.org |
| 2 | **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമിധി ബോർഡ് (Kerala Bamboo, Kattuvally and Pandanus Leaf Workers Welfare Fund Board)** | ഈറ്റ, കാട്ടുവള്ളി, തഴ വ്യവസായ രംഗത്തെ തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ:**<br><br>വിദ്യാഭ്യാസസ്കോളർഷിപ്പ്: 1000 രൂപ. | എല്ലാ സാമ്പത്തിക വർഷവും | | കേരള ബാംബൂ, കാട്ടുവള്ളി & പാൻണ്ടനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, അങ്കമാലി. സൗത്ത്.പി.ഒ. എറണാകുളം ജില്ല.<br>ഫോൺ: 0484-2454443 |

| | | | | | |
|---|---|---|---|---|---|
| 3 | **കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ്** <br> **(Kerala Building & Other Construction Workers Welfare Fund Board)** | നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും ഇതിൽ അംഗമാകാം. <br><br> ക്യാഷ് അവാർഡ് : അംഗങ്ങളുടെ കുട്ടികളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്കു നേടുന്ന 3 ആൺകുട്ടികൾക്കും 3 പെൺകുട്ടികൾക്കും 2500 രൂപ, 2000 രൂപ, 1500 രൂപ നിരക്കിൽ എല്ലാ വർഷവും സ്കോളർഷിപ്. <br><br> എൻട്രൻസ് കോച്ചിങ്ങ് ധനസഹായം : മൂന്നുവർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്കു പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനപരീക്ഷയ്ക്കു കോച്ചിങിനായി 5,000 രൂപ. | എല്ലാ സാമ്പത്തിക വർഷവും | അതാത് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടത് | സെക്രട്ടറി, <br> നിർമ്മാണ ഭവൻ, <br> തൈക്കാട്.പി.ഒ., <br> തിരുവനന്തപുരം - 14. <br><br> ഫോൺ : 0471-2337941 <br> 0471-2337943 <br><br> **ഇ-മെയിൽ:** <br> kbopwwboard@gmail.com |
| 4 | **കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ നിധി പദ്ധതി** <br> **(Kerala Migrant Labour workers welfare Fund Scheme)** | കേരളത്തിനു പുറത്ത് ഇന്ത്യയിലെവിടെയും ജനിച്ചുവളർന്നവരും തൊഴിലാവശ്യാർത്ഥം സംസ്ഥാനത്തു താമസിച്ച് സ്വന്തം നിലയിലോ കരാറുകാരുടെ കീഴിലോ തൊഴിൽ ചെയ്യുന്നവരുമായ 18-60 വയസ്സിന് ഇടയിലുള്ള തൊഴിലാളികൾക്ക് അംഗമായി തിരിച്ചറിയൽ കാർഡ് നേടാം. <br><br> ഈ വിഭാഗം തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന ഓരോ തൊഴിലുടമയും കരാറുകാരും തന്റെ കീഴിൽ ജോലി ചെയ്യുന്നവർ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. തൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനാ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ | എല്ലാ സാമ്പത്തിക വർഷവും | | |

| | | | | | |
|---|---|---|---|---|---|
| | | നൽകണം. രജിസ്ട്രേഷൻ പുതുക്കൽ ഫീസ് പ്രതിവർഷം 30 രൂപയാണ്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്<br><br>**ആനുകൂല്യങ്ങൾ:**<br><br>അംഗത്തിന്റെ മക്കൾക്കു വിദ്യാഭ്യാസഗ്രാന്റ് : 1,000 രൂപ മുതൽ 3,000 രൂപ വരെ | | | |
| 5 | **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിബോർഡ്**<br>**(Kerala Cashew Workers Relief and Welfare Fund Board)** | കശുവണ്ടിവ്യവസായരംഗത്തെ തൊഴിലാളികൾക്ക് അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ:**<br>ക്യാഷ് അവാർഡ്/സ്കോളർഷിപ്പ്: ഹയർസെക്കന്ററി തലത്തിനു ശേഷം ഉന്നതവിദ്യാഭ്യാസത്തിനു തെരഞ്ഞെടുക്കുന്ന കോഴ്സുകൾക്ക് അനുസൃതമായി 2,000 രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നു. | എല്ലാ സാമ്പത്തിക വർഷവും | | കേരള കശുവണ്ടി തൊഴിലാളി ദുരിതാശ്വാസ ക്ഷേമനിധി ബോർഡ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം - 691001<br>ഫോൺ: 0474-2743469<br><br>**ഇ-മെയിൽ :**<br>chiefofficecashew@gmail.com |
| 6 | **കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ്**<br>**(Kerala Handloom Workers Relief and Welfare Fund Board)** | കൈത്തറി മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗമാകാം.<br><br>**വിദ്യാഭ്യാസഗ്രാന്റ്** : കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിനായി 500 രൂപ മുതൽ 5,000 രൂപ വരെ ഗ്രാന്റായി നൽകുന്നു.<br><br>**സ്വർണ്ണപതക്കവും ക്യാഷ് അവാർഡും**: അംഗങ്ങളുടെ എസ്.എസ്.എൽ.സിക്ക് സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്കു | എല്ലാ സാമ്പത്തിക വർഷവും | | കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ്, താളിക്കാവ്, കണ്ണൂർ - 670001<br>ഫോൺ: 0497-2702995<br>**ഇ-മെയിൽ:**<br>handloom.worker@gmail.com<br><br>**ജില്ലാ എക്സിക്യൂട്ടീവ് ഓഫീസ്, തിരുവനന്തപുരം**<br><br>ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ഹാന്റ് ബിൽഡിങ്ങ്, ഊറ്റുകുഴി, തിരുവനന്തപുരം - 695001<br>ഫോൺ: 0471-2331958 |

| | | | | | |
|---|---|---|---|---|---|
| | | വാങ്ങുന്ന കുട്ടിക്ക് സ്വർണ്ണപതക്ക വും ക്യാഷ് അവാർഡും നല്കുന്നു. | | | **ജില്ലാ എക്സിക്യൂട്ടീവ് ഓഫീസ്, എറണാകുളം**<br><br>ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ,<br>കേരള കൈത്തറി തൊഴിലാളി<br>ക്ഷേമനിധി ബോർഡ്,<br>ലക്കിസ്റ്റാർ ബിൽഡിങ്ങ്, മാർക്കറ്റ് റോഡ്,<br>എറണാകുളം - 682035<br>ഫോൺ: 0484-2374935<br><br>**ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, കോഴിക്കോട്**<br><br>ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ,<br>കേരള കൈത്തറി തൊഴിലാളി<br>ക്ഷേമനിധി ബോർഡ്,<br>പയ്യോളി, കോഴിക്കോട്<br>ഫോൺ: 0495-2760071 |
| 7 | **കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>**(Kerala Headload Workers Welfare Fund Board)** | കയറ്റിറക്കുമേഖലയിലുള്ള എല്ലാ തൊഴിലാളികൾക്കും ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാം.<br><br>**ഉന്നതവിദ്യാഭ്യാസ വായ്പ** : ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് 25,000 രൂപ വരെ വിദ്യാ ഭ്യാസ വായ്പ അനുവദിക്കുന്നു.<br><br>**സ്കോളർഷിപ്പ്** : സ്കൂൾതലം മുതൽ പ്രൊഫഷണൽ കോഴ്സു കൾ വരെ പഠിക്കുന്ന മക്കൾക്ക് ഒരു വർഷം 350 രൂപ മുതൽ 10,000 രൂപ വരെ അനുവദി ക്കുന്നു. | എല്ലാ സാമ്പ ത്തിക വർഷവും | അതാത് ജില്ലാ ഓഫീസുകളി ലാണ് അപേക്ഷ നല്കേണ്ടത് | കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്,<br>പി.ബി. നം. 2017,<br>എസ്.ആർ.എം റോഡ്,<br>എറണാകുളം, കൊച്ചി - 18<br><br>ഫോൺ: 0484-2401448<br><br>**ഇ-മെയിൽ:**<br>khwwboard@gmail.com<br><br>**വെബ്സൈറ്റ്:**<br>www.khwwb.org |

| | | | | | |
|---|---|---|---|---|---|
| | | **വിദ്യാഭ്യാസധനസഹായം** : എസ്.എസ്.എൽ.സി ക്ക് ഉയർന്ന മാർക്ക് നേടുന്ന കുട്ടികൾക്ക് പ്രതിമാസം 400 രൂപ രണ്ടുവർഷത്തേക്ക് വിദ്യാഭ്യാസ ധനസഹായമായി അനുവദിക്കുന്നു. | | | |
| 8 | **കേരള ചുമട്ടു തൊഴിലാളി (അറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതി**<br>**[Kerala Headload Workers (Attached) Welfare Scheme]** | അറ്റാച്ച്ഡ് വിഭാഗം ചുമട്ടുതൊഴിലാളികൾക്ക് ഇതിൽ അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ**:<br><br>വിദ്യാഭ്യാസ ധനസഹായം: അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി.ക്ക് 100 രൂപ, പ്ലസ് ടു-200 രൂപ, ഡിഗ്രി - 300 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് 1,000 രൂപ (പ്രതിവർഷം) എന്ന നിരക്കിൽ | എല്ലാ സാമ്പത്തിക വർഷവും | | |
| 9 | **കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി**<br>**[Kerala Headload Workers (Scattered) Welfare Scheme]** | സ്കാറ്റേർഡ് വിഭാഗം ചുമട്ടു തൊഴിലാളികൾക്ക് അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ**:<br><br>വിദ്യാഭ്യാസധനസഹായം: അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സിക്ക് 200 രൂപ, പ്ലസ്ടു - 200 രൂപ, ഡിഗ്രി - 300 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് 1,000 രൂപ (പ്രതിവർഷം) എന്ന നിരക്കിൽ | എല്ലാ സാമ്പത്തിക വർഷവും | | |
| 10 | **കേരള ആഭരണ തൊഴിലാളി ക്ഷേമ നിധി ബോർഡ്**<br>**(Kerala Jewellery Workers Welfare Fund Board)** | സ്വർണ്ണം, വെള്ളി, മുത്ത്, പവിഴം മുതലായവ ഉപയോഗിച്ച് ആഭരണം, രൂപം എന്നിവ നിർമ്മിക്കുന്ന തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം.<br>**ആനുകൂല്യങ്ങൾ**:<br>സ്കോളർഷിപ്പ് : തൊഴിലാളികളുടെ മക്കൾക്ക് കോഴ്സുകളുടെ അടിസ്ഥാനത്തിൽ 500 രൂപ | എല്ലാ സാമ്പത്തിക വർഷവും | | കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം<br>ഫോൺ: 0471-2574651 |

| | | | | | |
|---|---|---|---|---|---|
| | | മുതൽ 2,000 രൂപ വരെ അനുവദിക്കുന്നു | | | |
| 11 | **കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്**<br>**(Kerala Labour Welfare Fund Board)** | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നിന്നും ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ 2 (ജി) വകുപ്പിൽ വരുന്ന തൊഴിലാളികൾ, പ്ലാന്റേഷൻ ലേബർ നിയമത്തിലെ 2 (എഫ്) വകുപ്പിൽ വരുന്ന തൊഴിലാളികൾ, 1960 -ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ 20-ലധികം തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവർക്ക് അംഗമാകാം.<br><br>**ആനുകല്യങ്ങൾ:**<br><br>ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ധനസഹായം : എട്ടുമുതൽ പത്തു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു പ്രതിവർഷം 600 രൂപ വരെ നല്കുന്നു.<br><br>**ഉന്നതവിദ്യാഭ്യാസധനസഹായം:**<br>പ്ലസ്വൺ മുതൽ 800 രൂപയും, ഡിഗ്രിതലത്തിൽ 1500 രൂപയും, പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ എഞ്ചിനീയറിംഗിന് - 3000 രൂപ, ആയുർവേദം - 2400 രൂപ, ബി.എസ്. സി നഴ്സിംഗ് - 2000 രൂപ വരെയും അനുവദിക്കുന്നു. കൂടാതെ അംഗങ്ങളുടെ മക്കൾക്ക് 50% ഫീസ് നിരക്കിൽ കമ്പ്യൂട്ടർ ട്രെയിനിങ് നൽകുന്നു. എസ്.സി/എസ്.ടി വിഭാഗത്തിനു 100% ഫീസ് ആനുകൂല്യം | എല്ലാ സാമ്പത്തിക വർഷവും | | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, ഒപ്പോസിറ്റ് തോപ്പിൽ ലൈൻ, കുന്നുപുറം റോഡ്, വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം : 695035<br>ഫോൺ: 0471-2463769<br><br>**ഇ-മെയിൽ:**<br>welfare.labour@gmail.com<br><br>**വെബ്സൈറ്റ്:**<br>www.labourwelfarefund.in |

| | | | | | |
|---|---|---|---|---|---|
| | | അന്ധ, ബധിര, മൂക, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുള്ള തൊഴിലാളിക്കു പ്രത്യേക ധനസഹായമായി അംഗം റിട്ടയർ ചെയ്യുന്ന തീയതി വരെ പ്രതിമാസം 100 രൂപയും അനുവദിക്കുന്നു. | | | |
| 12 | **കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധി ബോർഡ്** **(Kerala Motor Transport Workers Welfare Fund Board)** | വാഹനയുടമകൾ രജിസ്ട്രേഷൻ സമയത്തു ഹാജരാക്കുന്ന ഫോം 3 – ലെ ലിസ്റ്റിലുള്ള തൊഴിലാളികൾക്ക് അംഗമാകാം.<br><br>തൊഴിലാളി ആനുകൂല്യത്തിന് രജിസ്റ്റർ ചെയ്തു വരിസംഖ്യ കൃത്യമായി അടയ്ക്കുന്നവർക്കായിരിക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.<br><br>**ആനുകൂല്യങ്ങൾ:**<br>അംഗങ്ങളുടെ മക്കളിൽ സ്കൂൾതലം മുതൽ പോസ്റ്റ് ഗ്രാജുവേഷൻ തലം വരെയുള്ള കോഴ്സുകൾ പഠിക്കുന്നവർക്ക് കോഴ്സുകൾക്കനുസരിച്ച് പ്രതിവർഷം 500 രൂപ മുതൽ 7500 രൂപ വരെ നല്കുന്നു. | എല്ലാ സാമ്പത്തിക വർഷവും | അതാത് ജില്ലാ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,<br>ജയം ബിൽഡിംഗ്,<br>എം.ഡബ്ല്യു.ആർ.എ,<br>മുണ്ടയ്ക്കൽ വെസ്റ്റ്,<br>കൊല്ലം - 691001<br><br>ഫോൺ: 0474-2742818,<br>0474-2741288<br><br>**ഇ-മെയിൽ:**<br>motor.worker@gmail.com<br><br>**വെബ്സൈറ്റ്:**<br>www.kmtwwfb.org |
| 13 | **കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമ നിധി പദ്ധതി(Kerala Auto Rickshaw Workers Welfare Fund Scheme)** | **ആനുകൂല്യങ്ങൾ:**<br><br>വിദ്യാഭ്യാസ സ്കോളർഷിപ്: അംഗങ്ങളുടെ മക്കളിൽ 8,9,10, +2 ക്ലാസുകളിൽ പഠിക്കുന്നവർക്ക് 300 രൂപ മുതൽ 800 രൂപവരെ ധനസഹായം നല്കുന്ന പദ്ധതി. | എല്ലാ സാമ്പത്തിക വർഷവും | | |
| 14 | **കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമ നിധി ബോർഡ്** **(Kerala Toddy** | കള്ളുചെത്തുതൊഴിൽ സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾക്ക് അംഗമാകാം.<br>**ആനുകൂല്യങ്ങൾ:**<br>സ്കോളർഷിപ്പും ക്യാഷ് അവാർഡുകളും : കള്ളുചെത്തു | എല്ലാ സാമ്പത്തിക വർഷവും | അതാത് ജില്ലാ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത് | കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ്,<br>മെഡിക്കൽകോളേജ്.പി.ഒ., ഉള്ളൂർ,<br>തിരുവനന്തപുരം.<br>ഫോൺ: 0471-2448093,<br>0471-2442287 |

| | | | | | |
|---|---|---|---|---|---|
| | Workers Welfare Fund Board) | തൊഴിലാളികളുടെ മക്കളിൽ ഗവൺമെന്റ് സ്കൂളുകളിലോ ഗവൺമെന്റ് അംഗീകൃത സ്ഥാപന ങ്ങളിലോ പഠിക്കുന്നവർക്ക് 750 രൂപ മുതൽ 5,600 രൂപവരെ സ്കോളർഷിപ് അനുവദിക്കുന്നു. പ്രൊഫഷണൽ ഡിഗ്രി/പി.ജി. കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ലാപ്ടോപ്<br><br>ക്യാഷ് അവാർഡും സ്വർണ മെഡലും : അംഗങ്ങളുടെ മക്കളോ ആശ്രിതരോ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് എ+ നേടിയാൽ അവർക്കു സ്വർണ മെഡലും ജില്ലാതലത്തിൽ ഉയർന്ന മാർക്കു വാങ്ങിയാൽ ക്യാഷ് അവാർഡും നൽകുന്നു. | | | **ഇ-മെയിൽ:** ktwwfboard.tvm@gmail.com<br><br>**വെബ്സൈറ്റ്:** www.toddyworkerswelfare.kerala.gov.in |
| 15 | **കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ്**<br>(Kerala Tailoring Workers Welfare Fund Board) | തയ്യൽതൊഴിലാളികൾക്കും തയ്യൽ സ്വയംതൊഴിലായി സ്വീകരിച്ചിട്ടുള്ള വർക്കും അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ:**<br><br>**ക്യാഷ് അവാർഡ്** : അംഗങ്ങളുടെ മക്കളിൽ 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ ലഭിക്കു ന്നവർക്ക് 1,000 രൂപ ക്യാഷ് അവാർഡ്.<br><br>**സ്കോളർഷിപ്** : 11-ാം ക്ലാസു മുതൽ പ്രൊഫഷണൽ കോഴ്സു കൾവരെ പഠിക്കുന്ന വിദ്യാർഥി കൾക്കു പ്രതിവർഷം 1,000 രൂപ മുതൽ 5,000 രൂപ വരെ നല്കു ന്നു. | എല്ലാ സാമ്പത്തിക വർഷവും | | **കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ്,**<br>റ്റി.സി. നം. 2447,<br>സി.ആർ കോംപ്ലക്സ്,<br>ഭവന നിർമ്മാണ ബോർഡ് ബിൽഡിംഗ്, പട്ടം,<br>പട്ടം പാലസ്.പി.ഒ.,<br>തിരുവനന്തപുരം<br><br>**ഫോൺ:** 0471-2448791,<br>0471- 2448592<br><br>**വെബ്സൈറ്റ്:** www.tailorwelfare.in |

| | | | | | |
|---|---|---|---|---|---|
| 16 | **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്** **(Kerala Small Plantation Workers Welfare Fund Board)** | പ്ലാന്റേഷൻ ലേബർ ആക്ടിനു കീഴിൽ വരാത്ത ചെറുകിട തോട്ട ങ്ങളിലെ തൊഴിലാളികൾക്ക് അംഗ മാകാം.<br><br>**ആനുകൂല്യങ്ങൾ:**<br><br>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് 2,000 രൂപ വരെ വിദ്യാ ഭ്യാസ സ്കോളർഷിപ്പ് നല്കുന്നു.<br><br>ആക്ടിലും പദ്ധതിയിലും പ്രതിപാ ദിച്ചിട്ടുള്ള പ്രകാരം അംശദായം കുടിശ്ശികയില്ലാതെ അടച്ച് അംഗത്വം നിലനിർത്തിയ അംഗങ്ങൾക്കു മാത്രമേ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹത ഉള്ളു. | എല്ലാ സാമ്പ ത്തിക വർഷവും | അതാത് ജില്ലാ ഓഫീസുകളി ലാണ് അപേക്ഷ സമർപ്പി ക്കേണ്ടത് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം,<br>അസാദ് ലൈൻ,<br>കോട്ടയം - 686001<br><br>ഫോൺ: 0481-2566672<br><br>**ഇ-മെയിൽ:**<br>cipkottayam@gmail.com<br><br>**കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക**<br>www.plantationworker.kerala.gov.in |
| 17 | **കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാ ബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡ്** **(Kerala Shops & Commercial Establishment Workers Welfare Fund Board)** | ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാ ബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജി സ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപന ങ്ങളിലെയും എല്ലാ തൊഴിലാ ളിക്കും അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ:**<br><br>വിദ്യാഭ്യാസാനുകൂല്യം: ഒരു വർഷ മെങ്കിലും അംശദായമടച്ച് അംഗ ത്തിന്റെ മക്കൾക്ക് എസ്.എസ്. എൽ.സി. മുതൽ പ്രൊഫഷണൽ ഗ്രാജ്വേറ്റ് കോഴ്സുകൾ വരെ മെരിറ്റ് അടിസ്ഥാനത്തിൽ 750 രൂപ മുതൽ 6,000 രൂപ വരെ നല്കു ന്നു. | എല്ലാ സാമ്പ ത്തിക വർഷവും | അതാത് ജില്ലാ ഓഫീസുകളി ലാണ് അപേക്ഷ സമർപ്പി ക്കേണ്ടത് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം,<br>ചെറിനൂർ ടവേഴ്സ്,<br>ഒന്നാംനില, വഞ്ചിയൂർ.പി.ഒ<br><br>ഫോൺ: 0471-2572758,<br>0471-2572189<br><br>**വെബ്സൈറ്റ്:**<br>www.peedika.kerala.gov.in |

| | | | | | |
|---|---|---|---|---|---|
| | | എസ്.എസ്.എൽ.സി, പ്ലസ്ടു എല്ലാ വിഷയത്തിനും A+ വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് 3,000 രൂപ നല്കും. | | | |
| 18 | **കേരള അസംഘടിത തൊഴിലാളി സാമൂഹികസുരക്ഷാ ബോർഡ്** **(Kerala Unorganised Social Security Board)** | കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിപദ്ധതി, കേരള അലക്കുതൊഴിലാളിക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളിക്ഷേമപദ്ധതി, കേരള പാചകത്തൊഴിലാളി ക്ഷേമപദ്ധതി, കേരള ക്ഷേത്രജീവനക്കാരുടെ ക്ഷേമപദ്ധതി എന്നീ പദ്ധതികൾ ഈ ബോർഡിൽ ലയിപ്പിച്ചിട്ടുണ്ട്.<br><br>സ്വയംതൊഴിൽ ചെയ്യുന്ന, മറ്റു ക്ഷേമപദ്ധതികളിൽ അംഗമല്ലാത്ത, 14 വയസ് പൂർത്തിയാക്കുകയും 59 വയസ്സ് പൂർത്തിയാകാതിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമാകാം.<br><br>**ആനുകൂല്യങ്ങൾ:**<br><br>വിദ്യാഭ്യാസധനസഹായം: ആം ആദ്മി ബീമാ യോജന പ്രകാരം 750 രൂപ മുതൽ 2500 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. | എല്ലാ സാമ്പത്തിക വർഷവും | | |

# IX പൊതുവിദ്യാഭ്യാസവകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി- യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറ ങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **സ്കൂൾ കുട്ടി കൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി** | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അപകടം സംഭവിച്ചാൽ എ.പി.എൽ, ബി.പി.എൽ വ്യത്യാസ മില്ലാതെ 50,000 രൂപയും, മരണം സംഭവിച്ചാൽ 1,00,000 രൂപയും ധന സഹായമായി നല്കുന്ന പദ്ധതി. | അതാത് സാമ്പത്തിക വർഷം | **അപേക്ഷിക്കേണ്ട വിധം :** വിദ്യാഭ്യാസ ഉപ ഡയറ ക്ടർ മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകണം | പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ, ജഗതി, തിരുവനന്തപുരം<br><br>ഫോൺ: 0471-2325106<br>2324601<br><br>**ഇ-മെയിൽ:**<br>director.ge@kerala.gov.in<br><br>**വെബ്സൈറ്റ്:**<br>www.education.kerala.gov.in |
| 2 | **ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ്** | മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ജൈനർ, ബുദ്ധർ, പാഴ്സി എന്നീ ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് കുടുംബ വരുമാനത്തിന്റെയും പഠനമികവി ന്റെയും അടിസ്ഥാനത്തിൽ നല്കിവ രുന്ന സ്കോളർഷിപ്പാണിത്. ഒന്നു മുതൽ പത്താംക്ലാസ് വരെയുള്ള കുട്ടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. അപേക്ഷകന്റെ കുടും ബവാർഷിക വരുമാന പരിധി 1,00,000 രൂപയാണ്. ഈ സ്കോളർഷിപ്പിനൊപ്പം മറ്റു കേന്ദ്ര/ സംസ്ഥാന സ്കോളർഷിപ്പുകൾക്ക് അർഹതയില്ല. ഇതു പ്രകാരം അഡ്മി ഷൻ ഫീസ്, ട്യൂഷൻ ഫീസ് എന്നീ ഇനത്തിൽ V – X വരെ 500 രൂപ വീതം പ്രതിവർഷം (ഡേ-സ്കോളർ, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്കും) അനുവദിക്കുന്നു. | കേന്ദ്ര സർക്കാർ വിജ്ഞാപന ത്തിനു വിധേയം | | |

| | | | | | |
|---|---|---|---|---|---|
| | | മെയിന്റനൻസ് അലവൻസ് I – V വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 100 രൂപ വീതം (ഡേ-സ്കോളർ)<br><br>V – X വരെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് 600 രൂപ വരെ പ്രതിമാസം അനുവദിക്കുന്നു.<br><br>100 രൂപ പ്രതിമാസം ഡേ-സ്കോളറിനും അനുവദിക്കുന്നു. | | | |
| 3 | **ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ്** | 9, 10 ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മെയിന്റനൻസ് അലവൻസ്, ബുക്ക് ഗ്രാന്റ്, ഡിസബിലിറ്റി അലവൻസ് എന്നിങ്ങനെ ആനുകൂല്യം ലഭിക്കുന്ന കേന്ദ്ര ആവിഷ്കൃത പദ്ധിയാണിത്. ഇത് പ്രകാരം സ്കോളർഷിപ്പ് ഇനത്തിൽ ഡേ-സ്കോളറിനും,ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടിക്കും പ്രതിമാസം 500 രൂപ വീതവും, മെയിന്റനൻസ് അലവൻസ് ഇനത്തിൽ 800 രൂപ വീതവും, ബുക്ക് ഗ്രാന്റ് ഇനത്തിൽ 1000 രൂപ പ്രതിമാസ ഇനത്തിലും, ഡിസബിലിറ്റി അലവൻസ് നിരക്കിൽ പ്രതിവർഷം കാഴ്ചവൈകല്യം ഉള്ള കുട്ടികൾക്ക് – 4,000 രൂപയും<br><br>ശ്രവണവൈകല്യം ഉള്ള കുട്ടികൾക്ക് – 2,000 രൂപയും<br><br>ശാരീരിക വൈകല്യം ഉള്ള കുട്ടികൾക്ക് – 2,000 രൂപയും<br><br>ബുദ്ധിവൈകല്യം ഉള്ള കുട്ടികൾക്ക് – 4,000 രൂപയും | കേന്ദ്ര സർക്കാർ വിജ്ഞാപനത്തിനു വിധേയം | | |

| | | | | | |
|---|---|---|---|---|---|
| | | മുകളിൽ പരാമർശിച്ചതിൽ ഉൾപ്പെടാത്ത മറ്റു വൈകല്യമുള്ള കുട്ടികൾക്ക് 2,000 രൂപ വീതവും നല്കിവരുന്നു. | | | |
| 4 | **മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ/മറ്റു പിന്നാക്ക വിഭാഗങ്ങളിൽ പ്പെടുന്ന പെൺകുട്ടികൾക്കുള്ള ധനസഹായം** | കുടുംബ വാർഷിക വരുമാനം 25,000 രൂപയിൽ കുറവായ കുടുംബത്തിലെ 4 ക്ലാസ് മുതൽ 10 ക്ലാസ് വരെ പഠിക്കുന്ന പെൺകുട്ടികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നു.<br><br>എൽ.പി/യു.പി വിഭാഗം - 125 രൂപ,<br><br>ഹൈസ്കൂൾ വിഭാഗം - 150 രൂപ | **സമയപരിധി :** ഓരോ അക്കാദമിക്ക് വർഷത്തിലും ആറാം പ്രവൃത്തി ദിനത്തിനുശേഷം | **അപേക്ഷിക്കേണ്ട വിധം/വിലാസം:** മതിയായ രേഖകൾ സഹിതം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സ്ഥാപന മേധാവി, എ.ഇ.ഒ/ പൊതുവിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം | **പദ്ധതി നടപ്പിലാക്കുന്ന ഓഫീസ് :** ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കാര്യാലയം |
| 5 | **ലോവർ സെക്കൻഡറി സ്കോളർഷിപ്പ് (എൽ. എസ്.എസ്)** | സർക്കാർ എയിഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷാ കമ്മീഷണർ നടത്തുന്ന മത്സരപരീക്ഷയിൽ വിജയിക്കുന്നവർക്ക് ഈ സ്കോളർഷിപ്പിനു അർഹരാകുന്നത്. തുടർന്ന് 5, 6, 7 ക്ലാസുകളിൽ പഠിക്കുമ്പോൾ സ്കോളർഷിപ്പ് തുകയായി പ്രതിവർഷം 1,000 രൂപ ലഭിക്കുന്നു. | **സമയപരിധി :** ഓരോ അക്കാദമിക്ക് വർഷത്തിലും ആറാം പ്രവൃത്തി ദിനത്തിനുശേഷം | | |
| 6 | **അപ്പർ സെക്കന്ററി സ്കോളർഷിപ്പ് (യു.എസ്.എസ്)** | സർക്കാർ എയിഡഡ് സ്കൂളുകളിലെ 7 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷാകമ്മീഷണർ നടത്തുന്ന മത്സരപരീക്ഷയിൽ വിജയിക്കുന്നവർക്ക് ഈ സ്കോളർഷിപ്പിനു അർഹരാകുന്നത്. തുടർന്ന് 8, 9, 10 ക്ലാസുകളിൽ പഠിക്കുമ്പോൾ സ്കോളർഷിപ്പ് തുകയായി പ്രതിവർഷം 1,500 രൂപ വീതം ലഭിക്കുന്നു. | **സമയപരിധി :** ഒരോ അക്കാദമിക്ക് വർഷത്തിലും ആറാം പ്രവൃത്തി ദിനത്തിനുശേഷം | | |

| | | | | | |
|---|---|---|---|---|---|
| 7 | **നാഷണൽ സ്കോളർഷിപ്പ്** | അപ്പർസെക്കന്ററി സ്കോളർഷിപ്പ് (യു.എസ്.എസ്) പരീക്ഷയിൽ വിജയികളാകുന്ന കുട്ടികളിൽ നിന്നും അർഹരായ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 300 രൂപ വീതം നല്കുന്ന പദ്ധതിയാണിത്.<br>സംസ്ഥാനത്തെ സ്കൂളുകളെ ബ്ലോക്കടിസ്ഥാനത്തിൽ തരം തിരിച്ച് ഓരോ ബ്ലോക്കിലും ജനറൽ 4, ഭൂരഹിതർ -2 , പട്ടികജാതി - 2 എന്ന ക്രമത്തിലാണ് സ്കോളർഷിപ്പ് നല്കുന്നത്. | **സമയപരിധി :** ഓരോ അക്കാദമിക്ക് വർഷത്തിലും ആറാം പ്രവൃത്തി ദിനത്തിനുശേഷം | | |
| 8 | **സൈനികസ്കൂൾ സ്കോളർഷിപ്പ്** | രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി സ്കൂൾ, കഴക്കൂട്ടം സൈനിക സ്കൂൾ എന്നിവിടങ്ങളിൽ 6 മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് 21,000 രൂപ സ്കോളർഷിപ്പ് തുക അനുവദിക്കുന്നു കൂടാതെ ദിവസം 50 രൂപ നിരക്കിൽ ഭക്ഷണ ചെലവും അനുവദിക്കുന്നു. | **അപേക്ഷ കാലാവധി**: അക്കാദമിക്ക് വർഷത്തിന്റെ ആരംഭം | | |
| 9 | **ശുദ്ധ സംസ്കൃത സ്കോളർഷിപ്പ്** | ഈ സ്കോളർഷിപ്പ് പ്രകാരം ശുദ്ധ സംസ്കൃതം സ്കൂളുകളിൽ മുൻവർഷത്തെ വാർഷിക പരീക്ഷയിൽ യു.പി. വിഭാഗത്തിൽ സംസ്കൃതത്തിന് ഉയർന്ന മാർക്ക് നേടുന്ന 6 കുട്ടികൾക്ക് 250 രൂപ വീതവും. ഹൈസ്കൂൾ വിഭാഗത്തിൽ 300 രൂപ വീതവും നല്കിവരുന്നു.<br><br>സംസ്കൃതം പ്രഥമഭാഷയായി പഠിപ്പിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും ഈ സ്കോളർഷിപ്പ് അർഹത ഉണ്ടായിരിക്കുക. പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. | | | |
| 10 | **സംസ്കൃത സ്കോളർഷിപ്പ്** | ഓരോ അദ്ധ്യായനവർഷവും അക്കാദമിക് സ്കൂളുകളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ജനുവരി മാസം നടത്തുന്ന സ്കോളർഷിപ്പ് | എ.ഇ.ഒ തലത്തിൽ ലഭിക്കുന്ന ലിസ്റ്റിന്റെ | | |

| | | | | | |
|---|---|---|---|---|---|
| | | പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് നല്കുന്ന സ്കോളർഷിപ്പാണിത്.<br><br>സ്കോളർഷിപ്പ് തുകയായി എൽ.പി. വിഭാഗത്തിൽ ഓരോ കുട്ടിക്കും 100 രൂപ വീതവും യു.പി. വിഭാഗത്തിൽ ഓരോ കുട്ടിക്കും 400 രൂപ വീതവും, ഹൈസ്കൂൾ വിഭാഗത്തിൽ ഓരോ കുട്ടിക്കും 600 രൂപ വീതവും നല്കി വരുന്നു.<br><br>സംസ്കൃതം പ്രഥമഭാഷയായി പഠിപ്പിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുക. പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. | അടിസ്ഥാനത്തിൽ ജനുവരി അവസാന ആഴ്ച പരീക്ഷ നടത്തുന്നു | | |
| 11 | **1-8 ക്ലാസ്സുകളിലെ പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്കുള്ള സാമ്പത്തിക സഹായം** | 40 ശതമാനമോ അതിൽ അധികമോ വൈകല്യമുള്ള, ശ്രവണ വൈകല്യം, കാഴ്ച വൈകല്യം, ഓട്ടിസം. അസ്ഥി സംബന്ധമായ വൈകല്യം ഉള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം നല്കുന്ന പദ്ധതിയാണിത്.<br><br>ഓരോ വർഷവും ഭരണാനുമതി ലഭിക്കുന്നതനുസരിച്ച് ആനുകൂല്യ തുകയിൽ മാറ്റം ഉണ്ടാകും. മറ്റു കേന്ദ്ര സംസ്ഥാന സ്കോളർഷിപ്പുകൾ നേടുന്ന കുട്ടികൾക്കും ഈ സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരിക്കും. | **സമയപരിധി:** ഓരോ അക്കാദമിക് പരിപത്രം അനുസരിച്ച് | ആവശ്യമായ വിവരങ്ങൾ : കുട്ടികളുടെ പേര്, ആധാർ നമ്പർ, വൈകല്യത്തിന്റെ സ്വഭാവം, വൈകല്യത്തിന്റെ ശതമാനം എന്നീ വിവരങ്ങൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടുത്തി സ്കൂൾ പ്രധാനഅദ്ധ്യാപകൻ അതാതു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കണം. | |
| 12 | **ഒറ്റതവണ സ്കോളർഷിപ്പ് (സംസ്ഥാന സ്കൂൾ കലോ** | സംസ്ഥാന സ്കൂൾ കലോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന് 'എ' ഗ്രേഡ് നേടുന്ന 1 മുതൽ | സമയപരിധി ബാധകമല്ല | പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല | |

| | | | | | |
|---|---|---|---|---|---|
| | **ത്സവം 'എ' ഗ്രേഡ് നേടുന്ന കുട്ടികൾക്ക്)** | 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് 1,000 രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണിത്. | | | |
| 13 | **ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ (N.F.T.W) ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും** | സർക്കാർ/ എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ 'എ' പ്ലസ് നേടുന്ന കുട്ടികൾക്ക് 1,000 രൂപ ക്യാഷ് അവാർഡ് നല്കുന്ന പദ്ധതിയാണിത്. | **സമയ പരിധി:** റിസൾട്ട് കഴിഞ്ഞ് 2 മാസത്തിനകം | | |
| 14 | **നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്** | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി എസ്.സി.ഇ.ആർ.ടി നടത്തുന്ന മത്സരപരീക്ഷയിൽ ഉന്നത റാങ്ക് നേടി വിജയിക്കുന്ന കുട്ടികൾക്ക് തുടർന്നുള്ള 9, 10, 11, 12 ക്ലാസുകളിലേയ്ക്ക് പ്രതിവർഷം 12,000 രൂപവീതം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടിയുടെ രക്ഷിതാവിന്റെ വാർഷിക വരുമാനം 1.5 ലക്ഷത്തിൽ കുറവ് ആയിരിക്കണം | **സമയപരിധി :** കേന്ദ്രസർക്കാർ വിഞ്ജാപനത്തിന് വിധേയം | | |
| 15 | **ഉച്ചഭക്ഷണ പദ്ധതി** | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം നല്കുന്ന പദ്ധതിയാണിത്.<br><br>ജാതി-മത, ലിംഗ-വർണ്ണ-വർഗ്ഗ വിവേചനമില്ലാതെ സാമൂഹിക പരവും, ആരോഗ്യപരവും, വിദ്യാഭ്യാസപരവുമായി മുന്നോക്കം നില്ക്കുന്ന ഒരു തലമുറയെ വാർത്ത് എടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്.<br><br>എം.ജി.എൽ.സി/ ബദൽ സ്കൂളുകളിലെ കുട്ടികൾ, സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ടെക്നിക്കൽ ഹൈസ്കൂ | സമയപരിധി ബാധകമല്ല | | |

| | | | | | |
|---|---|---|---|---|---|
| | | ളിലെ 8 -ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ എന്നിവർ എല്ലാം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.<br><br>പദ്ധതിയുടെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായ നിർവ്വഹണ, നിരീക്ഷണ സംവിധാനങ്ങൾക്കുമായി www.mdms.kerala.gov.in എന്ന വെബ്സൈറ്റ് തയാറാക്കിയിട്ടുള്ളതുമാണ്. | | | |
| 16 | **കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായ പദ്ധതി** | നൃത്തയിനങ്ങളിൽ മികവുള്ള നിർദ്ധനരായ പട്ടികജാതി വിഭാഗത്തിൽപെട്ട സർക്കാർ/എയ്ഡഡ് സ്കൂൾവിദ്യാർത്ഥികൾക്ക് യുവജനോത്സവ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരമാവധി 10,000 രൂപ ധനസഹായം അനുവദിക്കുന്നു. | **സമയപരിധി** : അതാത് സാമ്പത്തിക വർഷം | **അപേക്ഷിക്കേണ്ടത്** : സ്കൂളധികാരികൾ വഴി അതതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് (ഡി.ഡി.ഇ.) അപേക്ഷ സമർപ്പിക്കുക | |
| 17 | **സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി +സ്റ്റിച്ചിങ് ചാർജ്ജ്** | ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 400 രൂപവീതം യൂണിഫോം അലവൻസായി നല്കുന്നു. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും ഒന്നുമുതൽ അഞ്ചുവരെ ഉള്ള സർക്കാർ സ്കൂളിലെ കുട്ടികൾക്കും സൗജന്യ കൈത്തറി യൂണിഫോം, ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ എയ്ഡഡ് സ്കൂൾ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ എ.പി.എൽ ആൺകുട്ടികൾക്കും യൂണിഫോം നൽകുന്നത് പൂർണ്ണമായും സംസ്ഥാനഫണ്ട് ഉപയോഗിച്ചാണ്. | | പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല | |
| 18 | **ഇൻസ്പെയർ അവാർഡ്** | ശാസ്ത്ര മേളകളിൽ തെരഞ്ഞെടുക്കുന്ന ശാസ്ത്ര പ്രതിഭകളായ കുട്ടികൾക്ക് 5,000 രൂപ വീതം അവാർഡ് നൽകുന്നു. | **സമയപരിധി** : കേന്ദ്രസർക്കാർ വിജ്ഞാപന | പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല | |

| | | | | | |
|---|---|---|---|---|---|
| | | ഓരോ വർഷവും രണ്ടുലക്ഷം ശാസ്ത്രപത്രിഭകളെ ദേശീയതല ത്തിൽ കണ്ടെത്തി പ്രോത്സാഹിപ്പി ക്കുക എന്ന ഉദ്ദേശത്തോടെ ഓരോ സ്കൂളിലെയും ശാസ്ത്രവിഷയങ്ങ ളിൽ താൽപര്യമുള്ള രണ്ടുകുട്ടികളെ വീതം നേരിട്ടു തെരഞ്ഞെടുക്കുകയും ഇവരെ പങ്കെടുപ്പിച്ച് ജില്ലാ – സംസ്ഥാന ശാസ്ത്രമേളകൾ സംഘടി പ്പിക്കുകയും ജില്ലാവിജയികളെ സംസ്ഥാനതലമത്സരത്തിലും സംസ്ഥാ നതല വിജയികളെ ദേശീയതല ത്തിൽ നടക്കുന്ന ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ജില്ലാ – സംസ്ഥാനതല മത്സരങ്ങളിലെ വിജയികളുടെ പട്ടിക വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പൊതുവിദ്യാ ഭ്യാസ ഡയറക്ടർക്ക് നൽകുന്നു. | ത്തിനു വിധേയം | | |
| 19 | **സംസ്ഥാന സ്കൂൾ കലോത്സവം** | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിജയികളായ കുട്ടികൾക്ക് ഒന്നാം സ്ഥാനം – 2,000 രൂപ. രണ്ടാം സ്ഥാനം – 1,600 രൂപ. മൂന്നാം സ്ഥാനം – 1,200 രൂപ. കൂടാതെ ഗ്രേസ് മാർക്കും നൽകുന്ന പദ്ധതിയാണിത്. | | സംസ്ഥാന സ്കൂൾ കലോ ത്സവത്തിൽ വിജയികളാ കുന്ന കുട്ടികൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേന വിദ്യാ ഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം | |
| 20 | **സോണൽ ഗയിംസ്** | 14 ജില്ലകളെയും രണ്ട് സോണുക ളായി തിരിച്ച് 13 ഇനങ്ങളിലായി സോണൽ ഗയിംസ് മത്സരങ്ങളിൽ നട ത്തുന്നു. ഈ സോണൽ മത്സരങ്ങ ളിൽ നിന്നാണ് ദേശീയ ഗെയിംസ് മത്സരത്തിൽ പങ്കെടുക്കുന്ന താര ങ്ങളെ കണ്ടെത്തുന്നത്. സംസ്ഥാന സ്കൂൾ ഗെയിംസ് ചാമ്പ്യൻ ഷിപ്പിലേ യ്ക്കുള്ള യോഗ്യത നേടുന്നതും പ്രസ്തുത സോണൽ മത്സരത്തിൽ നിന്നാണ്. | | | **അപേക്ഷിക്കേണ്ട വിലാസം :** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (സ്പോർട്സ് ഓർഗനൈസർ) |

| | | | | | |
|---|---|---|---|---|---|
| | | സോണൽ ഗെയിംസ് നടത്തിപ്പിന്റെ ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടർക്കായിരിക്കും | | | |
| 21 | **സംസ്ഥാന സ്കൂൾ ഗെയിംസ് ചാമ്പ്യൻഷിപ്പ്** | സംസ്ഥാന സ്കൂൾ ഗെയിംസ് ചാമ്പ്യൻഷിപ്പിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 750, 625, 500 രൂപ ക്രമത്തിൽ സമ്മാനത്തുക നൽകുന്നു.<br><br>നടപടിക്രമം : സോണൽ മത്സരത്തിലെ രണ്ട് സോണിൽ നിന്നും ഒരു ഇനത്തിൽ 6 ജില്ലകൾ മാത്രമേ സംസ്ഥാന സ്കൂൾ ഗയിംസിൽ പങ്കെടുക്കുകയുള്ളു.<br><br>നടപ്പാക്കുന്നത് : പൊതുവിദ്യാഭ്യാസ ഡയറക്ടർ | | | **അപേക്ഷിക്കേണ്ട വിലാസം :** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (സ്പോർട്സ് ഓർഗനൈസർ) |
| 22 | **സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പ്** | സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ വിജയികളായ 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 750, 625, 500 രൂപ സമ്മാനം നൽകുന്നു.<br><br>നടപടിക്രമം : സബ്ജില്ല, റവന്യു ജില്ലാതലങ്ങൾ കഴിഞ്ഞ് വിജയികളാകുന്ന കുട്ടികളെയാണ് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നത്. ദേശീയ അക്വാട്ടിക് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുന്നതും ഈ ചാമ്പ്യൻഷിപ്പിൽ നിന്നാണ്.<br><br>നടപ്പാക്കുന്നത് : പൊതുവിദ്യാഭ്യാസ ഡയറക്ടർ | | | **അപേക്ഷിക്കേണ്ട വിലാസം :** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (സ്പോർട്സ് ഓർഗനൈസർ) |
| 23 | **ദേശീയ മത്സരങ്ങൾ** | ദേശീയ മത്സരങ്ങളിൽ വിജയികളായ 1,2,3 സ്ഥാനക്കാർക്ക് യഥാക്രമം 25,000, 20,000, 15,000 രൂപ സമ്മാനം നല്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | | നടപടിക്രമം : എസ്.ജി.എഫ്.ഐ നടത്തുന്ന ദേശീയ മത്സരങ്ങളിലെ വിജയികൾക്ക് ഒന്നും രണ്ടും മൂന്നും സമ്മാനം നൽകുന്നു. കൂടാതെ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്കും നൽകുന്നു.<br><br>ചുമതലയുള്ള സെക്ഷൻ : സ്പോർട്സ് | | | |

# X പട്ടികവർഗ്ഗവികസനവകുപ്പ്

<table>
<tr><th>നം.</th><th>പദ്ധതിയുടെ പേര്</th><th>പദ്ധതിയുടെ വിവരണം</th><th>പദ്ധതി-യുടെ കാലാവധി</th><th>സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ</th><th>ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ</th></tr>
<tr><td>1</td><td>പ്രീമെട്രിക് വിദ്യാഭ്യാസം</td><td>ഒന്നാം സ്റ്റാൻഡേർഡ് മുതൽ S.S.L.C വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യായന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു.
<table>
<tr><th>നേഴ്സറി വിഭാഗം</th><th>ലംപ്സം ഗ്രാന്റ്</th><th>പ്രതി മാസ സ്റ്റൈപ്പന്റ്</th></tr>
<tr><td>എൽ.പി. വിഭാഗം (I മുതൽ IV വരെ)</td><td>500</td><td>200</td></tr>
<tr><td>യു.പി. വിഭാഗം (V മുതൽ VIII വരെ)</td><td>900</td><td>200</td></tr>
<tr><td>ഹൈസ്കൂൾ വിഭാഗം</td><td>1000</td><td>200</td></tr>
<tr><td colspan="3">ഒരു ക്ലാസിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന്റെ 50% നൽകുന്നു</td></tr>
</table></td><td></td><td></td><td><u>വകുപ്പ് ആസ്ഥാനം:</u><br><br>ഡയറക്ടർ,<br>പട്ടികവർഗ്ഗവികസന വകുപ്പ്,<br>വികാസ് ഭവൻ നാലാം നില, തിരുവനന്തപുരം 695 033<br>ഫോൺ : 0471-2304594<br>0471-2303229<br>ഇ-മെയിൽ :<br>keralatribes@gmail.com<br><br>വെബ്സൈറ്റ്:<br><br>www.stdd.kerala.gov.in</td></tr>
<tr><td>2</td><td>പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം</td><td>പത്താംക്ലാസ് പഠനം പൂർത്തിയാക്കി +1, +2, VHSE എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ ലംപ്സംഗ്രാന്റ് തുകയായി 1400 രൂപ നൽകുന്നു. പ്രതിമാസ</td><td></td><td></td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | സ്റ്റൈപ്പന്റായി 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 800 രൂപയും 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 900 രൂപ വീതവും നൽകിവരുന്നു. | | | |
| 3 | **പ്രീമെട്രിക് ഹോസ്റ്റലുകൾ** | ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് സ്കൂളിനു സമീപം താമസിക്കാൻ സൗകര്യമൊരുക്കുന്ന 104 പ്രീമെട്രിക് ഹോസ്റ്റലുകൾ വകുപ്പ് നടത്തിവരുന്നു. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നു. ഇതിൽ 58 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും 1 എണ്ണം ഇരുവിഭാഗത്തിനും വേണ്ടി പ്രവർത്തിക്കുന്നു. ആഹാരച്ചെലവുകൾക്ക് അനുവദനീയമായ നിരക്ക് താഴെ കൊടുക്കുന്നു.<br><br>ഒന്നാംക്ലാസ് മുതൽ പത്താംക്ലാസുവരെ ഉള്ളവർക്ക് 3000 രൂപ<br>പ്ലസ് വൺ, പ്ലസ് ടൂ ക്ലാസുകളിൽ പഠിക്കുന്നവർക്ക് 3450 രൂപ | | | |
| 4 | **പോസ്റ്റ്മെട്രിക് ഹോസ്റ്റൽ** | പ്ലസ് ടൂ ക്ലാസിനുമുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാൻ പട്ടികവർഗ്ഗവികസനവകുപ്പിന്റെ കീഴിൽ നിലവിൽ ഒൻപത് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. | | | |
| 5 | **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)** | സമർത്ഥരായ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ റസിഡൻഷ്യൽ സൗകര്യത്തോടുകൂടി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ജില്ലകളിലെ ഐറ്റിഡിപി പ്രോജക്ട് ഓഫീസർ/ പട്ടികവർഗ്ഗവികസന ഓഫീസർമാർക്കാണ് പ്രവേശനത്തിനുള്ള അപേക്ഷ നൽകേണ്ടത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷികവരുമാനപരിധി ഒരു ലക്ഷം (1,00,000) രൂപയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഭക്ഷണച്ചെലവ് അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | | പ്രതിമാസനിരക്ക്<br>ഒന്നം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥി കൾക്ക് — 3,000 രൂപ<br>ഹയർ സെക്കൻഡറി വിഭാഗം വിദ്യാർത്ഥികൾക്ക് — 3,450 രൂപ | | | |
| 6 | **അയ്യങ്കാളി മെമ്മോ റിയൽ ടാലന്റ് സേർച്ച് ആൻഡ് ഡവലപ്മെന്റ് പദ്ധതി** | സമർത്ഥരായ പട്ടികവർഗ്ഗവിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ തുടർപഠനത്തിനുള്ള എല്ലാ സഹായവും നൽകുന്ന പദ്ധ തിയാണിത്. അഞ്ചാം ക്ലാസുമുതൽ പത്താം ക്ലാസുവരെ തുടർ സ്കോളർഷിപ്പ് നൽകു ന്നു. അഞ്ചാംക്ലാസ് മുതൽ ഏഴാംക്ലാസ് വരെ യുള്ള വിദ്യാർത്ഥികൾക്ക് 4,900 രൂപയും 8 മുതൽ 10 വരെ ക്ലാസിലെ വിദ്യാർത്ഥി കൾക്കു 5,900 രൂപയും വീതമാണ് സ്കോളർഷിപ്പ്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാലാം ക്ലാസിൽ പഠിക്കുന്ന 200 പട്ടികവർഗ്ഗവിദ്യാർത്ഥികളെ ഓരോവർഷവും മത്സരപ്പരീക്ഷയിലൂടെ തെര ഞ്ഞെടുക്കും. | | | |
| 7 | **വസ്ത്രവിതരണം** | ട്രൈബൽ സ്കൂളുകളിലെ ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടു ജോഡി യൂണിഫോം നൽകിവരുന്നു. ഇതിന് യൂണിഫോം അലവൻസായി 500 രൂപ നൽകി വരുന്നു. | | | |
| 8 | **സമർത്ഥരായ വിദ്യാർത്ഥി കൾക്ക് പ്രത്യേക പ്രോത്സാഹനം** | അക്കാദിക് -കലാ-കായികമത്സരങ്ങളിൽ ഉന്ന തവിജയം നേടുന്ന പട്ടികവർഗ്ഗവിദ്യാർത്ഥി കൾക്ക് പ്രത്യേക പ്രോത്സാഹനം. എസ്.എസ്. എൽ.സി, പ്ലസ് ടൂ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3,000 രൂപയും നൽകുന്നു. | | | |
| 9 | **ഭാരതദർശൻ, (സ്കൂൾ, കോളേജ് വിദ്യാർത്ഥി കൾക്ക് പഠന യാത്ര)** | പ്രത്യേകദുർബ്ബലഗോത്രവിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്രപ്രാ ധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ അവസ രമൊരുക്കുന്ന പദ്ധതിയാണു ഭാരതദർശൻ. ഭാരതദർശനു പുറമെ പഠനത്തിൽ മികവു | | | |

| | | | | | |
|---|---|---|---|---|---|
| | | പുലർത്തുന്ന പ്ലസ് ടൂ വിലും ഡിഗ്രി ക്ലാസിലും ബിരുദാനന്തരബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുക ളിലും പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥി കൾക്കു വിദ്യാഭ്യാസസ്ഥാപനങ്ങൾവഴി വിനോ ദയാത്രയ്ക്കും പഠനയാത്രയ്ക്കുമുള്ള യഥാർത്ഥചെലവ് സാമ്പത്തികസഹായമായി നൽകിവരുന്നു. | | | |
| 10 | **മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്** | പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയ യ്ക്കാൻ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കു പ്രതിമാസം 10 രൂപ നിരക്കിൽ പ്രോത്സാഹന ധനസഹായമായി നൽകിവരുന്നു. ഓരോ അദ്ധ്യായനവർഷവും 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കാണ് ഈ സഹായം നൽകുന്നത്.<br>സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കു. | | | |
| 11 | **സാമൂഹിക പഠനമുറി** | പട്ടികവർഗ്ഗവിഭാഗക്കാരുടെ വിദ്യാഭ്യാസനില വാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കുന്ന പദ്ധതി. പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്കു പഠനസൗകര്യങ്ങൾ ഒരു ക്കുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാ ക്കുന്നത്. കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി തെര ഞ്ഞെടുത്ത് പട്ടികവർഗ്ഗവിദ്യാർത്ഥികളെ പഠ നകാര്യത്തിൽ സഹായിക്കൽ, വിദ്യാർത്ഥി കൾക്കു ട്യൂഷൻ നല്കൽ, പഠനസാമഗ്രികൾ വിതരണം ചെയ്യൽ, ലഘുഭക്ഷണം നല്കൽ എന്നിവയും കംപ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കുകയുമാണു ലക്ഷ്യം. | | | |
| 12 | **ഗോത്രബന്ധു-പ്രൈമറി സ്കൂളു കളിൽ ഗോത്രവി ഭാഗ അദ്ധ്യാപക രുടെ സേവനം** | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക ളുടെ പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ ടിടിസി, ബിഎഡ് യോഗ്യതയുള്ള യുവവിദ്യാ സമ്പന്നരെ (ആണോ പെണ്ണോ) ആദിവാസി | | | |

| | | | | | |
|---|---|---|---|---|---|
| | | ഭാഷയുടെയും മലയാളഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകരോ ആയി പ്രവർത്തിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ഗോത്രവിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുകയും കൊഴിഞ്ഞുപോക്കു കുറയ്ക്കുകയും 100 ശതമാനം ആദിവാസിക്കുട്ടികൾക്കു സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കുവേണ്ട പരിശീലനം നൽകുകയും ചെയ്യുന്ന ഉപദേശകരായോ സാമൂഹികസേവകരായോ ഈ അദ്ധ്യാപകർ പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റെയും വിദ്യാർത്ഥികളുടെയും ഇടയിൽ മുഖ്യകണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. | | | |
| 13 | **കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)** | സംസ്ഥാന അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സംരക്ഷണാർത്ഥം പ്രതിമാസ ധനസഹായമായി 1500 രൂപ നൽകുന്ന പദ്ധതിയാണിത്. | | | |
| 14 | **ഗോത്രവാത്സല്യ നിധി - പട്ടികവർഗ്ഗപെൺകുട്ടികൾക്കുള്ള ഇൻഷുറൻസ് പദ്ധതി** | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കുക, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹികപദവി ഉയർത്തുക, കൊഴിഞ്ഞുപോകുന്നതു തടയുക എന്നീ കാര്യങ്ങൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുന്ന പദ്ധതി. ഇൻഷ്വർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗപെൺകുട്ടികൾ പത്താം ക്ലാസ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ആണ് ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാവുന്നത്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനനരജിസ്ട്രേഷൻ തുടങ്ങി പ്രതിരോധകുത്തിവയ്പ്, സ്കൂൾ പ്രവേശനം തുടങ്ങിയ നടപടികളിലൂടെ പെൺകുട്ടി പത്താംക്ലാസിൽ എത്തുന്നതോടെയാണു സ്വയം പര്യാപ്തത കൈവരിക്കുന്നത്. ഇൻഷുറൻസ് തുക ജീവിതനിലനിൽപ്പിനായോ ഉന്നതവിദ്യാഭ്യാസത്തിനായോ ഉപയോഗിക്കാം. | | | |

## XI പിന്നോക്ക വിഭാഗ വികസന വകുപ്പ് (ഒ.ബി.സി)

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്** | സ്റ്റാൻഡേർഡ് I–X: 1000 രൂപ സ്റ്റൈപ്പെന്റും, 500 രൂപ അഡ്ഹോക് ഗ്രാന്റും ഉൾപ്പെടെ 1,500 രൂപ വീതം നല്കുന്ന പദ്ധതി.<br><br>**അർഹതാമാനദണ്ഡം:** സംസ്ഥാന സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2,50,000 രൂപ കവിയാത്ത വിദ്യാർത്ഥികൾ, കുടുംബ വാർഷിക വരുമാനം കുറഞ്ഞവർക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചു സ്കോളർഷിപ്പ് അനുവദിക്കുന്നു. ഇത് 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അതുകൊണ്ട് തന്നെ വരുമാന പരിധി കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. | **സമയപരിധി** : നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ് | **അപേക്ഷിക്കേണ്ട വിധം:** അദ്ധ്യയന വർഷാരംഭത്തിൽ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് സ്കൂൾ പ്രധാനാദ്ധ്യാപകരെ ഏല്പിക്കണം. സ്കൂളധികൃതർ നിശ്ചിത തീയതിക്കകം www.scholarship.itschool.gov.in<br><br>എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈൻ എൻട്രി നടത്തണം. | **വകുപ്പ് ആസ്ഥാനം:**<br><br>ഡയറക്ടർ<br>പിന്നോക്കവിഭാഗവികസനവകുപ്പ്, അയ്യൻകാളി ഭവൻ, നാലാംനില, കനകനഗർ, വെള്ളയമ്പലം, കവടിയാർ. പി.ഒ., തിരുവനന്തപുരം - 695003<br>ഫോൺ: 0471-2727378, 0471-2727379<br><br>**ഇ-മെയിൽ:** obcdirectorate@gmail.com<br><br>**വെബ്സൈറ്റ്:** www.bcdd.kerala.gov.in |
| 2 | **ഒ.ഇ.സി പ്രീമെട്രിക് സ്കോളർഷിപ്പ്** | സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ 750 രൂപ<br><br>സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ 900 രൂപ | **സമയപരിധി** : നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ് | **അപേക്ഷിക്കേണ്ട വിധം:** അദ്ധ്യയന വർഷാരംഭത്തിൽ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് | |

| | | | | | |
|---|---|---|---|---|---|
| | | സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ 1000 രൂപ<br><br>**അർഹതാ മാനദണ്ഡം** : സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.സി,ഐ സി.എസ്.സി , കേന്ദ്രീയ വിദ്യാലയം എന്നീ സ്ഥാപനങ്ങളിലെ ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നു. വരുമാനപരിധിയില്ല. | | സ്കൂൾ പ്രധാനാദ്ധ്യാപകരെ ഏല്പിക്കണം. സ്കൂളധികൃതർ നിശ്ചിത തീയതിക്കകം<br>www.scholarship.itschool.gov.in<br><br>എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈൻ എൻട്രി നടത്തണം. | |
| 3 | **ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്** | ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി തലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഇ-ഗ്രാന്റ്സ് മുഖേനയും മറ്റു തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പ് നേരിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്.<br><br>**അർഹതാമാനദണ്ഡം:** സംസ്ഥാനത്തിനു പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പു രീതിപ്രകാരം പ്രവേശനം ലഭിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. സംസ്ഥാനത്തിനകത്ത് ഹയർ സെക്കൻഡറി | **സമയപരിധി** : നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ് | **അപേക്ഷിക്കേണ്ട വിധം :**<br>www.bedd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യാം പൂരിപ്പിച്ച അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എസ്.എസ്.എൽ.സിയുടേയും, തത്തുല്യ യോഗ്യതയുടെയോ സാക്ഷ്യപത്രത്തിന്റെ പകർപ്പ്, ഇപ്പോൾ പഠനം നടത്തുന്ന കോഴ്സിന്റെ അടിസ്ഥാന യോഗ്യതയുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നിലവിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടെയും ശുപാർശയോടെയും വകുപ്പു മേധാവിക്കു നൽകണം. ഹയർ സെക്കൻഡറിതല അപേക്ഷ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായാണ് നൽകേണ്ടത്. | |

| | | | | | |
|---|---|---|---|---|---|
| | | കോഴ്സുകൾക്കു മാത്ര മായി ഈ സ്കോളർഷിപ്പ് പരിമിതപ്പെടുത്തിയിട്ടുണ്ട്. വരുമാനപരിധി കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരമാണ്. കുടുംബ വാർഷിക വരുമാനപരിധി ഒരുലക്ഷം രൂപ. സംസ്ഥാ നത്തെ ഒ.ബി.സി പട്ടിക യിൽ ഉൾപ്പെട്ടവരായിരിക്ക ണം. | | | |
| 4 | **അഡ്വക്കേറ്റ് ഗ്രാന്റ്** | അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000 രൂപ വീതം 3 വർഷത്തേക്ക് ധന സഹായം അനുവദിക്കുന്നു.<br><br>**അർഹതാമാനദണ്ഡം** : അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികമ ല്ലാത്ത നിയമ ബിരുദധാരി കൾക്ക് അപേക്ഷിക്കാം. | | | |

# XII സാമൂഹിക നീതിവകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| | **കേരള സാമൂഹിക സുരക്ഷാ മിഷൻ നട പ്പിലാക്കുന്ന പദ്ധതി കൾ** | | അതാത് സാമ്പ ത്തിക വർഷം | | **വകുപ്പ് ആസ്ഥാനം :** സാമൂഹികനീതി സ്ഥാപനങ്ങളുടെ സമുച്ചയം, പൂജപ്പുര, തിരുവനന്തപുരം 695012, ഫോൺ 4071-2341200, 2348135 **ഇ-മെയൽ:** socialsecuritymission@gmail.com **വെബ്സൈറ്റ്** www.socialsecuritymission.gov.in |
| 1 | **ആശ്വാസ കിരണം പദ്ധതി** | ഒരു മുഴുവൻ സമയ പരിചാരക രുടെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും മാനസിക, ശാരീരിക വെല്ലുവിളി കൾ നേരിടുന്നവരെയും ഗുരുതര രോഗങ്ങൾ ഉള്ളവരെയും പരിചരി ക്കുന്നവർക്ക് പ്രതിമാസ ധനസ ഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസ കിരണം' പ്രതിമാസം 600 രൂപ<br><br>മുഴുവൻസമയ പരിചാരകരുടെ സേവനം ആവശ്യമുള്ള ശാരീരിക മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 100% അന്ധർ, പ്രായാധിക്യം കൊണ്ട് മറ്റു പല രോഗങ്ങളാലും കിടപ്പിലാ യവർ എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരും. | | **അപേക്ഷിക്കേണ്ട വിധവും, വേണ്ട രേഖകളും:**<br><br>1) അപേക്ഷാ ഫോം സാമൂഹിക സുരക്ഷാമിഷന്റെ വെബ്സൈറ്റിലും ഓഫീ സിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അങ്കണവാടികളിലോ ശിശു വികസന പദ്ധതി ഓഫീ സിലോ നൽകാം.<br>2) കുടുംബ വരുമാനം തെളിയി ക്കുന്നതിന് ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്/വില്ലേജ് ഓഫീസ റിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br>3) അപേക്ഷയോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ | |

| | | | | | |
|---|---|---|---|---|---|
| | | മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാനപരിധി ബാധകമല്ല.<br><br>വിധവ, വാർദ്ധക്യം, കർഷകത്തൊഴിലാളി, മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭിക്കും. | | സർക്കാർ/വയോമിത്രം/എൻ.എച്ച്.എം ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.<br>4) അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട്, പാസ്സ് ബുക്കിന്റെ അക്കൗണ്ട് വിവരങ്ങളുടെ പേജിന്റെ പകർപ്പ്. | |
| 2 | **ക്യാൻസർ സുരക്ഷ** | ക്യാൻസർ ബാധിതരായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടിവരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല. | | പ്രത്യേക അപേക്ഷാ ഫോം ആവശ്യമില്ല. അതത് ആശുപത്രിയിൽ നിയോഗിച്ചിട്ടുള്ള സാമൂഹിക സുരക്ഷാ മിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹിക വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാചെലവുകൾ വഹിക്കാൻ കഴിയാത്തതായി കണ്ടെത്തുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. | **സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ** :<br>1. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.<br>2. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ<br>3. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ<br>4. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br>5. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം<br>6. ഐ.എം.സി.എച്ച്, മെഡിക്കൽ കോളേജ്, കോഴിക്കോട്<br>7. ഐ.സി.എച്ച്, മെഡിക്കൽ കോളേജ്, കോട്ടയം<br>8. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ<br>9. റീജിണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം<br>10. ജനറൽ ആശുപത്രി, എറണാകുളം<br>11. മലബാർ ക്യാൻസർ സെന്റർ , കണ്ണൂർ<br>12. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം |
| 3 | **താലോലം** | പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡി രോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, | | പ്രത്യേക അപേക്ഷാ ഫോം ആവശ്യമില്ല. അതത് ആശുപത്രിയിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസിലർമാർ സാമ്പത്തിക, സാമൂ | **സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**<br><br>1. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം. |

| | | | | | |
|---|---|---|---|---|---|
| | | എൻഡോ സൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ എന്നിവയ്ക്ക് ഡയാലിസിസും ശസ്ത്രക്രിയയും അടക്കമുള്ള ചികിത്സാ ചെലവിന് ധനസഹായം നല്കുന്ന പദ്ധതി. ഒരു രോഗിയ്ക്ക് പ്രാഥമിക സഹായമായി 50,000 രൂപ അനുവദിക്കുന്നു. | | ഹിക വിശകലനം നടത്തി ചികിത്സാ ചെലവു വഹിക്കാൻ കഴിയാത്തതായി കണ്ടെത്തുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. | 2. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, തൃശൂർ<br>3. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ<br>4. എസ്.എ.ടി ഹോസ്പിറ്റൽ , തിരുവനന്തപുരം<br>5. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br>6. ഐ.സി.എച്ച്, മെഡിക്കൽ കോളേജ്, കോഴിക്കോട്<br>7. ഗവ: മെഡിക്കൽ കോളേജ്, കോഴിക്കോട്<br>8. ഐ.സി.എച്ച്, കോട്ടയം<br>9. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ<br>10. റീജിണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം<br>11. ജില്ലാ ആശുപത്രി ആലുവ, എറണാകുളം<br>12. ശ്രീ. ചിത്തിരതിരുന്നാൾ ആശുപത്രി, തിരുവനന്തപുരം<br>13. ഗവ: മെഡിക്കൽ കോളേജ്, എറണാകുളം<br>14. ചെസ്റ്റ് ഹോസ്പിറ്റൽ, തൃശൂർ<br>15. ഐക്കൺസ്, ഷൊർണ്ണൂർ<br>16. ഐക്കൺസ്, തിരുവനന്തപുരം<br>17. മലബാർ ക്യാൻസർ സെന്റർ , കണ്ണൂർ<br>18. ഗവ: എം.സി.എച്ച് മഞ്ചേരി, മലപ്പുറം |
| 4 | **ശ്രുതിതരംഗം - കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി** | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേഴ്വി ശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന ശ്രവണവൈകല്യമുള്ള അഞ്ചു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് കോക്ലീയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും തുടർച്ചയായ ഓഡിയോ വെർബൽ ഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതി | | അപേക്ഷാ ഫോറം സാമൂഹിക സുരക്ഷാമിഷൻ വെബ്സൈറ്റിലും സാമൂഹിക സുരക്ഷാമിഷന്റെ ഓഫീസിലും ലഭ്യമാണ്. അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതികവിദഗ്ദരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. | **സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ :**<br>1. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br>2. സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം<br>3. കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം<br>4. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br>5. മിംസ് ഹോസ്പിറ്റൽ, കോഴിക്കോട്<br>6. ഡോ: മനോജ് ഇ.എൻ.റ്റി ഹോസ്പിറ്റൽ, കോഴിക്കോട് |

| | | | | | |
|---|---|---|---|---|---|
| | | യുടെ ആനുകൂല്യം ലഭിക്കും. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ ശസ്ത്രക്രിയ ചെലവു സ്വന്തമായി വഹിക്കണം. | | | 7. ഡോ: നൗഷാദ് ഇ.എൻ.റ്റി ഹോസ്പിറ്റൽ, എറണാകുളം<br>8. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി<br>9. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശൂർ<br>10. എ.എസ്.സി.ഇ.എൻ.ടി.ഇ.എൻ.ടി ഹോസ്പിറ്റൽ, പെരിന്തൽമണ്ണ<br>11. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം |
| 5 | **സ്നേഹപൂർവ്വം പദ്ധതി** | മാതാപിതാക്കൾ രണ്ടുപേരുമോ ഒരാളോ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാതെ വരികയും ചെയ്താൽ ഇത്തരം കുട്ടികളെ സ്വന്തം വീട്ടിലോ ബന്ധുവീട്ടിലോ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.<br><br>**ആനുകൂല്യം** :<br><br>1. 1 മുതൽ 5 വരെ ക്ലാസ് : പ്രതിമാസം 300 രൂപ<br>2. 6 മുതൽ 10 വരെ ക്ലാസ് : പ്രതിമാസം 500 രൂപ<br>3. പ്ലസ്1, പ്ലസ് 2 ക്ലാസ്സുകൾ : പ്രതിമാസം 750 രൂപ<br>4. ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ : പ്രതിമാസം 1,000 രൂപ<br><br>എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്കു വരുമാന പരിധിയില്ലാതെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. | | **അപേക്ഷിക്കേണ്ട വിധം:** (അഞ്ചുവയസിൽ താഴെ ഉള്ള വർക്ക്) : ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹിക സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നേരിട്ട് അപേക്ഷ നൽകണം.<br><br>**അപേക്ഷിക്കേണ്ട വിധം:** (അഞ്ചുവയസ്സ് മുതൽ ഉള്ളവർക്ക്): വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സ്ഥാപന മേധാവികൾക്കു നൽകണം.<br><br>**ആവശ്യമായ രേഖകൾ:**<br><br>1. അമ്മയുടെ/അച്ഛന്റെ മരണ സർട്ടിഫിക്കറ്റ്<br>2. ബി.പി.എൽ സർട്ടിഫിക്കറ്റ്/ബി.പി.എൽ റേഷൻ കാർഡിന്റെ കോപ്പി/ വില്ലേജ് ഓഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ്<br>3. നിലവിലുള്ള രക്ഷകർത്താവിന്റെയും കുട്ടിയുടെയും പേരിൽ ദേശസാത്കൃത ബാങ്കിൽ അക്കൗണ്ടു തുടങ്ങി | |

| | | | | | |
|---|---|---|---|---|---|
| | | **നടപടിക്രമം:** സ്ഥാപനമേധാവി കൾ രേഖകൾ പരിശോധിച്ച് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ ഓൺലൈനായി കേരള സാമൂഹിക സുരക്ഷാമി ഷൻ എക്സിക്യൂട്ടീവ് ഡയറ ക്ടർക്ക് അയയ്ക്കും. എക്സിക്യൂ ട്ടീവ് ഡയറക്ടർ തുക അനുവദിച്ച് ഗുണഭോക്താവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാ റും. | | ലഭിച്ച പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.<br>4. ആധാർ കാർഡിന്റെ പകർപ്പ്. | |
| 6 | **സ്നേഹ സ്പർശം** | ചൂഷണത്തിന് ഇരയായി അവിവാ ഹിതാവസ്ഥയിൽ അമ്മമാരാകുന്ന അഗതികൾക്ക് പ്രതിമാസ ധനസ ഹായം നൽകി പുനരധിവസിപ്പി ക്കുന്നതിനായി ആവിഷ്കരിച്ചി ട്ടുള്ള പദ്ധതിയാണിത്.<br><br>**ലഭിക്കുന്ന ആനുകൂല്യം:** പ്രതി മാസം 2000 രൂപ ധനസഹായം.<br><br>**മാനദണ്ഡങ്ങൾ:**<br><br>1. അവിവാഹിതാവസ്ഥയിൽ പലവിധ ചൂഷണങ്ങളിലൂടെ അമ്മമാരായവരും ആ കുട്ടി കൾ നിലവിലുള്ളവരും ആയി രിക്കണം.<br>2. നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനു മൊത്തു കുടുംബമായി കഴി യുന്നവരോ ആണെങ്കിൽ ഈ ആനുകൂല്യം ലഭിക്കുന്നതല്ല.<br>3. അപേക്ഷാഫോം ബന്ധപ്പെട്ട സാമൂഹികനീതി ഓഫീസിലോ സാമൂഹിക സുരക്ഷാമിഷന്റെ വെബ്സൈറ്റിലോ ഓഫീ സിലോ ലഭിക്കും. അപേക്ഷ | | | |

| | | | | | |
|---|---|---|---|---|---|
| | | ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്കോ ജില്ലാ സാമൂഹിക നീതി ഓഫീസർക്കോ നൽകണം. | | | |
| 7 | **സ്നേഹ സാന്ത്വനം പദ്ധതി** | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം ധനസഹായം നല്കുന്ന പദ്ധതി. പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ 1 മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവരുന്നു.<br><br>1. ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് 2000 രൂപ<br>2. 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് 2000 രൂപ<br>3. 8 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് 3000 രൂപ<br>+1, +2 ക്ലാസുകളിൽ പഠിക്കുന്നവർക്ക് 4000 രൂപ | | | |
| 8 | **സ്പെഷ്യൽ ആശ്വാസ കിരണം** | എൻഡോസൾഫാൻ ദുരിതബാധിതരായി കിടപ്പിലായവരെയും കടുത്ത ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവ | | | |

| | | | | | |
|---|---|---|---|---|---|
| | | രെയും പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു. | | | |
| 9 | **സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസെബിലിറ്റിസ്** | വൈകല്യം തടയാൻ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുന:രധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്ത് ആരംഭിച്ച പരിപാടി. വൈകല്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനു സൗജന്യമായി കുട്ടികൾക്ക് MMR കുത്തിവയ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ കുത്തിവയ്പും നൽകുന്നു. കൂടാതെ കേരളത്തിലെ 14 ജില്ലകളിലും കുട്ടികളിലെ വളർച്ചക്കുറവ് നേരത്തെ കണ്ടുപിടിച്ച് യഥാസമയം ഇടപെടൽ നടത്തുന്നതിനുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (DEIC-District Early Intervention Centre) എന്നിവ തുടങ്ങി. വളർച്ചാവൈകല്യങ്ങൾ നേരത്തെ കണ്ടുപിടിക്കാൻ എല്ലാ അങ്കണവാടി പ്രവർത്തകർക്കും പരിശീലനം നൽകിവരുന്നു. | | | |
| 10 | **സമാശ്വാസ പദ്ധതി I** | വൃക്കയ്ക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് ചെയ്യേണ്ടി വരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. | | | |

| | | | | | |
|---|---|---|---|---|---|
| | | **അനുവദിക്കുന്ന ധനസഹായം :**<br>പ്രതിമാസം 1100 രൂപ<br><br>**മാനദണ്ഡങ്ങൾ :**<br>1. ബി.പി.എൽ സർട്ടിഫി ക്കറ്റ്/ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ്.<br>2. രോഗി മാസത്തിൽ ഒരു തവ ണയെങ്കിലും ഡയാലിസി സിനു വിധേയമാകുന്നുവെ ന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ദ്ധർ നൽകുന്ന മെഡി ക്കൽ സർട്ടിഫിക്കറ്റ്. ഡയാലി സിസ് ആരംഭിച്ച തീയതികൂടി സർട്ടിഫിക്കറ്റിൽ രേഖപ്പെടു ത്തിയിരിക്കണം.<br>3. അപേക്ഷകരുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കണം.<br>4. ആധാർ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷി ക്കണം. അപേക്ഷാ ഫോം ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസുകൾ, കോർപ്പറേ ഷൻ, മുനിസിപ്പൽ ഓഫീസു കൾ, അങ്കണവാടികൾ എന്നി വിടങ്ങളിൽ നിന്നും സാമൂഹിക സുരക്ഷാമിഷൻ വെബ്സൈറ്റിലും, ഓഫീസിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോം | | | |

| | | | | | |
|---|---|---|---|---|---|
| | | ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്കു നൽകണം. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം അപേക്ഷ കേരള സാമൂഹിക സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകും. | | | |
| 11 | **സമാശ്വാസ പദ്ധതി II** | വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചു വർഷം വരെ ധനസഹായം ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.<br>**അനുവദിക്കുന്ന ധനസഹായം:** പ്രതിമാസം 1000 രൂപ<br><br>**വേണ്ട രേഖകൾ :**<br><br>1. വൃക്ക, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായി തുടർചികിത്സ നടത്തുന്നയാളാണെന്നു വൃക്ക/കരൾ രോഗവിദഗ്ദ്ധർ നൽകുന്ന സർട്ടിഫിക്കറ്റ്.<br>2. വൃക്ക, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുശേഷം ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. കുടുംബ വാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്. | | **അപേക്ഷാ ഫോം :** ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ- മുനിസിപ്പൽ ഓഫീസുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ നിന്നും സാമൂഹിക സുരക്ഷാമിഷൻ വെബ്സൈറ്റിലും ഓഫീസിലും നിന്നും ലഭ്യമാണ്.<br><br>**അപേക്ഷിക്കേണ്ടവിധം :** മുഴുവൻ രേഖകൾ സഹിതം അപേക്ഷ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്കു നൽകണം ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം അപേക്ഷ കേരള സാമൂഹിക സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകും. | |

| | | | | | |
|---|---|---|---|---|---|
| | | 4. അപേക്ഷകരുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ പകർപ്പ്. | | | |
| 12 | **സമാശ്വാസ പദ്ധതി III** | രക്തം കട്ടപിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ VIII, IX, XI, XIII എന്നിവയുടെ കുറവുമൂലം ഹീമോഫീലിയയും അനുബന്ധ രോഗങ്ങളും ബാധിച്ചവർക്ക് വരുമാന പരിധി ബാധകമാക്കാതെ പ്രതിമാസം 1000 രൂപ ധനസഹായം അനുവദിക്കുന്നു.<br><br>**ആവശ്യമായ രേഖകൾ** :<br>ഹീമോഫീലിയ രോഗിയാണെന്ന് മെഡിസിൻ, പീഡിയാട്രിക്, ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഗവൺമെന്റ് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ സർട്ടിഫിക്കറ്റിൽ വകുപ്പുതലവനോ ആശുപത്രി സൂപ്രണ്ടോ മേലൊപ്പിട്ടിരിക്കണം. ദേശസാത്കൃത ബാങ്കിൽ ഉള്ള അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ വ്യക്തിവിവരങ്ങളുടെ പകർപ്പ് നൽകണം. നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹിക സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയയ്ക്കണം. | | **അപേക്ഷ ഫോം** : സാമൂഹിക സുരക്ഷാ മിഷന്റെ വെബ്സൈറ്റിലും ഓഫീസിലും ലഭ്യമാണ്. | |
| 13 | **സമാശ്വാസ പദ്ധതി IV** | 1. സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെടാത്ത, പൊതുവിഭാഗത്തിൽപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ അരിവാൾരോഗം | | **ആവശ്യമായ രേഖകൾ**:<br>1. ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം മേധാവിയുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ്. | നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ വേണ്ടരേഖകൾ സഹിതം സാമൂഹിക സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകണം. |

| | | | | | |
|---|---|---|---|---|---|
| | | ബാധിച്ചവരാണ് ഗുണഭോക്താക്കൾ.<br>2. അപേക്ഷ അരിവാൾരോഗം (HBSS) ബാധിച്ചവരോ എച്ച്. ബി. എസ് കോംബിനേഷൻ ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകണം.<br><br>**അനുവദിക്കുന്ന ധനസഹായം** : പ്രതിമാസം 2000 രൂപ | | 2. വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്<br>3. ബി. പി.എൽ റേഷൻ കാർഡിന്റെ ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി<br>4. അപേക്ഷകരുടെ പേരിൽ കോർ ബാങ്കിംഗ് സൗകര്യമുള്ള ദേശസാത്കൃത ബാങ്കിൽ ഉള്ള അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, മേൽവിലാസം എന്നിവ ഉള്ള പേജിന്റെ പകർപ്പ്<br>5. അപേക്ഷിച്ചയാളിന്റെ ആധാർകാർഡിന്റെ പകർപ്പ്.<br><br>അപേക്ഷ ലഭിക്കുന്ന സ്ഥലങ്ങൾ : സാമൂഹിക സുരക്ഷാ മിഷന്റെ ഓഫീസ്, വെബ്സൈറ്റ്, മിഷന്റെ വയോമിത്രം പ്രോജക്ട് ഓഫീസുകൾ, ജില്ലാ സാമൂഹിക നീതി ഓഫീസുകൾ. | |
| 14 | **മിഠായി പദ്ധതി** | ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് കേരള സാമൂഹിക സുരക്ഷാ മിഷൻ ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. സൗജന്യ ആധുനിക ഇൻസുലിൻ തെറാപ്പിയാണ് മിഠായി പദ്ധതി മുന്നോട്ട് വെയ്ക്കുന്നത്. വേദനാരഹിതവും അനായാസേന ഉപയോഗിക്കാവുന്നതുമായ ആധുനിക ഇൻസുലിൻ പെൻ മിഠായിയെന്നോണം ഉപയോഗിച്ച രോഗാവസ്ഥയിലുള്ള കുട്ടികൾക്ക് സാധാരണ ജീവിതം സാധ്യമാകുന്നു. തുടർച്ചയായ ഗ്ലൂക്കോസ് നിരീക്ഷണം, ഇൻസുലിൻ തെറാപ്പി, ആവശ്യമുള്ള | | | |

| | | | | | |
|---|---|---|---|---|---|
| | | വർക്ക് ഇൻസുലിൻ പമ്പ് എന്നിവ നല്കുകയും, കൗൺസലിങും, മാതാപിതാക്കൾക്ക് പരിശീല നവും ഈ പദ്ധതിപ്രകാരം നല്കുന്നു. | | | |
| 15 | **കാരുണ്യ ഡെപ്പോസിറ്റ് സ്കീം** | ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിനു ശേഷം നിക്ഷേപിച്ച തുക തിരിച്ചു നൽകുകയും ആ തുകയിൽ നിന്നു ലഭിക്കുന്ന പലിശയും സാമൂഹിക സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നു തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്കു നൽകുകയും ചെയ്യുന്ന പദ്ധതി. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപ കർക്കു സ്വാതന്ത്ര്യമുണ്ട്. 5 മുതൽ 18 വയസ്സുവരെയുള്ള ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളാണ് പദ്ധതി യുടെ ഉപഭോക്താക്കൾ | | | |
| 16 | **സ്ത്രീകൾ ഗൃഹനാഥ രായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം** | ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള വനിതകൾ ഗൃഹനാഥരായ കുടും ബങ്ങളിലെ കുട്ടികൾക്ക് പഠനസ ഹായം നൽകുന്ന പദ്ധതി. ഒരു കുടുംബത്തിലെ പരമാവധി രണ്ടു കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. അഞ്ചു വയസിനു താഴെയുള്ള കുഞ്ഞു ങ്ങൾക്കും ഒന്നുമുതൽ അഞ്ചു വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും 300 രൂപ വീതവും 6 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് 500 രൂപ വീതവും, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ കുട്ടി കൾക്ക് 750 രൂപ വീതവും, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങ | | | |

| | | | | | |
|---|---|---|---|---|---|
| | | ളിലെ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന കുട്ടികൾക്ക് 1,000 രൂപ വീതവും ധനസഹായം ലഭിക്കുന്നു.<br>ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ എച്ച്.ഐ.വി, എയ്ഡ്സ് ബാധിതർ, സാമൂഹികമായ വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായ കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട്. | | | |
| | **ഓർഫനേജ് കൺട്രോൾ ബോർഡ്** | | | | |
| 17 | **അനാഥ അഗതികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം.** | **ലഭിക്കുന്ന സേവനം:** ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധസംഘടനകൾ നടത്തുന്ന ക്ഷേമസ്ഥാപനങ്ങൾക്ക് സർക്കാരനുമതിയോടെ ഗ്രാന്റ് നൽകുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 1,100 രൂപ എന്ന നിരക്കിൽ.<br><br>**അർഹതാ മാനദണ്ഡം:**<br><br>1. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം<br>2. ഗ്രാന്റ് നൽകുന്നതിനുള്ള സർക്കാരനുമതി<br>3. അനാഥ അഗതികളായിരിക്കണം താമസക്കാർ | **സമയ പരിധി:** എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിനുള്ളിൽ അപേക്ഷിക്കണം. | **അപേക്ഷിക്കേണ്ട വിധം :** കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് ഫോർ പേയ്മെന്റ് ഓഫ് ബോർഡിങ് ഗ്രാന്റ് പ്രകാരമുള്ള നിശ്ചിത ഫോമിൽ അപേക്ഷ തയ്യാറാക്കി അതതു ജില്ലാ സാമൂഹികനീതി ഓഫീസിൽ നല്കണം. | |
| | **ട്രാൻസ് ജെൻഡർ വിഭാഗത്തിനുള്ള പദ്ധതി** | | | | |

| | | | | | |
|---|---|---|---|---|---|
| 18 | **ട്രാൻസ് ജെൻഡർ സ്കോളർഷിപ്പ്** | **ലഭിക്കുന്ന സഹായം** : സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും കോളേജ് വിദ്യാർത്ഥികൾക്കു പ്രതിമാസം 2000 രൂപയും സ്കോളർഷിപ്പ് ലഭിക്കുന്ന പദ്ധതി. | | **അപേക്ഷാ ഫോം:** www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.<br><br>**അപേക്ഷിക്കേണ്ട വിധം:** സാമൂഹികനീതി വകുപ്പ് ഡയറക്ടറേറ്റിൽ നേരിട്ടു നല്കണം.<br><br>**ആവശ്യമായ രേഖകൾ:** അപേക്ഷകർ ട്രാൻസ്ജെൻഡർ വ്യക്തിയാണെന്നു സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ്, സ്കോളർഷിപ്പിനുള്ള അപേക്ഷ എന്ന് അപേക്ഷയുടെ കവറിൽ എഴുതണം. ജില്ലയുടെ പേര്, അപേക്ഷയുടെ/ന്റെ പേര്, മേൽവിലാസം എന്നിവയും വ്യക്തമായി രേഖപ്പെടുത്തണം. | സംസ്ഥാന ട്രാൻസ്ജെൻഡർ സെൽ, സാമൂഹികനീതി ഡയയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 933. |
| 19 | **ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ/താമസ സൗകര്യത്തിനു ധനസഹായം** | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ താമസസൗകര്യത്തിന് പ്രതിമാസം 4000 രൂപ ധനസഹായം ലഭിക്കുന്നു. | | **അപേക്ഷാ ഫോം:** www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.<br>**ആവശ്യമായ രേഖകൾ:** അപേക്ഷകൾ ട്രാൻസ്ജെൻഡർ വ്യക്തിയാണെന്നു സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ വകുപ്പ് തിരിച്ചറിയൽ കാർഡ് (സർട്ടിഫിക്കറ്റിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരി കൗണ്ടർ സൈൻ ചെയ്തിരിക്കണം) വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ/ ജില്ല. സാമൂഹികനീതി ഓഫീസറുടെ സാക്ഷ്യപത്രം, ഹോസ്റ്റൽ അധി | |

| | | | | | |
|---|---|---|---|---|---|
| | | | | കാരികൾ/ കെട്ടിട ഉടമയുടെ സാക്ഷ്യപത്രം ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്. | |
| | **മറ്റുവിഭാഗങ്ങൾക്കുള്ള പദ്ധതികൾ** | | | | |
| 20 | **തടവുകാരുടെ കുട്ടികൾക്കുള്ള പദ്ധതി** | സ്ത്രീ തടവുകാരുടെ മക്കളും പുരുഷന്മാർ ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിക്കുന്നതു മൂലം സ്ത്രീകൾ കുടുംബനാഥയാകുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ ആഹാരം,വസ്ത്രം,സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിക്കുന്നു. ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കു പ്രതിമാസം 3,000 രൂപയും ആറാം ക്ലാസ് മുതൽ പത്താം ക്ലാസുവരെ 5,000 രൂപയും, പ്ലസ് വൺ പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്നവർക്ക് 7,500 രൂപയും ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾക്കു 10,000 രൂപയും ലഭിക്കുന്നു. | **സമയ പരിധി** : അതാത് അദ്ധ്യയനവർഷം | **അപേക്ഷാ ഫോം:** www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.<br>**വേണ്ട രേഖകൾ** : ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്. ജയിൽ അന്തേവാസിയുടെയും കുട്ടിയുടെയും പേരുകൾ ഒരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ കുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൻ/മകൾ എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കോളേജിൽ നിന്നുള്ള വാർഷിക ഫീസ്,ഹോസ്റ്റൽ ഫീസ്, കോളേജിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ആണെന്നുള്ള രേഖപ്പെടുത്തൽ എന്നിവ സഹിതമുള്ള കോഴ്സ് സർട്ടിഫിക്കറ്റ് (സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത തീയതി വ്യക്തമായി ലേഖപ്പെടുത്തിയിരിക്കണം) | **അപേക്ഷിക്കേണ്ട വിധം** : അതതു ജയിൽ സൂപ്രണ്ടുമാർ മുഖേന/ അതതു ജില്ലാ പ്രൊബേഷൻ ഓഫീസർമാർ. |
| 21 | **ജയിൽ തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായം.** | സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS,BVSc.എന്നിവയ്ക്ക് സർക്കാർ കോളേജുകൾ മാത്രം) പഠിക്കാൻ പരമാവധി 1,00,000 രൂപ ധനസഹായം. | **സമയ പരിധി** : അതാത് അദ്ധ്യയനവർഷം | **അപേക്ഷാ ഫോം:** www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.<br><br>**വേണ്ട രേഖകൾ** : ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്. ജയിൽ അന്തേവാസിയുടെയും | **അപേക്ഷിക്കേണ്ട വിധം** : അതതു ജയിൽ സൂപ്രണ്ടുമാർ മുഖേന/ അതതു ജില്ലാ പ്രൊബേഷൻ ഓഫീസർമാർ. |

| | | | | | |
|---|---|---|---|---|---|
| | | **അർഹത** : ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. ജീവ പര്യന്തമോ വധശിക്ഷയോ അനു ഭവിച്ചു വരുന്ന തടവുകാരുടെ കുട്ടികൾ ആയിരിക്കണം. (കുറ ഞ്ഞത് 2 വർഷം ജയിൽ വാസം) സർക്കാർ മെറിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളായിരിക്കണം. ഹയർ സെക്കണ്ടറി തലത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചിരിക്കണം. ഒരു കുടുംബ ത്തിൽ ഒന്നിൽകൂടുതൽ കുട്ടി കൾക്ക് ആനുകൂല്യം ലഭിക്കും. മാതാപിതാക്കൾ രണ്ടുപേരും ജയിൽ അന്തേവാസികൾ ആയാൽ കുട്ടിയെ സംരക്ഷിക്കുന്ന ബന്ധു എ.പി.എൽ ആണെ ങ്കിലും പ്രൊബേഷൻ ഓഫീസ റുടെ എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം അപേക്ഷ പരിഗണിക്കും. | | കുട്ടിയുടെയും പേരുകൾ ഒരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടി ല്ലാത്ത സാഹചര്യത്തിൽ കുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യ ക്തിയുടെ മകൻ/മകൾ എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസ റുടെ സാക്ഷ്യപത്രം, കോളേജിൽ നിന്നുള്ള വാർഷിക ഫീസ്,ഹോ സ്റ്റൽ ഫീസ്, കോളേജിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എ സ്.സി കോഡ്, സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ആണെന്നുള്ള രേഖപ്പെടുത്തൽ എന്നിവ സഹിതമുള്ള കോഴ്സ് സർട്ടിഫിക്കറ്റ് (സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത തീയതി വ്യക്ത മായി രേഖപ്പെടുത്തിയിരിക്കണം) | |
| 22 | **തടവുകാരുടെ ആശ്രി തരുടെ പുനരധിവാസ പദ്ധതി** | അഞ്ചുവർഷമോ അതിന് മുക ളിലോ തടവിനു ശിക്ഷിക്കപ്പെട്ടവ രുടെ കുടുംബാംഗങ്ങളുടെ പുനര ധിവാസത്തിന് സ്വയം തൊഴിൽ കണ്ടെത്തൽ ഒറ്റത്തവണയായി 15,000 രൂപ ധനസഹായമായി നൽകുന്ന പദ്ധതി. | | | |
| 23 | **അക്രമത്തിനിരയായവ രുടെ ധനസഹായം.** | അക്രമത്തിന് ഇരയായ വ്യക്തി യുടെ ചികിത്സ, വീടിന്റെ കേടു പാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയം തൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധി വാസ പ്രവർത്തനങ്ങൾക്കായി 15,000 രൂപ വരെ ധനസഹായ മായി നൽകിവരുന്നു. ജില്ലാ തലത്തിൽ കളക്ടർ, സൂപ്രണ്ട് ഓഫ് പോലീസ് മുതലായവർ | | | |

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പെടുന്ന കമ്മിറ്റി കുറ്റകൃത്യ ങ്ങളിൽ ഇരയാകുന്നവരുടെ കേസുകൾ പരിഗണിച്ച് ശുപാർശ ചെയ്യുന്നു. ബന്ധപ്പെട്ട പ്രൊബേ ഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. | | | |
| 24 | **സ്ത്രീകൾക്കും കുട്ടി കൾക്കും എന്റെ കൂട് പദ്ധതി** | നഗരങ്ങളിൽ രാത്രികാലം അര ക്ഷിതാവസ്ഥയിൽ എത്തിപ്പെ ടുന്ന സ്ത്രീകൾക്കും കുട്ടികൾ ക്കും ഒരു രാത്രി തങ്ങാൻ ഒരിടം എന്ന ആശയത്തിലൂന്നി കോഴി ക്കോട്, തിരുവനന്തപുരം ജില്ലക ളിൽ പ്രവർത്തനമാരംഭിച്ചു. | | | |

# XIII ആരോഗ്യവകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതിയുടെ കാലാവധി | സമർപ്പി ക്കേണ്ട ഫോറങ്ങൾ/ അനുബന്ധ ങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **ജനനി ശിശു സുരക്ഷാകാര്യക്രമം (JSSK) (അമ്മയും കുഞ്ഞും പദ്ധതി)** | അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായുള്ള സൗജന്യചികിത്സാപദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി.<br><br>ഈ പദ്ധതിവഴിയുള്ള സേവനങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും അവകാശമായി പരിഗണിക്കുന്നു.<br><br>**<u>പദ്ധതിയുടെ ഗുണഭോക്താക്കൾ</u>**<br><br>സർക്കാരാശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികളും 30 ദിവസം വരെയുള്ള നവജാതശിശുക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. | അതാത് സാമ്പത്തിക വർഷം | | സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം) ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ്, ജനറൽ ആശുപത്രി ജംഗ്ഷൻ, തിരുവനന്തപുരം 0471-2301181<br><br>**വെബ്സൈറ്റ്:**<br>www.arogyakeralam.gov.in |
| | **ജനിച്ച് 30 ദിവസം വരെ നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ** | 1. സൗജന്യ മരുന്നും മറ്റ് പരിശോധന, ചികിത്സാ സൗകര്യങ്ങളും<br>2. വീട്ടിൽനിന്ന് ആശുപത്രിയിലേക്കും റഫർ ചെയ്യു മ്പോൾ മറ്റ് ആശുപത്രിയിലേക്കും തിരിച്ച് വീട്ടിലേക്കും സൗജന്യയാത്ര ഈ പദ്ധതിപ്ര കാരം ലഭ്യമാകുന്നു. | | | |
| 2 | **ആരോഗ്യകിരണം പദ്ധതി** | ആരോഗ്യകിരണം പദ്ധതിയിൽ ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാവിധ രോഗ ങ്ങളുടെയും ചികിത്സ, ശസ്ത്രക്രിയ ഉൾപ്പെടെ യുള്ള മറ്റു സേവനങ്ങളും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതി നടപ്പിലാക്കിയതോടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം നിർധനരായ കുടുംബങ്ങൾക്ക് വലിയ ആശ്വാസം നല്കുന്നതോടൊപ്പം ആരോഗ്യ | | | സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം) ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ്, ജനറൽ ആശുപത്രി ജംഗ്ഷൻ, തിരുവനന്തപുരം 0471-2301181 |

| | | | | | |
|---|---|---|---|---|---|
| | | സംപുഷ്ടമായ ഭാവിയിലേക്ക് കുട്ടികളെ കൈപിടി ച്ചുയർത്താനും സഹായിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളിൽ കൂടുതലായും കണ്ടു വരുന്ന 30 അസുഖങ്ങൾക്കുള്ള പരിശോധനയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാവിധ ചികി ത്സയും തീർത്തും സൗജന്യമാണ്. ആയതിനാൽ ആരോഗ്യകിരണം പദ്ധതി 30 അസുഖങ്ങൾക്ക് പുറ മേയുള്ളവയെ ഉദ്ദേശിച്ചാണ്.<br><br>സർക്കാർ ആശുപത്രികളിൽ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉണ്ട്. പദ്ധ തിയ്ക്ക് ആവശ്യമായിവരുന്ന തുക ആരോഗ്യകേ രളം ജില്ലാ ഓഫീസുകൾ വഴി അതാത് ആശുപത്രി കളിൽ ലഭ്യമാകുന്നു. ആശുപത്രികളിൽ ചികിത്സ യ്ക്കായി വരുന്ന 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒ.പി ടിക്കറ്റ് മുതൽ എല്ലാ സേവനങ്ങളും തികച്ചും സൗജന്യമായിരിക്കും. രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണ് എന്ന് ഉറപ്പുവരുത്താനുള്ള സംവിധാന ങ്ങൾ നിലവിലുണ്ട്.<br><br>ഏതെങ്കിലും ലാബ് പരിശോധനകൾക്ക് അതാത് ആശുപത്രികളിൽ സംവിധാനം ഇല്ലാത്തപക്ഷം അവ ആർ.എസ്.ബി.വൈ പദ്ധതിയിൽ എംപാ നൽ ചെയ്ത ലാബുകളിൽ നിന്നും ചെയ്തു കൊടുക്കപ്പെടും. സമാന രീതിയിൽ ആശുപത്രി കളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി, സപ്ലൈകോ ഫാർമസി, എച്ച്.ഡി.സി/ എച്ച്. എം.സി നടത്തുന്ന ഫാർമസികൾ എന്നിവിടങ്ങ ളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഇങ്ങനെ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്കുള്ള തുക ആർ.ബി.എസ്.കെ/ആരോഗ്യകിരണം ഫണ്ടിൽ നിന്നും നേരിട്ട് നൽകുന്നതാണ്. ആശുപത്രികൾ തമ്മിലുള്ള ആംബുലൻസ് സംവിധാനത്തിലുള്ള ചെലവും പദ്ധതി പ്രകാരം സൗജന്യമാണ്.<br><br>ഈ പദ്ധതി എ.പി.എൽ/ബി.പി.എൽ വ്യത്യാസമി ല്ലാത്ത എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പ് | | | |

| | | | | | |
|---|---|---|---|---|---|
| | | വരുത്തുന്നു. എന്നാൽ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും വരുമാന നികുതി അടക്കുന്നവർക്കും ഈ പദ്ധതി ബാധകമല്ല.<br><br>പതിനെട്ടുവയസ്സിൽ താഴെയുള്ള കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ | | | |
| 3 | **രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK)** | വിദ്യാലയ ആരോഗ്യപദ്ധതിയുടെ വിപുലീകരിച്ച രൂപമാണ് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം. 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങളെ കാലേകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും തുടക്കത്തിൽ തന്നെയുള്ള ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതനമായ പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ ഇതിന്റെ ഭാഗമാണ്.<br><br>ആരോഗ്യപ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് പൊതുജനാരോഗ്യകേന്ദ്രങ്ങളിലേക്കും ജില്ലാതല ആശുപത്രികളിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലേയ്ക്കും അസുഖത്തിന്റെ സ്ഥിരീകരണത്തിനും തുടർചികിത്സയ്ക്കുമായി റെഫർ ചെയ്യുന്നു. ഈ കേന്ദ്രങ്ങളിൽനിന്ന് ആവശ്യമെങ്കിൽ വിദഗ്ദ്ധചികിത്സാ കേന്ദ്രങ്ങളിലേക്കും റെഫർ ചെയ്യുന്നു. ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശപ്രകാരം സൗജന്യചികിത്സയും തുടർനടപടികളും ലഭിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.<br><br>**<u>ജനനവൈകല്യങ്ങൾ (Defects at Birth)</u>**<br>1. ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)<br>2. ഡൗൺ സിൻഡ്രോം (Down Syndrome) | | | |

| | | | | | |
|---|---|---|---|---|---|
| | | 3. മുറിച്ചുണ്ട് (Cleft lip)<br>4. അണ്ണാക്കിലെ വിടവുകൾ (Palate/Cleft Palate alone)<br>5. കാല്പ്പാദവൈകല്യങ്ങൾ – Talipes (Club foot)<br>6. അരക്കെട്ടിനുണ്ടാകുന്ന വികാസവൈകല്യം (Developmental Pysplasia of the Hip)<br>7. ജന്മനാ ഉള്ള തിമിരം (Congenital Cataract)<br>8. ജന്മനാ ഉള്ള കേൾവിക്കുറവ് (Congenital Deafness)<br>9. ജന്മനാ ഉള്ള ഹൃദ്രോഗം (Congenital Heart Diseases)<br>10. Retinopathy of Pre maturity (മാസം തികയാതെ പ്രസവിക്കുന്നതുകൊണ്ട് കണ്ണിലെ റെറ്റിനക്കുണ്ടാകുന്ന തകരാറുകൾ)<br><br>**<u>ന്യൂനതകൾ (Deficiencies)</u>**<br><br>1. വിളർച്ചയും ഗുരുതരമായ അനീമിയയും<br>2.വൈറ്റമിൻ എ-യുടെ കുറവ് (Bitot Spot)<br>3.വൈറ്റമിൻ ഡി-യുടെ കുറവ് (Rickets)<br>4. ഗുരുതരമായ പോഷകാഹാരക്കുറവ്<br>5. തൊണ്ടവീക്കം (Goiter)<br><br>**<u>ശൈശവരോഗങ്ങൾ (Childhood Diseases)</u>**<br><br>1. ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)<br>2. ചെവിക്കുള്ളിലെ അണുബാധ (Otitis Media)<br>3. റുമാറ്റിക്ക് ഹൃദ്രോഗം (Rhumatic Heart Disease)<br>4. പല്ലിലെ പോട് (Dental caries)<br>5. ജന്നിരോഗങ്ങൾ (Convulsive Disorders) | | | |

| | | | | | |
|---|---|---|---|---|---|
| | | **<u>വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities)</u>**<br><br>1. കാഴ്ചക്കുറവ്<br>2. കേൾവിക്കുറവ്<br>3. ചലനവൈകല്യങ്ങൾ {Neuro-Motor impairment Motor delay<br>4. ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം (Cognitive Delay)<br>5. ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം (Language Delay)<br>6. ഓട്ടിസം (Autism)<br>7. പഠനവൈകല്യം (Learning Disorder)<br>8. എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)<br>9. Congenital Hypothyroidism, Sickle Cell Anaemia, Beta Thalassemia (ബീറ്റാ തലസീമിയ) (Optional)<br><br>**<u>പദ്ധതിയുടെ ഗുണഭോക്താക്കൾ</u>**<br><br>സർക്കാർമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾവഴിയും മെഡിക്കൽ കോളേജുകളും ശ്രീചിത്ര അടക്കമുള്ള ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. നവജാതശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന ജനിതകരോഗങ്ങൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്. | | | |

| | | | | | |
|---|---|---|---|---|---|
| | | നവജാതശിശുക്കളെ ഡോക്ടർമാരും അനുബന്ധ ആരോഗ്യ പ്രവർത്തകരും പൊതുജനാരോഗ്യകേന്ദ്രങ്ങളിലും ആറ് ആഴ്ച വരെ പ്രായമായ കുഞ്ഞുങ്ങളെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN), ജൂനിയർ ഹെൽത്ത് ഇൻസ്പെക്റ്റർ (JHI) മുതലായവർ വീടുകളിൽ വച്ചും ആറ് ആഴ്ച മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ സ്കൂൾ, ഹെൽത്ത് നഴ്സുമാർ അങ്കണവാടിയിൽവച്ചും സ്കൂളിൽവച്ചും പരിശോധിക്കുന്നു. ആരോഗ്യപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെനിന്നും വിദഗ്ദ്ധചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്യുന്നു. | | | |
| 4 | **ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC)** | കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും വൈകല്യങ്ങളെയും കാലേകൂട്ടി തിരിച്ചറിയാനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കാനുമായി എല്ലാ ജില്ലയിലും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി). സ്പെഷ്യലിസ്റ്റുകളായ ശിശുരോഗവിദഗ്ദ്ധർ, ഡെന്റൽ സർജൻ, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ഡെന്റൽ ഹൈജിനിസ്റ്റ് തുടങ്ങിയ വിദഗ്ദ്ധരായ ജീവനക്കാരെ ഓരോ ഡി.ഇ.ഐ.സി.യിലും നിയമിച്ചിട്ടുണ്ട്.<br>ആശുപത്രിയിൽ നിന്നു റഫർ ചെയ്ത കുഞ്ഞുങ്ങൾക്ക് ഡി.ഇ.ഐ.സി.യിൽനിന്നു വേണ്ട ചികിത്സ നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർനിരീക്ഷണം നടത്തുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റെഫർ ചെയ്യുന്നു. | | | 1 തിരുവനന്തപുരം ജനറൽ ആശുപത്രി, തിരുവനന്തപുരം deictvm@gmail.com<br>2 കൊല്ലം ഗവ. വിക്റ്റോറിയ ആശുപത്രി കൊല്ലം deickollam@gmail.com<br>3 പത്തനംതിട്ട താലൂക്കാശുപത്രി, തിരുവല്ല deicpta@gmail.com<br>4 ആലപ്പുഴ ജനറൽ ആശുപത്രി ഇരുമ്പുപാലം, ആലപ്പുഴ deicalpy@gmail.com<br>5 കോട്ടയം ജനറൽ ആശുപത്രി കോട്ടയം deicmktym@gmail.com<br>6 ഇടുക്കി ജില്ലാ ആശുപത്രി ചെറുതോണി, ഇടുക്കി deicidukki@gmail.com |

| | | | | | |
|---|---|---|---|---|---|
| | | **സേവനങ്ങൾ:**<br>1. ജനനം മുതൽ 18 വയസ്സുവരെയുള്ള, വൈകല്യങ്ങളുള്ള കുട്ടികളെ ഈ സ്ഥാപനങ്ങളിലേക്ക് റെഫർ ചെയ്യുമ്പോൾ വിദഗ്ദ്ധ പീഡിയാട്രീഷ്യനും മെഡിക്കൽ ഓഫീസറും സമഗ്രമായ പരിശോധന നടത്തുന്നു. തുടർന്ന് ആവശ്യാനുസരണം സ്ഥാപനത്തിലെ വിദഗ്ദ്ധരുടെ സമീപത്തേക്ക് ചികിത്സയ്ക്കായി അയയ്ക്കുന്നു.<br>2. കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് ഓഡിയോളജിസ്റ്റിന്റെയും സ്പെഷ്യൽ എഡ്യൂക്കേറ്ററുടെയും സേവനം ലഭ്യമാക്കുന്നു. ഈ കുട്ടികൾക്ക് ആഴ്ചതോറുമോ മാസംതോറുമോ തുടർ ചികിത്സ വേണ്ടിവരും. ഈ ചികിത്സ എല്ലാംതന്നെ പരിപൂർണ്ണമായി സൗജന്യമാണ്.<br>3. ജന്മനാ കാല്പാദം ഉള്ളിലേക്കു വളഞ്ഞിരിക്കുന്ന അവസ്ഥ (Talipes) ഉള്ള കുഞ്ഞുങ്ങൾക്ക് ഓർത്തോസിസ് ലഭ്യമാക്കുന്നു. ഇതിനായി ആശുപത്രിയിൽത്തന്നെ പ്രവർത്തിച്ചുവരുന്ന പി.എം.ആർ. ഡിപ്പാർട്ട്മെന്റിന്റെ സഹായം ലഭ്യമാണ്. സെറിബ്രൽ പാൽസി, മോട്ടോർ ന്യൂറോൺ ഡിസോഡേഴ്സ് തുടങ്ങിയ വൈകല്യങ്ങൾക്ക് സ്ഥാപനത്തിലെ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാണ്.<br>4. കേൾവിക്കുറവും കാഴ്ചക്കുറവുമുള്ള കുട്ടികൾക്കുവേണ്ട നിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ കണ്ണടയും ശ്രവണസഹായിയും ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഡി.ഐ.ഇ.സി.യിൽ ഒപ്റ്റോമെട്രിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവർക്കാണ് ഈ പ്രവർത്തനങ്ങളുടെ ചുമതല.<br>5. ഡി.ഐ.ഇ.സി.യിൽ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട പ്രശ്നമുള്ള കുട്ടികൾക്ക് തുടർചികിത്സ അത്യന്താപേക്ഷിതമാണ്. ഒരു കുഞ്ഞ് ഈ തുടർചികിത്സയ്ക്കായി മാസംതോറുമോ ആഴ്ചതോറുമോ സ്ഥാപനത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെയോ സ്പീച്ച് തെറാപ്പിസ്റ്റിന്റെയോ | | | 7 എറണാകുളം ജനറൽ ആശുപത്രി<br>കൊച്ചി, എറണാകുളം<br>ekmdeic@gmail.com<br><br>8 തൃശൂർ ജില്ലാ ആശുപത്രി പഴയ ജില്ലാ ആശുപത്രി വളപ്പ്, സ്വരാജ് റൗണ്ട് ഈസ്റ്റ്, തൃശൂർ<br>deictsr@gmail.com<br><br>9 പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്<br>deicmlpm@gmail.com<br><br>10 മലപ്പുറം താലൂക്കാശുപത്രി, തിരൂരങ്ങാടി<br>deicpkd@gmail.com<br><br>11 കോഴിക്കോട് ജനറൽ ആശുപത്രി ബീച്ചിന് എതിർവശം, കോഴിക്കോട്<br>deickkd@gmail.com<br><br>12 വയനാട് ജനറൽ ആശുപത്രി ബിൽഡിങ് നമ്പർ:204(2), കൈനാട്ടി, കല്പറ്റ വടക്ക്<br>deicwayanad2014@gmail.com<br><br>13 കണ്ണൂർ ജില്ലാ ആശുപത്രി<br>കണ്ണൂർ<br>deic.knr@gmail.com<br><br>14 കാസർകോട് ജില്ലാ ആശുപത്രി ബല്ല പി.ഒ., ചെമ്മട്ടവയൽ, കാഞ്ഞങ്ങാട്<br>deicksd@gmail.com |

<table>
<tr><td></td><td></td><td>ഫിസിയോതെറാപ്പിസ്റ്റിന്റെയോ അടുക്കൽവരണം. സ്വകാര്യസ്ഥാപനങ്ങളിൽ വലിയ ചെലവുവരുന്ന ഇത്തരം ചികിത്സകൾ ഡി.ഐ.ഇ.സി.യിൽ തികച്ചും സൗജന്യമായാണ് ചെയ്തുവരുന്നത് എന്നതാണ് ഇതിന്റെ സവിശേഷത.<br><br>ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ</td><td></td><td></td><td></td></tr>
<tr><td>5</td><td>ദേശീയ ആരോഗ്യ പ്രതി രോധ വാക്സിനേഷൻ പരിപാടി</td><td>കുട്ടികളെ പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദവും സുരക്ഷിതവുമായ മാർഗ്ഗം വാക്സിനുകളാണ്. കുഞ്ഞിന്റെ ആരോഗ്യത്തിന് ഇത്തരം വാക്സിനേഷനുകൾക്ക് പ്രധാന സ്ഥാനമുണ്ട്. വാക്സിനുകൾ മാരകമായേക്കാവുന്ന പല പകർച്ചവ്യാധികളെ തടയുകയും, ഇതുവഴി കുഞ്ഞിന്റെ ആരോഗ്യം ഉറപ്പുവരുത്തുകയും ചെയ്യും.<br><br>കുത്തിവയ്പ്പിൽ കൂടി പോളിയോ, ടെറ്റനസ്, ഡിഫ്തീരിയ തുടങ്ങിയ മാരകമായ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുക മാത്രമല്ല, കുട്ടികളിൽ നിന്ന് കുട്ടികളിലേയ്ക്ക് പടരുന്ന അപകടകരമായ രോഗങ്ങളെ ഇല്ലാതാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതിലൂടെ മറ്റ് കുട്ടികളെ സുരക്ഷിതമായി സൂക്ഷിക്കുന്നു.<br><br>രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് കുട്ടികളിൽ രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നു. ഇത്തരം വാക്സിനേഷനുകൾ നല്കുന്നത് പരിചയസമ്പന്നരായ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമായിരിക്കണം.<br><br><table><tr><td>ജനന സമയത്ത്</td><td>ബി.സി.ജി.</td></tr><tr><td></td><td>ഹെപ്പറ്റൈറ്റസ് - ബി</td></tr><tr><td></td><td>ഒ.പി.വി - സീറോ ഡോസ്</td></tr><tr><td>6 ആഴ്ച</td><td>പെന്റാവാലന്റ് - 1</td></tr></table></td><td></td><td></td><td></td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | ഒ.പി.വി–1, ഐ. പി.വി – 1 | | | |
| | | | റോട്ടാ വൈറസ് വാക്സിൻ – 1 | | | |
| | | 10 ആഴ്ച | പെന്റാവാലന്റ് – 2 | | | |
| | | | ഒ.പി.വി–2 | | | |
| | | | റോട്ടാ വൈറസ് വാക്സിൻ – 2 | | | |
| | | 14 ആഴ്ച | പെന്റാവാലന്റ് – 3 | | | |
| | | | ഒ.പി.വി–3, ഐ. പി.വി – 2 | | | |
| | | | റോട്ടാ വൈറസ് വാക്സിൻ – 3 | | | |
| | | 9 മാസം | എം.ആർ.വാക്സിൻ, വൈറ്റമിൻ –എ | | | |
| | | 16 മുതൽ 24 മാസം വരെ | എം.ആർ.2/എം.എം. ആർ. വാക്സിൻ, | | | |
| | | | ജെ.ഇ.വാക്സിൻ | | | |
| | | | ഡി.പി.റ്റി. ബൂസ്റ്റർ – 1, | | | |
| | | | ഒ.പി.വി ബൂസ്റ്റർ | | | |
| | | 9 മാസം മുതൽ 6 മാസം ഇട വിട്ട് | വൈറ്റമിൻ എ | | | |
| | | ഗർഭിണി കൾക്ക് | ഡിഫ്തീരിയ–ടെറ്റനസ് | | | |
| | | | വാക്സിൻ (റ്റി.ഡി. –1, റ്റി.ഡി.–2) | | | |
| 6 | **ഹൃദ്യം** | **ദേശീയ ആരോഗ്യദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ബി.എസ്.കെ പദ്ധതി പ്രകാരം കുട്ടികളിലെ ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷി** | | | | |

| | | | | | |
|---|---|---|---|---|---|
| | | ക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ സോഫ്റ്റ് വെയറിന് നൽകിയിരിക്കുന്ന പേരാണ് ഹൃദ്യം<br><br>**<u>പ്രവർത്തന രീതി</u>**<br><br>കുട്ടികളെ ഹൃദ്രോഗം കണ്ടെത്തുന്നതിനായി താഴെപ്പറയും പ്രകാരം സ്ക്രീനിംഗ് നടത്തുന്നതാണ്.<br><br>1. ഡെലിവറി പോയന്റുകളിലെ സ്ക്രീനിംഗ്: സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും ആർ.ബി.എസ്.കെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള visible & functional birth defect സ്ക്രീനിംഗിന് വിധേയരാക്കുന്നു. ഇതിൽ ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ഒരു ശിശുരോഗവിദഗ്ദന്റെ സഹായത്തോടെ, ECHO ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെതന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ഇത്തരം കുട്ടികൾക്ക് ഹൃദ്യം എന്ന സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.<br><br>2. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശന വേളയിൽ കുട്ടികളെ പരിശോധിക്കുന്നതിലൂടെയും, അംഗൻവാടികളിലും,സ്കൂളുകളിലും നടത്തപ്പെടുന്ന ആർ.ബി.എസ്.കെ സ്ക്രീനിംഗ് വഴിയും ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണമുള്ള കുട്ടികളെ കണ്ടെത്തി, രോഗനിർണ്ണയത്തിനായി ശിശുരോഗവിദഗ്ദന്റെ അടുക്കലേക്ക് എത്തിച്ച്, ECHO ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾ വഴി എത്രയും വേഗം രോഗനിർണ്ണയം സാധ്യമാക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| 7 | **ശലഭം**<br>**(Comprehensive Newborn Screening Programme)** | 99 ശതമാനം പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്ന നമ്മുടെ നാട്ടിൽ നവജാത ശിശുക്കളുടെ സമഗ്ര ആരോഗ്യ പരിശോധനയിലൂടെ അവരുടെ അസുഖങ്ങൾ കാലേകൂട്ടി കണ്ടെത്തുന്നതിനും, കൃത്യമായ ഇടപെടൽ നടത്തി ചികിത്സ ഉറപ്പ് വരുത്തുന്നതിനും ഫോളോഅപ്പ് നടപടികൾ ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യപൂർണ്ണമായ അതിജീവനത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്.<br><br>**<u>Comprehensive Newborn Screening Programme</u>**<br><br>ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും സമഗ്രമായ പരിശോധനയ്ക്ക് വിധേയരാക്കുന്നു. വിവിധതരം പരിശോധനകൾ താഴെ ചേർക്കുന്നു.<br><br>1. **Visible Birth Defect സ്ക്രീനിംഗ്-** ജനിച്ച് 24 മണിക്കൂറിനുള്ളിൽ പരിശോധിക്കപ്പെടുന്നു.<br>2. **Pulse oximetric സ്ക്രീനിംഗ്** -ജന്മനായുള്ള ഹൃദ്രോഗബാധ തിരിച്ചറിയുന്നതിന്, 24-48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു.<br>3. **OAE (ഓട്ടോ അക്വസ്റ്റിക്ക് എമിഷൻ) സ്ക്രീനിംഗ്** - കേൾവി പരിശോധന;- 24-48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു.<br>4. **IEM രക്തപരിശോധന-** ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന് - 48 മണിക്കൂറിനുള്ളിൽ /അല്ലെങ്കിൽ ഡിസ്ചാർജിന് മുൻപ്<br><br>മേൽപ്പറഞ്ഞ തരത്തിൽ സമഗ്ര ആരോഗ്യ പരിശോധന തല മുതൽ കാല്പാദം വരെ നടത്തേണ്ടതാണ്. ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച സ്റ്റാഫ് നഴ്സ് അല്ലെങ്കിൽ ആർ.ബി.എസ്.കെ നഴ്സുമാരാണ് ഇത്തരത്തിൽ പരിശോധന നട | | | |

| | | | | | |
|---|---|---|---|---|---|
| | | ത്തേണ്ടത്. പ്രവർത്തനങ്ങൾ എല്ലാം തന്നെ പീഡിയാട്രിഷൻ/മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്. | | | |
| 8 | ദിശ (District Infra Structure Scheme Advisory) | നാഷണൽ ഹെൽത്ത് മിഷന്റെയും (എ.എച്ച്.എം) ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെയും സംയുക്ത സംരംഭമാണ് ദിശ - 1056, ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം, കൗൺസിലിംഗ്, വിവരസേവനം എന്നിവ നൽകുന്ന മുഴുവൻ സമയവും പ്രവർത്തിക്കുന്ന (24 x 7) ടെലി ഹെൽത്ത് ഹെൽപ്പ് ലൈനാണ് ഇത്.<br>മെച്ചപ്പെട്ട ജീവിതവും നല്ല ആരോഗ്യവും വളർത്തിയെടുക്കുന്നതിന് പ്രസക്തവും ആധികാരികവും സാധുതയുള്ളതുമായ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉപയോഗിച്ച് സമൂഹത്തെ ബോധവത്കരിക്കുക, ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ, സമഗ്ര ആരോഗ്യ പരിജ്ഞാനം, ശരിയായ മാർഗ്ഗനിർദ്ദേശം, വൈകാരികത എന്നിവ നൽകികൊണ്ട് ജനങ്ങളുടെ ആരോഗ്യനിലയും ജീവിതനിലവാരവും മെച്ചപ്പെടുത്തുകയാണ് ദിശയുടെ ലക്ഷ്യം. ആരോഗ്യകരമായ ജീവിതശൈലി, സാമൂഹിക, ശാരീരിക, മാനസിക ക്ഷേമം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങളിൽ വ്യക്തിക്കും സമൂഹത്തിനും പിന്തുണയും ഉപദേശവും നൽകുന്നു. | | | |
| 9 | ഭൂമിക പദ്ധതി | ലിംഗ പദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് (Gender Based Violence) ഇരയാകുന്നവർക്ക് വൈദ്യസഹായവും നിയമസഹായവും കൗൺസിലിങ്ങും നൽകുന്നതിനായി കേരളത്തിലെ പ്രധാന ആശുപത്രികളിൽ 2009 ഡിസംബർ മുതൽ ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി ഭൂമിക ജെന്റർ ബെയ്സ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ (Gender Based Violence Management Centre – GBVMC) പ്രവർത്തനം ആരംഭിച്ചു. | | | |

| | | | | | |
|---|---|---|---|---|---|
| | | **ഭൂമിക സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ:**<br><br>1. അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ആരോഗ്യ പരിചരണവും കൗൺസിലിങ്ങും<br>2. അതിക്രമങ്ങൾക്ക് ഇരയായി ആശുപത്രിയിൽ എത്തുന്നവരെ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കൽ.<br>3. ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനങ്ങൾ.<br>4. അതിക്രമത്തിന് ഇരയായവരെ സഹായിക്കുന്നതിന് മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ (ഉദാ-സാമൂഹിക ക്ഷേമ വകുപ്പ്, വനിതാസെൽ, ഷെൽറ്റർ ഹോം, ജാഗ്രതാ സമിതി, സന്നദ്ധ സംഘടനകൾ)<br>5. അതിക്രമത്തിന് ഇരയായി വരുന്നവർക്ക് ആവശ്യമാണെങ്കിൽ മറ്റു സേവനങ്ങൾ (നിയമസഹായം, താമസ സൗകര്യം)<br>6. കൗൺസിലിങ് സേവനങ്ങൾ, ആവശ്യമെങ്കിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം<br><br>ഭൂമിക സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൗൺസിലിങ്ങ് നൽകുന്നതിനുമായി വനിതാ കൗൺസിലർമാരെയും കോ ഓർഡിനേറ്ററെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമസഹായം ആവശ്യമുള്ള കേസുകൾ ജില്ലാ ലീഗൽ സർവ്വീസസ്സ് അതോറിറ്റിയിലെ എംപാനൽ ചെയ്ത അഭിഭാഷകർക്ക് റഫർ ചെയ്യുന്നു. പോലീസിന്റെ സഹായം ആവശ്യമുള്ള കേസുകൾ പോലീസിലേയ്ക്കും നിയമപരമായി സംരക്ഷണം ആവശ്യമുള്ള കേസുകൾ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും റഫർ ചെയ്യുന്നുണ്ട്. | | | |

## XIV എൻ.സി.സി. വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതിയുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| | **എൻ.സി.സി. കേഡറ്റുകൾക്ക് സംസ്ഥാനസർക്കാർ നൽകിവരുന്ന സാമ്പത്തികാനുകൂല്യങ്ങൾ** | **അർഹതാമാനദണ്ഡം:** എൻ.സി.സി. സംഘടിപ്പിക്കുന്ന ഓരോ ഇനങ്ങളിൽ (ക്യാമ്പുകൾക്ക്) ചിലതിൽ പങ്കെടുക്കുന്നവർക്കും മറ്റ് ചിലതിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കുമാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ആനുകൂല്യത്തിന് അർഹത. | അതാത് സാമ്പത്തിക വർഷം | **അപേക്ഷിക്കേണ്ട വിധം:** നിശ്ചിത അപേക്ഷയോടൊപ്പം ക്യാമ്പിൽ പങ്കെടുത്ത സർട്ടിഫിക്കറ്റും അനുബന്ധരേഖകളും ഉൾപ്പെടുത്തണം.<br><br>അതാത് എൻ.സി.സി. യൂണിറ്റ്/എൻ.സി.സി. ബറ്റാലിയൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത് | **ആസ്ഥാനവിലാസം:** എൻ.സി.സി. ഡയറക്ടേറ്റ് വഴുതക്കാട്, തിരുവനന്തപുരം. ഫോൺ: 0471-2721278<br><br>**ഇ-മെയിൽ:** nccjsest@gmail.com<br><br>**വെബ്സൈറ്റ് :** www.keralancc.org |
| 1 | **റിപ്പബ്ലിക് ദിന ഗാർഡ് ഓഫ് ഓണർ** | ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന ഗാർഡ് ഓഫ് ഓണറിനു പങ്കെടുക്കുന്ന ഓരോ കുട്ടിക്കും 500 രൂപ വീതം നൽകുന്നു. | | | |
| 2 | **കേന്ദ്രീകൃത ക്യാമ്പുകൾ** | കേന്ദ്രീകൃതമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 500 രൂപയും രണ്ടാം സ്ഥാനം നേടുന്ന കുട്ടിക്ക് 250 രൂപയും മൂന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 100 രൂപയും നൽകുന്നു. | | | |
| 3 | **മുഖ്യമന്ത്രിയുടെ സ്കോളർഷിപ്പ്** | 1. യൂണിറ്റ് തലത്തിൽ ഒരു സീനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു സീനിയർ വിങ് പെൺകുട്ടിക്കും 100 രൂപ പ്രതിമാസം ഒരു വർഷത്തേക്ക് | | | |

| | | | | | |
|---|---|---|---|---|---|
| | | നൽകുന്നു. ഒരു ജൂനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു ജൂനിയർ വിങ് പെൺകുട്ടിക്കും 50 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്ക് നൽകുന്നു.<br>2. ഗ്രൂപ്പ് തലത്തിൽ ഒരു സീനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു സീനിയർ വിങ് പെൺകുട്ടിക്കും 200 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്ക് നൽകുന്നു. ഒരു ജൂനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു ജൂനിയർ വിങ് പെൺകുട്ടിക്കും മാസം 100 രൂപ വീതം ഒരു വർഷത്തേക്ക് നൽകുന്നു. | | | |
| 4 | **കിറ്റിങ് അലവൻസ്** | നാഷണൽ ഡിഫൻസ് അക്കാദമി/ഇന്ത്യൻ മിലിട്ടറി അക്കാദമി/ഓഫീസർ ട്രെയിനിങ് അക്കാദമി/എയർഫോഴ്സ് അക്കാദമി/നേവൽ അക്കാദമി എന്നിവിടങ്ങളിൽ സെലക്ടാകുന്ന ഓരോ എൻ.സി.സി. കേഡറ്റിനും 1000 രൂപ വീതം കിറ്റിങ് അലവൻസായി നല്കുന്നു. | | | |
| 5 | **ഡിഫൻസ് അക്കാദമി പഠനത്തിന്** | നാഷണൽ ഡിഫൻസ് അക്കാദമിയിൽ തെരഞ്ഞെടുക്കപ്പെ ടുന്ന ഓരോ എൻ.സി.സി. കേഡ റ്റിനും പ്രതിമാസം 100 രൂപ വീതം മൂന്നു വർഷത്തേക്ക് നൽകുന്നു. | | | |
| 6 | **അക്കാദമി പഠനത്തിനുള്ള പ്രതിമാസസഹായം** | ഓഫീസർ ട്രെയിനിങ് അക്കാഡമി/ഇന്ത്യൻ മിലിട്ടറി അക്കാഡമി/എയർഫോഴ്സ് അക്കാഡമി/നേവൽ അക്കാഡമി എന്നിവിടങ്ങളിൽ നിന്ന് സെലക്ടാകുന്ന എൻ.സി.സി. കേഡറ്റിനു പ്രതിമാസം 150 രൂപ ട്രെയിനിങ്ങിന്റെ അവസാനം സ്റ്റൈപന്റ് കിട്ടുന്നതുവരെ നൽകുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| 7 | **തെരഞ്ഞെടുപ്പു പരീക്ഷാകോച്ചിങ്** | നാഷണൽ ഡിഫൻസ് അക്കാഡമി/ഇന്ത്യൻ മിലിട്ടറി അക്കാഡമി/ഓഫീസർ ട്രെയിനിങ് അക്കാഡമി/എയർഫോഴ്സ് അക്കാഡമി/നേവൽ അക്കാഡമി എന്നീ പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന എൻ.സി.സി. കേഡറ്റുകൾക്ക് സർവ്വീസ് സെലക്ഷൻ ബോർഡ് കോച്ചിങ്ങിനുവേണ്ടി 1000 രൂപ നല്കുന്നു. | | | |
| 8 | **വിദേശപര്യടനസഹായം** | വിദേശപര്യടന ക്യാമ്പിന് (യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം) തെരഞ്ഞെടുക്കുന്ന എൻ.സി.സി. കേഡറ്റിന് 3000 രൂപ നൽകുന്നു. | | | |
| 9 | **വിദ്യാഭ്യാസത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ** | 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് ഉള്ളവർക്ക് യഥാക്രമം 3,5,5 ബോണസ് മാർക്കു കൂടി അധികമായി ലഭിക്കുന്നു.<br><br>a) 10% ഗ്രേസ്മാർക്ക് എസ്.എസ്.എൽ.സി/റ്റി.എച്ച്.എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന കേഡറ്റുകൾക്ക് അധികമായി ലഭിക്കുന്നവർ യഥാക്രമം സർട്ടിഫിക്കറ്റ് എ പാസ്സാവുകയും RDC/TSC/NSC/VSC/BLC/IDC/RCTC/TREKKING/ALC/NIC എന്നിവയിൽ ഒന്നിൽ പങ്കെടുക്കുകയോ കൂടാതെ കോർപറൽ റാങ്കിൽ കുറയാതെ ഉള്ളവർക്ക് അർഹത. എൻ.സി.സി പരേഡിൽ പങ്കെടുത്ത് 75% അറ്റൻഡൻസുള്ള എല്ലാ കേഡറ്റുകൾക്കും 5% വീതം ഗ്രേസ് മാർക്ക് ലഭിക്കും. | | | |

| | | | | | |
|---|---|---|---|---|---|
| | | b) 10% ഗ്രേസ് മാർക്ക് പ്ലസ് ടൂ/വി. എച്ച്.എസ്.ഇ പരീക്ഷയെഴുതുന്ന കേഡറ്റുകൾക്ക് അധികമായി ലഭിക്കുന്നവർ യഥാക്രമം A/B സർട്ടിഫിക്കറ്റ് പാസ്സാവുകയും, RDC/IDC/NIC/VSC/ BLC/RCTC/Trekking/ ALC/NIC എന്നിവയിൽ ഏതെങ്കിലും ഒന്നിൽ പങ്കെടുക്കുകയോ, കോർപറൽ റാങ്കിൽ കുറയാതെയോ ഉള്ളവർക്ക് അർഹത ലഭിക്കും. എൻ.സി.സി പരേഡിൽ പങ്കെടുത്ത് 75% അറ്റൻഡൻസുള്ള എല്ലാ കേഡറ്റുകൾക്കും 5% വീതം ഗ്രേസ് മാർക്ക് ലഭിക്കും<br><br>(i) എസ്.എസ്.എൽ.സി, പ്ലസ് ടു/വി.എച്ച്.എസ്.ഇ എന്നീ കോഴ്സുകളിൽ പഠിക്കുന്ന എൻ.സി.സി കേഡറ്റുകൾ എല്ലാ വർഷവും മാർച്ച് 10-ാം തീയതിക്ക് മുമ്പായി അതാത് ബെറ്റാലിയനുകളിൽ ഡയറക്ടറേറ്റ് നിർദ്ദേശിച്ചിരിക്കുന്ന ഫോമിൽ യോഗ്യതയുള്ളവർ അപേക്ഷ സമർഷിക്കേണ്ടതാണ്.<br>(ii) എ,ബി ദേശീയ ക്യാമ്പ് സർട്ടിഫിക്കറ്റ് എന്നിവയുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ പരീക്ഷാ അധികാരികൾ അംഗീകരിക്കുന്നില്ല. ആയതിനാൽ കേഡറ്റുകളും യൂണിറ്റ് അധികാരികളും പ്രൊവിഷണൽ സർട്ടിഫിക്കറ്റിൽ ഗ്രേസ് മാർക്കിന് അപേക്ഷിക്കാൻ പാടില്ല. | | | |

| | | | | | |
|---|---|---|---|---|---|
| | | (iii)എ,ബി ദേശീയ ക്യാമ്പ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്ത് കേഡറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പരീക്ഷഭവന്റെയും, ഹയർസെക്കന്ററി പരീക്ഷ കമ്മീഷണറുടെയും നിർദ്ദേശങ്ങൾ പാലിക്കാത്ത അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.<br>c) (i) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബിരുദത്തിന് ഗ്രേസ് മാർക്ക് അനുവദിക്കും.<br>(ii) കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് അനുവദിക്കും.<br>(iii) കണ്ണൂർ യൂണിവേഴ്സിറ്റി ബിരുദത്തിന് ഗ്രേസ് മാർക്ക് അനുവദിക്കും.<br>(iv)കേരള യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് അനുവദിക്കും.<br>(v) യൂണിവേഴ്സിറ്റി കോഴ്സുകൾക്കുള്ള ഗ്രേസ് മാർക്കിന് അർഹതയുള്ള കേഡറ്റുകൾ അതാത് വർഷം അപേക്ഷിച്ച് സർട്ടിഫിക്കറ്റിനോട് ഗ്രേസ് മാർക്ക് ചേർക്കേണ്ടതാണ്. | | | |

## XV കായിക-യുവജനകാര്യ വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതിയുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **കായികോപകരണങ്ങൾ വാങ്ങാനും മത്സരങ്ങൾ സംഘടിപ്പിക്കാനും കോച്ചിങ് ക്യാമ്പിൽ പങ്കെടുക്കാനും ധനസഹായം** | 1. സംസ്ഥാനത്ത് കായികവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്കും സംഘടനകൾക്കും സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും കായികോപകരണങ്ങൾ വാങ്ങാനും ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങാനും ധനസഹായം അനുവദിക്കുന്നു.<br><br>2. ദേശീയനിലവാരം പുലർത്തുന്ന കായികതാരങ്ങൾക്ക് ടൂർണമെന്റുകളിൽ പങ്കെടുക്കാനും കായികോപകരണങ്ങൾ വാങ്ങാനും കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കാനും.<br><br>3. വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കായികവികസനത്തിനായി ട്രെയിനിങ്, കോച്ചിങ്, ക്യാമ്പ് സംഘടിപ്പിക്കാൻ ധനസഹായം നല്കുന്നു. | അതാത് സാമ്പത്തിക വർഷം | **അപേക്ഷിക്കേണ്ട വിധം:** കായിക, യുവജന കാര്യാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന നിശ്ചിത അപേക്ഷാ ഫോമിലാണ് അപേക്ഷിക്കേണ്ടത്<br><br>**അപേക്ഷാഫോം:**<br>www.sportskerala.org<br><br>എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. | കായിക യുവജനകാര്യ ഡയറക്ടറേറ്റ്, **ജിമ്മി ജോർജ്ജ് ഇൻഡോർ** സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം 69503<br>**ഫോൺ:** 0471-2326644<br><br>**ഇ-മെയിൽ:**<br>dsyagok@gmail.com<br><br>**വെബ്സൈറ്റ്:**<br>www.sportskerala.org |

## XVI കൃഷി വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതിയുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **പച്ചക്കറി വികസന പദ്ധതി** | വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ എന്നിവർക്ക് പച്ചക്കറിവിത്ത് വിതരണം നല്കുന്നതിലൂടെ 10 രൂപയുടെ പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകുന്നു | അതാത് സാമ്പത്തിക വർഷം | കൃഷിഭവനും പത്ര മാദ്ധ്യമങ്ങളും മുഖേന പരസ്യം നല്കിയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന അറിയിപ്പു നല്കിയും | മാനേജിങ് ഡയറക്ടർ<br>വികാസ് ഭവൻ,<br>തിരുവനന്തപുരം<br>ഫോൺ : 0471-2304480<br><br>**ഇ-മെയിൽ :**<br>krishidirector@gmail.com<br><br>**വെബ്സൈറ്റ് :**<br>www.keralaagriculture.gov.in |

## XVII ക്ഷീരവികസന വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതിയുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **വിദ്യാഭ്യാസധനസഹായം (എസ്.എസ്.എൽ.സി.)** | പഠനത്തിൽ മികവ് പുലർത്തുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1000 രൂപ അനുവദിക്കുന്നു. എസ്.എസ്.എൽ.സി, ഹയർസെക്കന്ററി, ഗ്രാജുവേഷൻ, പ്രൊഫഷണൽ എന്നീ തലങ്ങളിൽ മികച്ച നിലവാരത്തിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കാണ് ധനസഹായം അനുവദിക്കുന്നത്.<br><br>ക്ഷീരകർഷകക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കൾക്കാണ് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുള്ളത് | അതാത് സാമ്പത്തിക വർഷം | **അപേക്ഷിക്കേണ്ടവിധം:** നിശ്ചിത മാതൃകയിലുള്ള അപേക്ഷ, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ക്ഷീരസംഘം ഭരണസമിതിയുടെ തീരുമാനവും ഓൺലൈൻ മുഖേന ഹാജരാക്കണം. | ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം 695004<br>ഫോൺ: 0471-2440853<br><br>**ഇ-മെയിൽ:**<br>dir.dairy@gmail.com<br><br>**വെബ്സൈറ്റ്:**<br>www.kdfwf.org<br><br>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്, റ്റി.സി 26/1135, പി.എം.ജി റോഡ്, പട്ടം.പി.ഒ, തിരുവനന്തപുരം<br>ഫോൺ: 0471-2723671 |

## XVIII പട്ടികജാതി വികസന വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **പ്രീ മെട്രിക് വിദ്യാഭ്യാസം** | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി/മറ്റ് അർഹരായ വിദ്യാർത്ഥികൾക്ക് അതാത് അദ്ധ്യയന വർഷം സ്കൂൾ പ്രധാന അധ്യാപകൻ മുഖേന ലംപ്സം ഗ്രാന്റ് നൽകി വരുന്നു.<br><br>**ലംപ്സം ഗ്രാന്റ് നിരക്ക് :**<br><br>നഴ്സറി സ്കൂൾ - 500 രൂപ<br>1 മുതൽ 4 വരെ - 750 രൂപ<br>5 മുതൽ 7 വരെ - 900 രൂപ<br>8 മുതൽ 10 വരെ - 1000 രൂപ<br><br>വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ/ ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു പ്രതിമാസ സ്റ്റൈപന്റ് ആയി 200 രൂപ നല്കിവരുന്നു. | | | പട്ടികജാതിവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം<br>നന്ദാവനം,<br>തിരുവനന്തപുരം<br>ഫോൺ: 0471-2737253, 0471-2737251<br><br>**ഇ-മെയിൽ :** sc.directorate@gmail.com<br><br>**വെബ്സൈറ്റ്:** www.scdd.kerala.gov.in |
| 2 | **അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്.** | അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റ് അർഹരായ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് നൽകുന്നു.<br><br>**നിരക്ക് :**<br><br>എൽ.പി., യു.പി - 1,000 രൂപ<br>സ്പെഷ്യൽ ഫീസ് - 333 രൂപ | | | |

| | | | | | |
|---|---|---|---|---|---|
| | | ഹൈസ്കൂൾ ഫീസ് - 1500 രൂപ<br>സ്പെഷ്യൽ ഫീസ് - 500 രൂപ<br><br>വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള പട്ടികജാതി/മറ്റ് അർഹ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/ എ.ഇ.ഒ മേലൊപ്പോടെ ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പൽ/കോർപ്പറേഷൻ പട്ടിക ജാതി വികസന ഓഫീസിൽ നൽകണം. ഒരു അദ്ധ്യയനവർഷത്തെ തുക അടുത്ത വർഷം റീ-ഇംബേഴ്സ് ചെയ്തു നൽകും. | | | |
| 3 | **ബോർഡിങ് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം:** | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിങ് സ്കൂളുകളിൽ താമസിച്ചു പഠിക്കാൻ അഞ്ചാം ക്ലാസ് മുതൽ സൗകര്യം നല്കുന്നു. ഇതിനായി നാലാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി/മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ താഴെയായിരിക്കണം. | | | |
| 4 | **ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്** | മികച്ച വിദ്യാർത്ഥികൾക്ക് 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പത്താം ക്ലാസ് വരെ പ്രതിവർഷം 4,500 രൂപ സ്കോളർഷിപ്പ് നല്കുന്നു. അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കു നൽകേണ്ടതാകുന്നു.<br>അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാനം 1,00,000 രൂപയിൽ കൂടരുത്. കൂടാതെ 12,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങാൻ 2,000 രൂപ അധികമായി ഒറ്റത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്കു പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100 രൂപ പ്രകാരം 10 മാസത്തേക്ക് 1,000 രൂപ നൽകുന്നു. | | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവയും അപേക്ഷയോടൊപ്പം സമർപ്പിക്കണം. | |
| 5 | **മോഡൽ റസിഡൻഷ്യൽ സ്കൂൾ** | നാലാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാനാടിസ്ഥാനത്തിൽ മത്സര പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്നതു പ്രകാരം അഞ്ചാം ക്ലാസ് | | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നിലവിൽ പഠിക്കുന്ന | |

| | | | | | |
|---|---|---|---|---|---|
| | | മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനായി വകുപ്പിനു കീഴിൽ ഒൻപതു മോഡൽ റസി ഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.<br><br>രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000 രൂപ. | | സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. | |
| 6 | **പ്രീ മെട്രിക് ഹോസ്റ്റലുകൾ :** | പട്ടികജാതി വകുപ്പിന്റെ കീഴിൽ കുട്ടി കൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ സൗകര്യം നിലവിലുണ്ട്. ഹോസ്റ്റൽ വിവരങ്ങളുടെ പട്ടിക www.scdd.kerala.gov.in എന്ന വെബ്സൈ റ്റിൽ ലഭ്യമാണ്. ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് 200 രൂപ പോക്കറ്റ് മണി യായി നൽകുന്നു. കൂടാതെ 2 സെറ്റ് യൂണി ഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ് എന്നിവ അടക്കം നല്കിവരുന്നു. ഭക്ഷണത്തിനായി പ്രതിമാസം ഒരു കുട്ടിയ്ക്ക് 200 രൂപ വീതം പദ്ധതി പ്രകാരം ചെലവഴിയ്ക്കുന്നു. അഞ്ചാം ക്ലാസ് മുതലുള്ള കുട്ടികളാണ് ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി വരുന്നത്. | | | |
| 7 | **ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ: മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം.** | കായിക മേഖലയിൽ മികവു പുലർത്തുന്ന വർക്ക് അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെ പ്രത്യേക പരിശീലനം നൽകുന്ന സംവിധാന മാണ് ഇത്. | | | |
| 8 | **പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസിനു ശേഷം)** | **ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും:**<br>പ്ലസ് വൺ മുതൽ പഠനം നടത്തുന്നവർക്ക് പ്രതിമാസം 630 രൂപ സ്റ്റൈപന്റ് നിരക്കിലും, 8 കിലോമീറ്റർ കൂടുതൽ യാത്ര ചെയ്തു പഠനം നടത്തുന്ന കുട്ടികൾക്ക് 800 രൂപ സ്റ്റൈപന്റ് നിരക്കിൽ നല്കി വരുന്നു. കൂടാതെ, പ്ലസ് ടു വി.എച്ച്.എസ്. ഇ ക്ലാസുകളിൽ പഠി ക്കുന്ന കുട്ടികൾക്ക് 1400 രൂപ ലംപ്സം ഗ്രാന്റ് നിരക്കിൽ നല്കിവരുന്നു. | | ഈ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ. റ്റി.എം. വഴി ഇ-ഗ്രാന്റ് എന്ന പേരിൽ വിതരണം ചെയ്യു ന്നു. അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി സ്ഥാപന മേധാവിക്ക് നല്കണം. സ്ഥാപനമേധാവി അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നല്കുന്നു. | |

| | | | | | |
|---|---|---|---|---|---|
| | | | | ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കാനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമാണ് സ്ഥാപന മേധാവി അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടത്. | |
| 9 | **പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ :** | പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കായി പട്ടികജാതി വികസന വകുപ്പ് 18 ഹോസ്റ്റലുകൾ നടത്തിവരുന്നു. ഹോസ്റ്റൽ വിവരങ്ങളുടെ പട്ടിക www.scdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കുട്ടികളുടെ ഭക്ഷണ ചെലവിനായി പ്രതിമാസം ഒരാൾക്ക് പ്രതിമാസം 2,875 രൂപ ചെലവഴിക്കുന്നു. കൂടാതെ ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാബത്തയും, പോക്കറ്റ് മണിയായി 200 രൂപയും നൽകുന്നു. ഹോസ്റ്റലിൽ കായികവിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി എന്നിവ ലഭ്യമാണ്. | | | |
| 10 | **അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം :** | ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിങ് ഗ്രാന്റായി പ്രതിമാസം 1,500 രൂപ നൽകുന്നു. | | | |
| 11 | **പ്രത്യേക പ്രോത്സാഹന സമ്മാനം :** | വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. | | ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ സഹിതം ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം | |

| | | | | | |
|---|---|---|---|---|---|
| | | **നിരക്ക് :**<br><br>**കോഴ്സ്**<br>**ഫസ്റ്റ് ക്ലാസ്/ ഗ്രേഡ്  ഡിസ്റ്റിങ്ഷൻ/ ഗ്രേഡ്**<br><br>എസ്.എസ്.എൽ.സി<br>**1,500 രൂപ  2,500 രൂപ**<br><br>പ്ലസ് ടു റ്റി.റ്റി.സി. ഡിപ്ലോമ<br>**2,500 രൂപ  5,000 രൂപ**<br><br>ഡിഗ്രി<br>**3,500 രൂപ  7,500 രൂപ**<br><br>പി.ജി.മറ്റ് പ്രൊഫഷണൽ കോഴ്സുകൾ<br>**5,000 രൂപ  10,000 രൂപ** | | | |
| 12 | **റാങ്ക് ജേതാക്കൾക്കു സ്വർണ്ണ മെഡൽ** | പ്ലസ് ടൂ എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ലസ് ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അരപവൻ സ്വർണ്ണനാണയം നൽകി അനുമോദിക്കുന്നു. | | | |
| 13 | **മെഡിക്കൽ, എൻജിനിയറിങ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം.** | എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസ് ന് മുകളിൽ ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻജിനീയറിങ് പ്രവേശനപരീക്ഷകൾക്കു ദീർഘകാല കോച്ചിംഗിന് 20,000 രൂപവരെ ധനസഹായം നല്കിവരുന്നു. വിദ്യാർത്ഥികൾക്ക് നിലവാരമുള്ളതും ഇഷ്ടമുള്ളതുമായ സ്ഥാപനം തെരഞ്ഞെടുക്കാം രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപയാണ്. | | ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. | |
| 14 | **പ്രൈമറി എഡ്യൂക്കേഷൻ എയിഡ്** | ഈ പദ്ധതി പ്രകാരം ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ എയിഡഡ് സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ | | | |

| | | | | | |
|---|---|---|---|---|---|
| | | വാങ്ങാൻ പ്രത്യേക സഹായമായി 2,000 രൂപ നൽകിവരുന്നു. | | | |
| 15 | **ലാപ്ടോപ് വാങ്ങാൻ ധനസഹായം** | പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ ധനസഹായം അനുവദിക്കുന്നു. | | | |
| 16 | **ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി, തിരുവനന്തപുരം.** | അഖിലേൻഡ്യാ സർവ്വീസുകളിലേക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നല്കുന്ന പദ്ധതിയാണിത്. കേരള സിവിൽ സർവ്വീസ് അക്കാദമിയുമായി ചേർന്ന് 300 പേർക്കാണു പരിശീലനം നല്കുന്നത്. അക്കാദമിയുടെ ട്യൂഷൻ ഫീസ്, താമസച്ചെലവ് ഇനത്തിൽ പ്രതിമാസം 6,000 രൂപ പദ്ധതി പ്രകാരം വകുപ്പ് അനുവദിച്ചു നല്കുന്നു. അക്കാദമി നടത്തുന്ന മത്സരപ്പരീക്ഷയിലൂടെയാണ് പ്രവേശനം അനുവദിക്കുന്നത്. | | | |
| 17 | **പഠനയാത്ര പര്യടന പരിപാടി** | സംസ്ഥാനത്ത് ഹയർ സെക്കൻഡറി ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ചെലവായി പരമാവധി 4,000 രൂപ നൽകിവരുന്ന പദ്ധതിയാണിത്. സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷ പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും തുക അനുവദിക്കുന്നു. | | | |
| 18 | **സർഗോത്സവം :** | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000 രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി. | | | |

# XIX മൃഗസംരക്ഷണ വകുപ്പ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി-യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **സ്കൂൾ പൗൾട്രി ക്ലബ്** | തെരഞ്ഞെടുത്ത സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ അഞ്ചു മുതൽ ഒമ്പതു വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 5 വീതം കോഴിക്കുഞ്ഞുങ്ങളും തീറ്റയും ഉൾപ്പെടെ 650 രൂപയുടെ സഹായം നല്കുന്ന പദ്ധതി.<br><br>**അർഹതാമാനദണ്ഡം** : തെരഞ്ഞെടുത്ത ഓരോ സ്കൂളിലും 50 പേർക്കുവീതമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. | അതാത് സാമ്പത്തിക വർഷം | **അപേക്ഷിക്കേണ്ട വിധം:**<br><br>സ്കൂളധികൃതർ അതാതു ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെടുകയോ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിലും കൂടുതൽ വിവരങ്ങൾ ലഭ്യമാണ്. | **ആസ്ഥാനവിലാസം:**<br><br>ഡയറക്ടർ<br>മൃഗസംരക്ഷണ വകുപ്പ്<br>ഡയറക്ടറേറ്റ്<br>വികാസ്ഭവൻ,<br>തിരുവനന്തപുരം 695033<br>ഫോൺ: 0471- 2303683, 2303681<br><br>**ഇ-മെയിൽ:**<br>ah.ker@nic.in<br><br>**വെബ്സൈറ്റ്:**<br>www.ahd.kerala.gov.in |
| 2 | **'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് 'പദ്ധതി** | ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിലെ യു.പി. വിഭാഗത്തിലെ 8, 9 സ്റ്റാൻഡേർഡുകളിലെ 50,000 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഓരോ കുട്ടിക്കും 5 കോഴി, 5 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു | | | **കൂടുതൽ വിവരങ്ങൾക്ക്:**<br><br>കേരള പൗൾട്രി വികസന കോർപ്പറേഷൻ<br>ടി.സി 30/697, പേട്ട, തിരുവനന്തപുരം<br>695 024<br>ഫോൺ: 0471- 2478585, 2468585 |

# XX നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്

| നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിവരണം | പദ്ധതി യുടെ കാലാവധി | സമർപ്പിക്കേണ്ട ഫോറങ്ങൾ/ അനുബന്ധങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ്, ഫോൺ നമ്പർ & ഇ-മെയിൽ |
|---|---|---|---|---|---|
| 1 | **വൊക്കേഷണൽ & കരിയർ ഗൈഡൻസ്** | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെയും ലഭിക്കുന്ന ആനുകൂല്യങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ നൽകുന്നു. ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരുടെ ഭിന്നശേഷിയുടെ സ്വഭാവം, യോഗ്യത, അഭിരുചി, താൽപര്യം, കഴിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കും. | | അതാത് ജില്ലാ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത കുട്ടികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. | **ആസ്ഥാന വിലാസം:**<br><br>ഡയറക്ടർ<br>എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്,<br>തൊഴിൽ ഭവൻ, ആറാം നില, വികാസ്ഭവൻ.പി.ഒ.,<br>തിരുവനന്തപുരം 695033<br>ഫോൺ: 0471-2301389<br><br>**ഇ-മെയിൽ:**<br>deker.emp.lbr@kerala.gov.in<br><br>**വെബ്സൈറ്റ്:**<br>www.employment.kerala.gov.in |
| 2 | **കപ്പാസിറ്റി ബിൽഡിംഗ്** | ഉദ്യോഗാർത്ഥികൾക്കു സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വവികസനപരിശീലനം എന്നിവ ഈ രംഗത്തു പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലുമായി ബന്ധപ്പെട്ടു നൽകുന്നു. | | | |
| 3 | **മത്സരപ്പരീക്ഷാ പരിശീലനം (Training for Competitive Exams)** | സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് അറിയിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ നൽകുന്നതു മുതൽ ലക്ഷ്യത്തിലെത്തുന്നതുവരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കാനും മത്സരപ്പരീക്ഷകൾക്കു പ്രാപ്തരാക്കാനും ആവശ്യമായ തുടർപരിശീലനം നൽകാനും ഉദ്ദേശിക്കുന്നു. | | | |

കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ

**KERALA STATE**
**COMMISION FOR PROTECTION OF CHILD RIGHTS**

TC 14/2036, Sree Ganesh, Vanros Jn.
Kerala University P.O., THiruvananthapuram - 695034
Phone: 0471-2326603, 2326604, 2326605
Web: www.kescpcr.gov.in

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678